
# കാർമ്മെൽ

ജാനുവരി 1963 ത്രൈമാസികം




# CARMEL

JANUARY 1963 QUARTERLY

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്കു്

കാർമ്മലിൻെറ വരിപ്പണം ഇനിയും അയച്ചിട്ടില്ലാത്തവർ കുടിശ്ശികയുൾപ്പെടെ അയച്ചുതന്നു് ദയവായി സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

മാനേജർ, "കാർമ്മെൽ"
സെൻറ് ജോസഫ് പ്രസ്സ്,
തിരുവനന്തപുരം–14.

## കവർ ചിത്രം

കർമ്മലീത്താസഭയിലേയ്ക്കു് കുട്ടകാരെ ക്ഷണിക്കുന്ന

**ഞങ്ങളുടെ യോഗാർത്ഥികൾ**

# കാർമ്മൽ

വർഷം 16 പു. 16 | ജാനുവരി 1963 | ലക്കം 1

DHARMARAM COLLEGE BANGALORE 16164

## മംഗളം

തപിട്ടാളും "കാർമ്മ"ലേ! നിൻനിലയതി ശുഭഗം ഭൂരിചന്തം പ്രശാന്തം
കെട്ടും മട്ടും മനോജ്ഞം, "കവ"റതി രസികൻ, ലേഖകന്മാർ പ്രസിദ്ധർ,
പട്ടാംഗം കേൾ, വിശേഷാൽ പ്രതിയതു് ബഹുഭേഷ്! ഫാദറെ... ...കും
കോട്ടം വിട്ടോരു പത്രാധിപരുടെ തണലിൽ മാസികേ! വെൽക മേന്മേൽ.

റവ. ഫാ. ലേത്തുസ്, സി. എം. ഐ.

പത്രാധിപക്കുറിപ്പ്:

# നമ്മുടെ യുദ്ധത്തിൽ നാം വഹിക്കേണ്ട പങ്ക്

അപ്രഖ്യാപിതമായ ഒരു യുദ്ധം അതിർത്തിതർക്കത്തിന്റെ പേരിൽ ചൈനാ നമുക്കെതിരായി അഴിച്ചുവിട്ടിരിക്കയാണ്. ഇൻഡ്യയെപ്പോലെ അവികസിതമായ ഒരു രാജ്യത്തിന് ദീർഘകാലം യുദ്ധംചെയ്ത് അതിജീവിക്കുക കഴിവിൽ കവിഞ്ഞ കാര്യമത്രേ. നമ്മുടെ സകല കഴിവുകളും യുദ്ധത്തിനുവേണ്ടി കേന്ദ്രീകരിച്ചാലും, വിദേശ സഹായം കൂടാതെ ശത്രുവിനെ തുരത്തുക അസാദ്ധ്യമെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ടത്രേ ഇൻഡ്യയുടെ ചേരിചേരാനയം യുദ്ധകാല പരിതസ്ഥിതികൾക്കനുയോജ്യമായി പുനഃപരിശോധിക്കപ്പെടും എന്ന് പ്രധാനമന്ത്രി നെഹറുതന്നെ പ്രസ്താവിച്ചിട്ടുള്ളത്, എന്നാൽ എത്രമാത്രം വിദേശസഹായം ലഭിച്ചാലും, അവസാന വിജയം നമ്മുടെ ആത്മവീര്യത്തെയും ത്യാഗസന്നദ്ധതയെയും, സംഘടിത പരിശ്രമങ്ങളെയും ആശ്രയിച്ചിരിക്കും.

ഞങ്ങളുടെ
അഭ്യുദയകാംക്ഷികളെല്ലാവർക്കും
നവവത്സരമംഗളങ്ങൾ

ഇക്കാര്യം നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടാണ് നമ്മുടെ ദേശീയ നേതാക്കൾ ഭാരതജനതയെ ഒററക്കെട്ടായി ശത്രുവിനെതിരെ അണിനിരത്തുന്നത്. അക്രമരാഹിത്യം നമ്മുടെ അമൂല്യമായ ആദർശമെങ്കിലും, അഭിമാനം പണയംവച്ച് അതനുവർത്തിക്കുവാൻ ആർഷഭാരതം തയ്യാറല്ലെന്ന് നമ്മുടെ ശത്രുക്കളെയും ലോകത്തെയും നാം ഗ്രഹിപ്പിക്കണം.

ഈ ആപൽഘട്ടത്തിൽ തങ്ങളുടെ കർത്തവ്യമെന്തെന്ന് ആളുകൾ ശരിക്കു ഗ്രഹിച്ചുതുടങ്ങിയിരിക്കുന്നു എന്നതിന് തെളിവാണ് രാജ്യമാസകലം ഉണർന്നിരിക്കുന്ന സമരാഭിനിവേശം. ഒരു പ്രശ്നമായി പരിണമിച്ചിരുന്ന വൈകാരിക ദേശീയോദ്ഗ്രഥനം ചീനയുടെ ആക്രമണംകൊണ്ട് പരിഹൃതമായിരിക്കുന്നു. വികാരപരമായ കാരണങ്ങളിൽ നിന്നുളവാകുന്ന നിസ്സാരങ്ങളായ അഭിപ്രായവ്യത്യാസങ്ങളെ ചൊല്ലി കലഹി

ച്ചിരുന്നവർ, മാതൃരാജ്യത്തിന്റെ രക്ഷയുടെപേരിൽ ഇന്നൊന്നിച്ചിരിക്കുന്നു. ഭാരതജനതയ്ക്കിന്നൊരാവേശമേയുള്ളൂ: സകലതും സമരത്തിന്, സകലരും സമരരംഗത്തേയ്ക്കു്. തന്നിമിത്തം ഇതാ പണവും നിണവും, അർത്ഥവും ആളും, ആഭരണവും, ആയുധവും യുദ്ധഭൂമിയിലേയ്ക്കു പ്രവഹിക്കുന്നു. ഇവയെല്ലാം ഒഴിച്ചുകൂടാത്തവയാണു്. അവ ധാരാളം സമർപ്പിക്കപ്പെടുന്നതിനു് സകല പ്രോത്സാഹനങ്ങളും നാം നൽകണം. നമ്മുടെ അഭിവന്ദ്യ തിരുമേനിമാർ റോമായിൽനിന്നയച്ച സംയുക്ത ഇടയലേഖനത്തിൽ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്: "യഥാർത്ഥമായ രാജ്യഭക്തിയുടേയും യഥാർത്ഥമായ വിശ്വസ്തതയുടേയും ചൈതന്യപ്രകർഷത്തോടുകൂടി" നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി നെഹ്രുവിന്റെ നേതൃത്വത്തിലുള്ള ഗവർമ്മെൻറിനു് കത്തോലിക്കർ പരിപൂർണ്ണ സഹകരണം നൽകുവാൻ തിരുമേനിമാർ ആഹ്വാനം ചെയ്യുന്നു.

എന്നാൽ ഭൗതികമായ എല്ലാ സഹായങ്ങൾക്കും പുറമേ കത്തോലിക്കരായ നമുക്കു് ചില ആദ്ധ്യാത്മിക സഹായങ്ങൾ ചെയ്യുന്നതിനു കൂടുതൽ കടമയുണ്ടു്. ഇവ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും സഹായമാകുന്നു.

ഏററം നിസ്സാരമായ പ്രവൃത്തിപോലും ദൈവസഹായം കൂടാതെ ചെയ്യുക സാധ്യമല്ലെങ്കിൽ, വൻതോതിലുള്ള സമരസന്നാഹത്തോടുകൂടിവരുന്ന ശത്രുവിനെ ചെറുത്തു നിറുത്തുക, പരാജയപ്പെടുത്തി പലായനംചെയ്യിക്കുക—ഇവയെല്ലാം എമ്മാത്രം ദൈവാനുഗ്രഹം ആവശ്യമായിരിക്കുന്നു! ഇതു് തീക്ഷ്ണമായ പ്രാർത്ഥനകൊണ്ടേ ലഭിക്കുകയുള്ളൂ. വിശ്വാസ വെളിച്ചമുള്ള ഏവർക്കും അറിയാവുന്ന ഒരു കാര്യമത്രേ ഇതു്.

എന്നാൽ പ്രായശ്ചിത്തത്തിന്റെ പ്രാധാന്യവും ആവശ്യവും എല്ലാവരും ഒരുപോലെ ഗ്രഹിക്കാറില്ല. പ്രായശ്ചിത്തം മൂലം ഹൃദയശുദ്ധി വരുത്തിയാൽ പ്രാർത്ഥന കൂടുതൽ ഫലപ്രദമാകുന്നു, ദൈവാനുഗ്രഹങ്ങൾ നമ്മിലേയ്ക്കു് പ്രവഹിക്കുന്നതിനു് തടസ്സമായി നിൽക്കുന്നതു് പാപമാണു്. മനുഷ്യർ പാപബോധം വെടിഞ്ഞു് പാപച്ചെളിയിലാണ്ടുപോകയും പാപപരിഹാരം ചെയ്യാതിരിക്കയും ചെയ്യുമ്പോൾ, ദൈവംതന്നെ നേരിട്ടു് അവരേക്കൊണ്ടു് പ്രായശ്ചിത്തം ചെയ്യിച്ചു് ശുദ്ധീകരിക്കുക പതിവാണു്. പഞ്ഞം പട വസന്തകളെല്ലാം പാപത്തിനുവേണ്ടി ദൈവം അയയ്ക്കുന്ന ശിക്ഷകളത്രേ. ഏതുശിക്ഷ ഏതുപാപത്തിനെന്നു് ദൈവവെളിപാടു കൂടാതെ പറയുക അവിവേകവും അസ്ഥാനത്തുമായിരിക്കും.

ഇസ്രായേൽ ജനങ്ങളും അവരുടെ രാജാക്കന്മാരും നേതാക്കന്മാരും വിഗ്രഹാരാധന, മിശ്രവിവാഹം, കൊലപാതകം മുതലായ ദുഷ്ക്കർമ്മങ്ങളിൽ വിപുലമായതോതിൽ വീണുതുടങ്ങിയപ്പോഴെല്ലാം, വിവിധ ശിക്ഷകൾക്കു വിധേയരായതായി പഴയ നിയമത്തിൽ നാം വായിക്കുന്നു. അവരുടെ പ്രധാനപ്പെട്ടശിക്ഷ അയൽ രാജ്യക്കാരുടെ ആക്രമണമായിരുന്നു. യൂദയായുടെ രാജാവായ യോവാക്കീമിന്റെ ഭരണകാലത്തു്, അയാളും അയാളുടെ പിതൃക്കളായ ആമോൻ, മനാസസു് മുതലായവരും ചെയ്ത ദുഷ്ക്കൃത്യങ്ങൾക്കു് യൂദയാരാജ്യത്തെ ശിക്ഷിക്കുന്നതിനു് ദൈവം ഉപയോഗിച്ചതു് ബാബിലോണിലെ രാജാവായ നബുക്കദ്നോസരെയും അയൽ രാജ്യങ്ങളിലെ കൊള്ളക്കാരെയും ആയിരുന്നു. "അപ്പോൾ കർത്താവു്. കൽദയായിലേയും, സിറിയായിലേയും, മോവാബിലേയും കൊള്ളക്കാരെയും ആമ്മോൻ സന്തതികളായ കൊള്ളക്കാരെയും അവനെതിരായി അയച്ചു; കർത്താവു് തന്റെ ദാസന്മാരായ ദീർഘദർശികൾ പ്രവചിച്ചിരുന്ന വാക്യം അനുസരിച്ചു് യൂദയായെ നശിപ്പിക്കുന്നതിനു് അവരെ യൂദയായിക്കെതിരായി അയച്ചു. മനാസസു് ചെയ്ത സകല പാപങ്ങളുംമൂലം അവരെ തന്റെ മുമ്പിൽനിന്നും മാററുന്നതിനു് യൂദയായിക്കെതിരായി കർത്താവു് പറഞ്ഞ വാക്യം അനുസരിച്ചാണു് ഇതു് സംഭവിച്ചതു്. മാത്രമല്ല, അവൻ ചിന്തിയ കുററമററ രക്തം നിമിത്തവും, ഓർശ്ലത്തെ കുററമില്ലാത്ത രക്തംകൊണ്ടു് നിറച്ചതുനിമിത്തവും കർത്താവിനെ ശാന്തമാക്കുവാൻ കഴിഞ്ഞില്ല" (രാജാ. 4/24/2–4/.)

ദാവീദു രാജാവിന്റെ വ്യക്തിപരമായ പാപങ്ങൾക്കുപോലും അദ്ദേഹത്തിന്റെ പ്രജകൾ യുദ്ധം മൂലവും വസന്ത മൂലവും ശിക്ഷകൾ അനുഭവിക്കേണ്ടിവന്നു.

പുരോഗമന വാദത്തിന്റെ പുറഞ്ചട്ട ധരിക്കുന്നതിനാൽ, അധർമ്മത്തിന്റെ പേരിൽ അറിയപ്പെടാത്ത

# ഈശ്വര സാക്ഷാൽക്കാരം

## രാമാനുജൻെറയും കർമ്മലസഭാനവീകർത്താക്കളുടെയും ഒരു താരതമ്മ്യ പഠനം

Rev· Fr· Antony, O. C. D·

ഹൈന്ദവരായ ഭാരതീയ ചിന്തകരെല്ലാം വിജ്ഞാനവാദികളോ (Idealists) സർവ്വം ദേവവാദികളോ (Pantheists) ബഹുദേവതാ വാദികളോ (Polytheists) ആണെന്നത്രേ മിക്ക പാശ്ചാത്യരും ഹൈന്ദവേതരരായ പല ഇന്ത്യാക്കാരും ധരിച്ചുവച്ചിട്ടുള്ളത്. പൊതുവെ ഈ നിഗമനം വസ്തുനിഷ്ഠമാണെന്നു സമ്മതിക്കണം. എന്നാൽ, പ്രമുഖ തത്വചിന്തകനായ ശങ്കരാചാര്യർ ഒരു അദ്വൈത വാദിയായിരുന്നു (Monist). അദ്വൈത സിദ്ധാന്തത്തിൽ വളരെ അധികം ഹൈന്ദവർ വിശ്വസിക്കുന്നുണ്ട്. (1) ബാഹ്യ

(1) അദ്വൈത സിദ്ധാന്തത്തെ ഇങ്ങനെ സംഗ്രഹിക്കാം: യാഥാർത്ഥ്യം ഒന്നുമാത്രമേയുള്ളൂ—ബ്രഹ്മൻ അഥവാ ദൈവം. നമ്മുടെ ശരീരവും പഞ്ചേന്ദ്രിയങ്ങളും ഉൾപ്പെടെയുള്ള ഇന്ദ്രിയഗോചരമായ പദാർത്ഥവസ്തുക്കളെല്ലാം മായയാണ്. മനുഷ്യാത്മാക്കൾ ദൈവത്തിൽനിന്നു വിഭിന്നമല്ല. അജ്ഞാനം, അവിദ്യ എന്നും മററും പറയുന്ന ജന്മ

---

ദേശീയ പാപങ്ങൾ മനുഷ്യ സമുദായത്തിൻെറ അടിത്തറ മാന്തുന്നതാകകൊണ്ട്, അവയെ ശിക്ഷിക്കാതെ ദീർഘനാൾ ദൈവം സഹിക്കയില്ല. മുൻ ഇന്ത്യൻ പ്രസിഡണ്ടായിരുന്ന ഡോക്ടർ രാജേന്ദ്രപ്രസാദ് ഈയിടെ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി, ടിബററിൻെറ സ്വാതന്ത്ര്യ സമരത്തിൽ അതിനെ സഹായിക്കാതെയിരുന്ന നമ്മുടെ പാപത്തിനുള്ള ശിക്ഷയാണ് ചൈനയുടെ ആക്രമണമെന്ന്. ഒന്നുകൂടി വിശാലമായി വീക്ഷിച്ചിരുന്നെങ്കിൽ, മററു പാപങ്ങളും അദ്ദേഹം കാണാതിരിക്കയില്ലായിരുന്നു. ഒരുപക്ഷേ കണ്ടവയുടെനേരെ കണ്ണടച്ചതായിരിക്കാം.

ഏതായാലും ഏതുയുദ്ധത്തെപ്പോലെ, ഇൻഡോ–ചൈനാ യുദ്ധവും നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള ശിക്ഷ എന്ന് വിശ്വസിക്കുന്നതിൽ തെററില്ല. ഇന്ത്യൻ ഹയരാർക്കിയുടെ മുമ്പ് സൂചിതമായ സംയുക്ത ഇടയലേഖനത്തിലെ ഒരുഭാഗം ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. "ഏററം കഠിന പരീക്ഷണങ്ങൾപോലും സംഭവിക്കാൻ, സ്നേഹനിധിയും അനുഗ്രഹ സമ്പന്നനുമായ ദൈവം ചിലപ്പോൾ അനുവദിക്കാറുണ്ടല്ലോ. അവയൊന്നും മനുഷ്യരെ ഉപദ്രവിക്കാനോ നശിപ്പിക്കാനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയല്ല; പ്രത്യുത, നമ്മെ വിശുദ്ധീകരിക്കുന്നതിനും നമ്മുടെ ആത്മാവിനെ ശക്തിപ്പെടുത്തുന്നതിനുമുള്ളവയത്രേ. വിശുദ്ധ കുരിശിൻെറ രക്ഷാകരമായ ശക്തിയിലുള്ള നമ്മുടെ വിശ്വാസത്തിൻെറ വെളിച്ചത്തിൽവേണം എല്ലാ യാതനകളേയും നാം വീക്ഷിക്കുവാൻ. പരീക്ഷണങ്ങളിൽ ധൈര്യം, എല്ലാ ജനവിഭാഗങ്ങളും തമ്മിൽ ഐക്യം, സ്വയം പരിത്യാഗത്തിനുള്ള സന്നദ്ധത, ജീവിതക്ലേശങ്ങളെ സഹിക്കുന്നതിനുള്ള കഴിവ് മുതലായി അവയിൽനിന്ന് നാം കൈവരിക്കണമെന്ന് ദൈവം അഭിലഷിക്കുന്ന എല്ലാ അനുഗ്രഹങ്ങളും സ്വായത്തമാക്കുവാൻ വേണ്ട ദൈവസഹായം നമുക്ക് പ്രാർത്ഥിക്കാം."

അതുകൊണ്ട് നമ്മുടെ പ്രാർത്ഥനയെ തപസ്സും പ്രായശ്ചിത്തവും വഴി നമുക്കു ശക്തിപ്പെടുത്താം. ഏററം സുലഭമായ പ്രായശ്ചിത്തം മാനസികവും കായികവുമായ നമ്മുടെ ജീവിതക്ലേശങ്ങളും നമ്മുടെ കർത്തവ്യനിർവ്വഹണത്തിലും ക്രിസ്തീയ സുകൃതങ്ങൾ അഭ്യസിക്കുന്നതിലും നമുക്കനുഭവപ്പെടുന്ന അദ്ധ്വാനവും വിഷമവുമത്രേ. ദൈവ തിരുച്ചിത്തത്തിനു വിധേയരായി, ഇവയെല്ലാം ഏറെറടുത്ത് സഹിക്കുന്നതിനും പുറമേ, നമ്മാൽ പാടുള്ള ത്യാഗങ്ങളും തപക്രിയകളും അനുഷ്ഠിച്ച്കൊണ്ട് നമ്മുടെയും നമ്മുടെ രാജ്യത്തിൻെറയും പാപങ്ങൾക്കു പരിഹാരം ചെയ്ത് പ്രാർത്ഥിച്ചാൽ, യുദ്ധം വേഗം അവസാനിക്കുമെന്നു നമുക്ക് ദൈവത്തിൽ പ്രത്യാശിക്കാം. അതിനുവേണ്ടി നാം നിർവ്വഹിക്കുന്ന പങ്ക് അദൃശ്യമെങ്കിലും ഒട്ടും അപ്രധാനമല്ലെന്ന് ആദ്ധ്യാത്മികവീക്ഷകർക്കേ അറിയാനാവൂ.

---

ലോകത്തിന്റെ അസ്തിത്വം നിഷേധിക്കുകയും ഒടുവിൽ സർവ്വം ദൈവവാദത്തിൽ കലാശിക്കുകയും ചെയ്യുന്ന ഈ സിദ്ധാന്തം യാതൊരു ക്രൈസ്തവനും സ്വീകാര്യമല്ലെന്നുമാത്രമല്ല, യുക്തിക്കും സാമാന്യ ബുദ്ധിക്കുപോലും ചേരാത്തതാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ അദ്വൈതവാദികളോ ബഹുദേവതാവാദികളോ അല്ലാത്ത തത്ത്വചിന്തകന്മാരും ഇന്ത്യയിൽ ഉണ്ടെന്നുള്ളതു് നാം വിസ്മരിക്കരുതു്. ദ്വൈതവാദികളും വിശിഷ്ടാദ്വൈതവാദികളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. വൈഷ്ണവർ ദ്വൈതവാദികളോ വിശിഷ്ടാദ്വൈതവാദികളോ ആണു്. അദ്വൈതവേദാന്തത്തിനു് എതിരായി പടവെട്ടിയവരിൽ ഏറ്റവും പ്രമുഖൻ രാമാനുജൻ ആയിരുന്നു. അഗാധചിന്തകൻ, 'യതിരാജൻ', ഹിന്ദുമത പരിഷ്ക്കർത്താവ്, സമുദായോദ്ധാരകൻ എന്നീനിലകളിൽ ഭാരതീയരുടെ ഇടയിൽ അദ്വിതീയമായ ഒരു സ്ഥാനം ഇദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ടു്. രാമാനുജൻ ദക്ഷിണേന്ത്യയിൽ പെരുമ്പദൂറിൽ ക്രിസ്തുവർഷം 1017-ൽ (?) ജനിച്ചു. തത്ത്വശാസ്ത്രപരമായ ഒമ്പതു കൃതികളും അദ്ദേഹം സംസ്കൃത ഭാഷയിലാണു രചിച്ചതു്. ഇവയിൽ ബ്രഹ്മസൂത്ര ഭാഷ്യം, വേദാർത്ഥസംഗ്രഹം എന്ന രണ്ടു കൃതികൾക്കു് മറ്റുള്ളതിനേക്കാൾ പ്രാധാന്യം കല്പിക്കുന്നുണ്ടു്. രാമാനുജന്റെ തത്ത്വശാസ്ത്രപരമായ പഠനങ്ങൾ പരിശോധനയ്ക്കു വിഷയമാക്കണമെന്നു് ഇവിടെ ഉദ്ദേശ്യമില്ല. ആദ്ധ്യാത്മിക മണ്ഡലത്തിലുള്ള ഈ ഹൈന്ദവ ചിന്തകന്റെ നില സംക്ഷിപ്തമായി പ്രതിപാദിക്കാൻ മാത്രമെ വിചാരിക്കുന്നുള്ളു. ആദ്ധ്യാത്മിക ജീവിതത്തിൽ സത്യതിരുസ്സഭയുടെ ഔദ്യോഗിക വക്താക്കളായ വി. അമ്മത്രേസ്യാ, കുരിശിന്റെ വി. യോഹന്നാൻ തുടങ്ങിയ വിശുദ്ധരുടെ കൃതികളോടു നല്ലവണ്ണം പരിചയപ്പെട്ടിട്ടുള്ള നമുക്കു തദ്വിഷയത്തിൽ ക്രൈസ്തവേതരരായ ചിന്തകരുടെ പഠനങ്ങൾ ഉപകാരപ്രദമായിരിക്കും.

മനുഷ്യാത്മാക്കൾ ഇഹലോകവാസത്തിനുമുമ്പു്, ശരീരമായ കാരാഗൃഹത്തിൽ ബന്ധിക്കപ്പെടുന്നതിനു മുമ്പു്, സൂക്ഷ്മാവസ്ഥയിൽ ആയിരുന്നുവെന്നാണു് രാമാനുജന്റെ അഭിപ്രായം. നമുക്കജ്ഞാതമായ ഏതോ കുറ്റം ചെയ്കമൂലം സംസാര ദുഃഖത്തിലേയ്ക്കു അയയ്ക്കപ്പെട്ട ആത്മാക്കൾ ശരീരത്തിന്റെയും അതിനോടനുബന്ധിച്ച പദാർത്ഥാത്മകമായ ഗുണങ്ങളുടേയും അധീനതയിൽപ്പെട്ടു് നല്ലതും ചീത്തയുമായ പല പ്രവൃത്തികളും ചെയ്തുപോകുന്നു. ഒരു ജീവിതത്തിൽ ചെയ്യുന്ന പാപങ്ങളുടെ ശിക്ഷയും സൽപ്രവൃത്തികളുടെ ഫലവും അതേ ജീവിതത്തിൽത്തന്നെ അനുഭവിക്കാൻ കഴിയാതാകുമ്പോൾ മറ്റൊരു ജീവിതം വേണ്ടിവരുന്നു. ഇങ്ങനെ നിരവധി ജനന മരണങ്ങൾക്കധീനമായി കർമ്മ സംസാര വലയത്തിൽപ്പെട്ടു ഗതിമുട്ടുന്ന ആത്മാക്കൾക്കു നിർവ്വാണം അഥവാ സംസാരവിമുക്തി ശീഘ്രം പ്രാപിക്കുന്നതിനു് ചില മാർഗ്ഗങ്ങളും രാമാനുജൻ നിർദ്ദേശിച്ചുതരുന്നുണ്ടു്. ദുഷ്കൃതങ്ങൾകൊണ്ടു് പുനർജ്ജന്മങ്ങളും തദ്വാരാ, സംസാര ജീവിതദൈർഘ്യവും വർദ്ധിപ്പിക്കാതെ ചെയ്തിട്ടുള്ള പാപങ്ങൾക്കു് കഴിയുംവണ്ണം പ്രായശ്ചിത്തങ്ങൾ ചെയ്തു്, ദൈവപ്രീതി സമ്പാദിച്ചു്, കഴിയുന്നതും വേഗത്തിൽ മോക്ഷം പ്രാപിക്കാൻ ശ്രമിക്കുകയാണു് സുബോധമുള്ള മനുഷ്യൻ ചെയ്യേണ്ടതു്. അതിതീക്ഷ്ണമായ ആദ്ധ്യാത്മിക ജീവിതം നയിച്ചുകൊണ്ടു് 'ഭക്തിമാർഗ്ഗേണ' വേണം ഇതു സാധിക്കുവാൻ. മുക്തിദായകമായ ആദ്ധ്യാത്മിക ജീവിതത്തിന്റെ വിവിധ പടികളേയും അതിന്റെ വിവിധവശങ്ങളേയും രാമാനുജൻ എങ്ങനെ ചിത്രീകരിക്കുന്നുവെന്നുള്ളതാണു് ഇവിടത്തെ പ്രതിപാദ്യവിഷയം.

രാമാനുജൻ ആദ്ധ്യാത്മിക ജീവിത യാത്രയെ കർമ്മയോഗം, ജ്ഞാനയോഗം, ഭക്തിയോഗം എന്നു മൂന്നു ഘട്ടങ്ങളായി ചിത്രണം ചെയ്തിരിക്കുന്നു. കർമ്മയോഗവും ജ്ഞാനയോഗവും ഭക്തിയോഗത്തെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളാകയാൽ അവ ആത്മാവിന്റെ ശുദ്ധീകരണഘട്ടത്തെക്കുറിക്കുന്നു. നിഷേധാത്മകമായ കർമ്മയോഗവും ക്രിയാത്മകമായ ജ്ഞാനയോഗവും കടക്കുന്ന ആത്മാവിൽ ഭക്തിയോഗത്തിൽവച്ചു് ദൈവസംയോഗം അഥവാ, ഈശ്വരസാക്ഷാൽക്കാരം സിദ്ധിക്കുന്നു.

1. കർമ്മയോഗം അഥവാ, ശുദ്ധീകരണഘട്ടം.

സംസാരത്തിൽനിന്നു വിമുക്തിപ്രാപിച്ചു് നമ്മുടെ ഉൽപത്തിസ്ഥാനമായ ദൈവത്തെ പ്രാപിക്കുന്നതിനു ആത്മാർത്ഥമായി ആഗ്രഹിക്കുന്നവൻ പ്രഥമതഃ ആത്മ

സിദ്ധമായ ഏതോ ബുദ്ധിവൈകല്യത്താൽ യഥാർത്ഥത്തിൽ ഇല്ലാത്ത ബാഹ്യലോകം ഉണ്ടെന്നും ആത്മാക്കൾ ദൈവത്തിൽനിന്നു വിഭിന്നമാണെന്നും നാം സങ്കല്പിക്കുന്നു. അവിദ്യയെ ഉന്മൂലനം ചെയ്തു് ദൈവവുമായുള്ള നമ്മുടെ ആത്മാക്കളുടെ താദാത്മ്യത്തെ അനുഭവിച്ചറിയുകയാണു് ദൈവസാക്ഷാൽക്കാരം. ഇതുതന്നെയാണു് നിർവ്വാണവും.

ശുദ്ധീകരണം നടത്തേണ്ടിയിരിക്കുന്നു. സകലതിന്മകളുടെയും ദുഃഖദുരിതങ്ങളുടെയും മൂലകാരണം അമിതമായ സ്വാർത്ഥസ്നേഹമത്രേ. സ്വാർത്ഥസ്നേഹത്തിൽനിന്നും, തജ്ജന്യമായ ലൗകിക ബന്ധങ്ങളിൽനിന്നും ആത്മാവിനെ വിമുക്തമാക്കുകയാണ് യോഗിയുടെ പ്രഥമ ജോലി. പദാർത്ഥാത്മകമായ ശരീരത്തിൽ ഒളിഞ്ഞുകിടക്കുന്ന തമസ്സ്, രജസ്സ്, സത്വം എന്നീഗുണത്രയങ്ങളുടെ പ്രവർത്തനത്താൽ ആത്മാവ് നിരവധി പാപങ്ങളിൽ വീണുപോകുന്നു; ആയിരമായിരം അനാശാസ്യമായ പാശങ്ങളാൽ അതു കെട്ടപ്പെടുന്നു. ഒരു വശത്ത് അലസത, മന്ദത, ഉറക്കം, കർത്തവ്യനിർവ്വഹണത്തിലുള്ള അനാസ്ഥ, പുണ്യപ്രവൃത്തികൾ ചെയ്യുന്നതിനുള്ള വിമുഖത ഇവയെല്ലാം തമസ്സ് നിദാനമായിത്തീരുമ്പോൾ മറുവശത്ത് കാമക്രോധാദി ദുർവികാരങ്ങളെ രജസ്സ് ഇളക്കിവിടുന്നു. സത്വഗുണം നല്ലതാണെങ്കിലും അത് ആനന്ദലബ്ധിക്കും ജ്ഞാനസമ്പാദനത്തിനുമുള്ള അമിതമായ ആഗ്രഹം ആത്മാവിൽ ഉൽഭൂതമാക്കുന്നു. ഇങ്ങനെ, നിരവധി ദുർഗ്ഗുണങ്ങളുടേയും ദുർവികാരങ്ങളുടേയും ആസ്ഥാനമായിത്തീരുന്ന ആത്മാവിൽ ഒരു അജ്ഞാനതിമിരം വ്യാപിക്കുന്നു. പാപങ്ങളുടേയും ലൗകികബന്ധങ്ങളുടേയും ബാഹുല്യമനുസരിച്ച് മനുഷ്യാത്മാവ് പരമാത്മാവിൽനിന്നും ആനുപാതികമായി അകന്നുകൊണ്ടിരിക്കും. ഈ പരിതാപകരമായ അവസ്ഥയിൽനിന്നു ഏതുവിധേനയും ആത്മാവിനെ മോചിപ്പിക്കാനായിരിക്കണം യോഗിയുടെ സർവ്വയത്നവും. കർമ്മയോഗത്തിൽ ചെയ്യേണ്ടകാര്യങ്ങളെ 'വേദാർത്ഥസംഗ്രഹ'ത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

"ആദ്യമായി ഒരുവൻ ചെയ്തുപോയ ദുഷ്കൃത്യങ്ങൾ അതിനെതിരായ പുണ്യപ്രവൃത്തികൾ ചെയ്തു പരിഹരിക്കണം. അനന്തരം ദൈവത്തിന്റെ (പുരുഷോത്തമന്റെ) പാദങ്ങളിൽ ആശ്രയം തേടുകയും തന്നെത്തന്നെ പരിപൂർണ്ണമായി അവിടുത്തേയ്ക്കു അർപ്പിക്കുകയും വേണം. ഏതാദൃശമായ ആത്മാർപ്പണം ദൈവത്തിങ്കലേയ്ക്കു ഒരു പ്രവണത അവനിൽ ഉളവാക്കുന്നു. ഗുരുഭൂതന്മാരുടെ സഹായത്തോടുകൂടെ വേദങ്ങളിൽനിന്നു ജ്ഞാനം സമ്പാദിക്കുന്നതിനായിരിക്കണം അവന്റെ അനന്തരയത്നം. അതിനെത്തുടർന്നു ആത്മാവിന്റെ ശക്തികളെയും ഗുണങ്ങളെയും വർദ്ധിപ്പിക്കുന്നതിനും ഉപോൽബലകമാക്കുന്നതിനും ഇടവിടാതെ പരിശ്രമിക്കണം. മനസ്സിന്റെയും ബാഹ്യേന്ദ്രിയങ്ങളുടേയും നിയന്ത്രണം, ശാരീരികമായ തപശ്ചര്യകൾ, ആത്മനൈർമ്മല്യം, ക്ഷമാപണം, ആത്മാർത്ഥത, യഥാർത്ഥത്തിൽ ഭയഹേതുകമായതിനെ ഭയഹേതുകമല്ലാത്തവയിൽനിന്നു തിരിച്ചറിയാനുള്ള വിവേചനാബോധം, കരുണ, അക്രമരാഹിത്യം ഇത്യാദി സൽഗുണങ്ങളും ആർജ്ജിക്കണം. കൂടാതെ, ഒരുവന്റെ ജാതിയും ജീവിതാവസ്ഥയും (വർണ്ണവും ആശ്രമവും) ആവശ്യപ്പെടുന്ന കർത്തവ്യങ്ങൾ ജാഗ്രതയോടെ ചെയ്യുകയും വിലക്കപ്പെട്ട പ്രവൃത്തികൾ ചെയ്യാതിരിക്കുകയും വേണം. ഇവയെല്ലാം ദൈവത്തിനു നല്കുന്ന ആരാധനയായി ഗണിക്കാവുന്നതാണ്" (വേദാർത്ഥസംഗ്രഹം നമ്പർ 126). ഈ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഉദ്ദേശ്യം സ്വാർത്ഥപരമാകാതെ, ദൈവചിത്തനിർവ്വഹണം മാത്രമായിരിക്കണം". ഇതു ദൈവം ആഗ്രഹിക്കുന്നു; അതുകൊണ്ട് ഞാൻ അപ്രകാരം ചെയ്യുന്നു. അത്രമാത്രം.

ഇവ അവയിൽത്തന്നെ ഒരു ലക്ഷ്യമല്ലെന്നും, ദൈവയോഗം കൈവരിക്കുന്നതിനുള്ള പോംവഴികൾ മാത്രമാണെന്നും വിസ്മരിക്കരുത്.

2. ജ്ഞാനയോഗം: ശുദ്ധീകരണത്തിന്റെ രണ്ടാംഘട്ടത്തിൽ യോഗാർത്ഥി ജ്ഞാനയോഗം അഭ്യസിക്കണം. ഇതു കർമ്മയോഗത്തിന്റെ തുടർച്ചയാണെന്നു പറയാം. ജ്ഞാനയോഗത്തിലെ ഏററവും പ്രധാനമായ അംശം പരിചിന്തനം അഥവാ, ധ്യാനമാകുന്നു. ഈശ്വരൈക്യത്തിനു അനുപേക്ഷണീയമായ ഒരു ഘടകമാണ് സത്യജ്ഞാനസമാർജ്ജനം. ധ്യാനാത്മകമായ പരിചിന്തനത്തിൽക്കൂടിവേണം ശരിയായ ജ്ഞാനം സമ്പാദിക്കാൻ. വേദഗ്രന്ഥപാരായണം, (2) സൽഗുരുക്കളിൽനിന്നുള്ള വിദ്യാഭ്യസനം, അവരുടെ നിയന്ത്രണം ആദിയായവയും ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതിനും ശരിയായ മാർഗ്ഗത്തിൽക്കൂടി ചരിക്കുന്നതിനും സഹായകമാകും.

ജ്ഞാനയോഗത്തിന്റെ പ്രാരംഭത്തിൽ തന്നെത്തന്നെയും പിന്നീട് പരമാത്മാവിനേയും ധ്യാന വിഷയമാക്കണം. സ്വയം അറിയാത്തവനു ആദ്ധ്യാത്മിക ജീവിതത്തിൽ പുരോഗമിക്കാനോ ദൈവൈക്യം പ്രാപിക്കാനോ കഴിയുകയില്ല. ഒരുവന്റെ ഉൽപത്തി,

(2) വേദങ്ങൾ ദൈവാവിഷ്കൃതമെന്നാണ് പ്രാചീന ഹിന്ദുക്കൾ വിശ്വസിച്ചുപോന്നതു്.

ലക്ഷ്യം, ആത്മശരീരങ്ങളുടെ സ്വഭാവം, പരമാത്മാവിൽ നിന്നു സ്വന്തം ആത്മാവിനുള്ള സത്താപരമായ ഭിന്നത ആദിയായവ നമ്മുടെ പരിചിന്തനത്തിൽപ്പെടണം. ദൈവത്തോടു തുലനം ചെയ്യുമ്പോൾ സർവ്വ വസ്തുക്കളും വെറും ശൂന്യമാണ്; സ്വന്തം ആത്മാവിനും പ്രപഞ്ചവസ്തുക്കളിൽ യാതൊന്നിനും ദൈവത്തിൽനിന്നു വേർപെട്ടുള്ള ആസ്തിത്വം ഒരിക്കലും സാദ്ധ്യമല്ല; സകലസൃഷ്ടിജാലങ്ങളും ദൈവത്തിൽനിന്നാണ് ആസ്തിത്വം സ്വീകരിക്കുന്നതു്; അവിടുത്തെ സഹായം കൂടാതെ ഒന്നും ചെയ്യുവാൻ നമുക്കു സാദ്ധ്യമല്ല; അവിടുത്തെപ്രാപിക്കുന്നതിലാണ് നമ്മുടെ സർവ്വ സൗഭാഗ്യവും മുക്തിയും അടങ്ങിയിരിക്കുന്നതു്—ഈ സത്യങ്ങളെല്ലാം ധ്യാനാത്മകമായ പരിചിന്തനത്തിൽനിന്നു് നമുക്കു് അചിരേണ മനസ്സിലാകും. ഇതിനും പുറമെ, ഒരുവന്റെ പാപങ്ങൾ, ആർജ്ജിക്കേണ്ട പുണ്യങ്ങൾ ഇവയെപ്പററിയും ധ്യാനിക്കാം.

ജ്ഞാനയോഗത്തിന്റെ രണ്ടാം ഘട്ടത്തിൽ നമ്മുടെ ചിന്തയും ധ്യാനവും ബ്രഹ്മനിൽത്തന്നെ കേന്ദ്രീകരിക്കണം. (3) അവിടുത്തെ അനന്തമായ ഗുണഗണങ്ങളാൽ യോഗി ആകൃഷ്ടനായിത്തീരുന്നു. ദൈവമഹത്വവും ഗുണഗണങ്ങളും നമുക്കു ഗ്രാഹ്യമല്ലാത്തവിധം അത്ര വലുതായിരിക്കുന്നുവെന്നും അവിടുത്തോടുള്ള നമ്മുടെ ആശ്രയത്വം നമ്മുടെ അസ്തിത്വത്തിനും നിലനില്പിനും എത്ര അവശ്യമാണെന്നും മററുമുള്ള സത്യങ്ങൾ സ്പഷ്ടതരമായി ഭവിക്കുന്നു.

ഇത്രയുമാകുമ്പോൾ ഭക്തിയോഗത്തിലേയ്ക്കു യോഗാർത്ഥി പ്രവേശിച്ചുകഴിഞ്ഞുവെന്നു പറയാം. ഭക്തിയോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ആത്മാവിനെ കൂടുതൽ സന്നദ്ധമാക്കുന്നതിനു് ജ്ഞാനയോഗത്തിൽവച്ചുതന്നെ അഭ്യസിക്കേണ്ട ഏഴു പ്രായോഗിക നിർദ്ദേശങ്ങൾ രാമാനുജൻ നല്കുന്നുണ്ടു്.

വിവേകം: (ബാഹ്യമായ ശുചീകരണം): ശരീരശുദ്ധി ആത്മവിശുദ്ധിയെ ബാധിക്കുമെന്നുള്ളതുകൊണ്ടു്.

വിമോകം: ലൗകിക പക്ഷങ്ങളിൽ നിന്നുമുള്ള മനസ്സിന്റെ മോചനം. ലൗകികവസ്തുക്കളിൽ പക്ഷമുള്ളവനു് അവന്റെ ചിന്ത ദൈവത്തിൽ കേന്ദ്രീകരിക്കുക സാദ്ധ്യമല്ലല്ലോ.

അഭ്യാസം: (ആവർത്തനം): സകല സൃഷ്ടിവസ്തുക്കളിൽ നിന്നും വിടർത്തിയതിനുശേഷം മനസ്സിനെ ദൈവത്തിൽ കേന്ദ്രീകരിക്കുക.

ക്രിയ: ബ്രിഹദാരണ്യകോപനിഷത്തിൽ നിർദ്ദേശിച്ചിട്ടുള്ള അഞ്ചു് ബലികൾ (വേദപാരായണം, ബലി, ദാനധർമ്മം, പ്രായശ്ചിത്തപ്രവൃത്തികൾ, ഉപവാസം) സമർപ്പിക്കുക.

കല്യാണി: (പുണ്യശീലം): ഈ സമയത്തു് അഭ്യസിക്കേണ്ട പ്രധാന പുണ്യങ്ങൾ ഇവയാണ്. സത്യം, ആത്മാർത്ഥത, ദയ, വിനയം, ദുരാഗ്രഹവർജ്ജനം. ഈ പുണ്യങ്ങൾ മനസ്സിനെ ആന്തരികവും ബാഹ്യവുമായ ബഹളങ്ങ

---

(3) ബ്രഹ്മൻ ബ്രഹ്മാവിൽനിന്നു വ്യത്യസ്തനാണ്. വേദങ്ങളിലും ഉപനിഷത്തുകളിലും ഉപയോഗിച്ചിരിക്കുന്ന ബ്രഹ്മൻ പരമാത്മാവിനെ അഥവാ, ദൈവത്തെത്തന്നെയാണ് കുറിക്കുന്നതു്. രാമാനുജന്റെ പഠനമനുസരിച്ചാകട്ടെ, ബ്രഹ്മൻ (The Absolute supreme Reality) ഒന്നുമാത്രമേയുള്ളു. ബ്രഹ്മന്റെ വേറൊരു പേരാണ് വിഷ്ണു. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളും ദൈവമാണെന്ന പഠനം രാമാനുജൻ സ്വീകരിക്കുന്നില്ല. ബ്രഹ്മാവ്, ശിവൻ എന്ന പേരുകളിൽ വല്ല ദേവന്മാരും ഉണ്ടെങ്കിൽ അവർ ബ്രഹ്മന്റെ സൃഷ്ടികൾ മാത്രമാണ്. ബ്രഹ്മാവെന്നു പറയുന്നതു് ആത്മാക്കൾ വന്നുകൂടുന്ന ഒരു സ്ഥലമായിരിക്കാമെന്നു് രാമാനുജൻ ബ്രഹ്മസൂത്രഭാഷ്യത്തിൽ പറഞ്ഞിരിക്കുന്നു.

രാമാനുജൻ ദൈവത്തെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:
"Brahman possesses an infinite number of qualities of unimaginable excellence—eternity, all-pervadingness, subtlity, omnipresence, omniscience, imperishableness, creativeness with regard to all beings and other auspicious qualities' Sri, Bhasya Translated by Thibaut, p. 75.

"Now Narayana, the highest purusa, being the supreme Brahman, hostile to all that should be avoided, is the focus of nobility, *whose nature consists solely of infinite knowledge and bliss*...... the treasure of endless qualities which are desirable to him and which are adequate, uniform, inconceivable, divine, marvellous......his form and nature are beyond the reach of speech and thought, extremely wonderful, grand, glory abounding......"

Gita-bhasya, Translated by Der Luduring pp, 1 and 2.

ളിൽനിന്നും പരിരക്ഷിച്ച് ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്നു.

അനവസാദം: (ആദ്ധ്യാത്മിക കാര്യങ്ങളിൽ തോന്നാവുന്ന മടുപ്പിന്റെ പരിവർജ്ജനം): ആന്തരിക സമാധാനവും സന്തോഷവും ശോകാത്മകവിചാരങ്ങളാൽ പ്രക്ഷുബ്ധമാകരുത്. ധ്യാനം ഫലപ്രദമാംവണ്ണം നടത്തണമെങ്കിൽ പ്രസന്നമായ ഹൃദയം ഉണ്ടായിരിക്കണം.

അനുദർശനം: ലൗകിക സന്തോഷങ്ങളിൽനിന്നുകൂടെയും മനസ്സിനെ വിമോചിക്കണം. അനിയന്ത്രിതമായ ആഹ്ളാദവായ്പ് ശോകത്തെപ്പോലെതന്നെ ധ്യാനത്തിനു പ്രതിബന്ധമത്രെ.

എല്ലാദിവസവും, മരണംവരെ ധ്യാനിക്കേണ്ടതാണെന്നു രാമാനുജൻ നിർദ്ദേശിക്കുന്നു. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തും സമയത്തും മാത്രമേ ധ്യാനിക്കാവൂ എന്നില്ല. മനസ്സിനെ ഏകാഗ്രമാക്കാൻ കഴിയുമെങ്കിൽ എവിടെവച്ചും ഏതു നേരത്തും ധ്യാനിക്കാം. ഇരുന്നുകൊണ്ടായാൽ പരിചിന്തനം സൗകര്യപ്രദമായി നടത്താം. (വേദാർത്ഥസാരം, അദ്ധ്യായം 4, പാദം. 12.)

ധ്യാനിക്കുന്നവനു് ഈശ്വരസാന്നിദ്ധ്യബോധം ഉള്ളതിനാൽ, അവിടുത്തെ സന്നിധിയിൽ ശിശുസഹജമായ വിനയത്തോടുകൂടി വർത്തിക്കണം. പാപനിർമ്മാർജ്ജനം, ദൈവൈക്യം, വിമുക്തി ഇവയാണു് ധ്യാനത്തിന്റെ പ്രധാന ഫലങ്ങൾ. (ibid, പാദം 49)

ഇത്രയും പ്രസ്താവിച്ചതിൽനിന്നു ജ്ഞാനയോഗത്തിൽ യോഗാർത്ഥി ചെയ്യേണ്ട പ്രധാന കൃത്യങ്ങൾ ധ്യാനവും പുണ്യാഭ്യസനവുമാണെന്നു് മനസ്സിലാക്കാം.

3. ഭക്തിയോഗം: കർമ്മയോഗവും ധ്യാനയോഗവും ഭക്തിയോഗത്തിലേയ്ക്കുള്ള പടികൾ മാത്രമാണെന്നു് നാം കണ്ടു. ഭക്തിയോഗത്തിലാണു് ഈശ്വരസാക്ഷാൽക്കാരം അഥവാ, ദൈവൈക്യം സംസിദ്ധമാകുന്നതു്. ജ്ഞാനയോഗത്തിലെന്നതുപോലെ ഭക്തിയോഗത്തിലും രണ്ടുവിഭാഗങ്ങളുണ്ടു്: ഇഹത്തിൽ സിദ്ധിക്കാവുന്ന ഈശ്വരസാക്ഷാൽക്കാരം; പരത്തിൽ മാത്രം ലഭിക്കുന്ന ദൈവദർശനം.

'ഭക്തി' എന്ന പദംകൊണ്ടു് രാമാനുജൻ ഉദ്ദേശിക്കുന്നതു് ഐന്ദ്രികമായ വൈകാരികാനുഭവത്തെയല്ല, പ്രത്യുത, ജ്ഞാനാത്മകമായ ഒരു ദൈവികാനുഭൂതിയെയാണു്—സ്നേഹമയമായ ദൈവികാസ്വാദനം. ഇതു് ക്ഷണനേരം മാത്രം നിൽക്കുന്നതോ ചില സന്ദർഭങ്ങളിൽ മാത്രം അനുഭവപ്പെടുന്നതോ ആയിരിക്കാൻ പാടില്ല. മറിച്ചു്, ഇതു നമ്മുടെ ആത്മാവിൽ ഇടതടവില്ലാതെ സദാ തുടന്നുകൊണ്ടിരിക്കുന്ന ഒരു ശീലമായിത്തീരണം. നമ്മുടെ ഹൃദയത്തിന്റെ വേഴ്ചയും സ്നേഹം മുഴുവനും ചിന്തയുടെ ഏകവിഷയമായ ഈശ്വരനിൽ കേന്ദ്രീകൃതമാകണം. ഏവംവിധം തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവാനുഭവവും ദൈവസ്മരണയും ബൗദ്ധികമായ ഒരു ദൈവദർശനമെന്നോണം രൂപം പ്രാപിക്കുന്നു (ശാരീരികേന്ദ്രിയങ്ങൾക്കു ഇവിടെ യാതൊരു സ്ഥാനവുമില്ല). നമ്മുടെ വിചാരങ്ങളുടെയും വീക്ഷണഗതികളുടേയും പ്രചോദനം ദൈവികമാകയാൽ അവയും ഒരു വിധത്തിൽ ദൈവികമായിത്തീരുന്നു. ദൈവസാന്നിദ്ധ്യചിന്ത ഉപര്യുപരി വർദ്ധമാനമായിക്കൊണ്ടിരിക്കും. ഒടുവിൽ ആത്മാവു് എപ്പൊഴും എവിടെയും എന്തിലും ദൈവത്തെമാത്രം ദർശിക്കുന്നു. താനും സകല സൃഷ്ടികളും ദൈവത്തിലാണു് സ്ഥിതിചെയ്യുന്നതെന്നും, ചരാചരങ്ങളിൽ ഒന്നിനുപോലും അവിടുത്തെക്കൂടാതെ ഒരു നിമിഷംപോലും നിലനില്ക്കുന്നതിനു സാദ്ധ്യമല്ലെന്നും ആത്മാവു് വ്യക്തമായി കണ്ടുതുടങ്ങും. വേദാർത്ഥസംഗ്രഹത്തിൽ ഭക്തിയോഗത്തിലുള്ള ആത്മാവിന്റെ സ്ഥിതിയെ രാമാനുജൻ ഇങ്ങനെ വിവരിക്കുന്നു. "(ഭക്തിയോഗത്തിൽ) യോഗാർത്ഥി തന്റെ സർവ്വവും തന്നെത്തന്നെയും ഈശ്വരന്റെ പാദപത്മങ്ങളിൽ അർപ്പിക്കുന്നു. സ്നേഹമസൃണമായ ഭക്തിയാൽ പ്രചോദിതനായി അയാൾ അവിടുത്തേയ്ക്കു് സ്തുതിഗീതങ്ങളും ആശ്രിതത്വവും അനവരതം ആലപിക്കുകയായി. അയാളുടെ ചിത്തം സദാ ദൈവചിന്തയാൽ പൂരിതമായിരിക്കും (ധ്രുവാനുസ്മൃതി); ദൈവസന്നിധിയിൽ നമ്രശിരസ്കനായി എപ്പൊഴും ആരാധനകൾ അർപ്പിച്ചുകൊണ്ടിരിക്കുന്ന അവന്റെ ചലനങ്ങളെല്ലാം ദൈവോന്മുഖമാണു്. ഈശ്വരമഹിമയെ പ്രകീർത്തിക്കുന്നതും അവിടുത്തെ പരിപൂർണ്ണതകളെയും ഗുണങ്ങളെയും പററി പറയുന്നതും ശ്രവിക്കുന്നതും അവനു് ആനന്ദപ്രദമത്രെ........അവൻ എന്നേയ്ക്കുമായി ദൈവത്തിനു് ആത്മസമർപ്പണം ചെയ്യുന്നു. കരുണാനിധിയായ ഈശ്വരൻ തന്റെ ഉപാസകന്റെ ഭക്തിതീക്ഷ്ണതയും സ്നേഹപ്രചുരിമയും കണ്ടു് സംപ്രീതനായി അവന്റെമേൽ അനുഗ്രഹങ്ങളെ (പ്രസാദങ്ങ

ളെ) വഷിക്കുകയും ആന്തരികാന്ധതയെ അവനിൽ നിന്നു് നിഷ്കാസനം ചെയ്യുകയും ചെയ്യും........ധ്യാനാത്മകമായ ഈദൃശഭക്തി സജീവമായ ഒരു അഭിമുഖ ദൈവദർശനത്തെ നമുക്കു പ്രദാനം ചെയ്യും. ഇപ്രകാരമുള്ള ഭക്തിമുഖേനയാണു് 'പരമപുരുഷനെ' പ്രാപിക്കേണ്ടതു്'' (വേദാർത്ഥസംഗ്രഹം നമ്പർ 125) ഇതാണു് ഈ ലോകത്തിൽ നമുക്കു ലഭിക്കാവുന്ന ഈശ്വരസാക്ഷാൽക്കാരം.

ഇഹത്തിൽ ഭക്തിയോഗത്തിലൂടെ ആരംഭിക്കുന്ന ഈശ്വരസാക്ഷാൽക്കാരം സ്വർഗ്ഗത്തിൽ (വൈകുണ്ഠത്തിൽ) നമുക്കു ലഭിക്കാനിരിക്കുന്നതിന്റെ പ്രാരംഭം മാത്രമാണു്. പരിപൂർണ്ണ വിമുക്തി കൈവരുന്ന ആ സമയത്തു് ഈശ്വരസത്തയെ അഭിമുഖമായി ദർശിക്കാൻ കഴിയും. അപരിമേയത്വവും സൃഷ്ടിസ്ഥിതിസംഹാരകത്വവും ഒഴികെ ദൈവത്തിന്റെ മറ്റെല്ലാ സമ്പൂർണ്ണതകളിലും ഗുണഗണങ്ങളിലും പരിമിതമായ തോതിൽ ആത്മാവിനു ഭാഗഭാക്കാകാം; ആത്മാവു് ദൈവമായി, ദൈവികമായി, ഭവിക്കും. (5) അമാനുഷികമായ ഈ "ഐശ്വര്യാവസ്ഥ" ആത്മാവു് എന്നേക്കുമായി അനുഭവിക്കും. അതിന്റെ സർവ്വാഗ്രഹങ്ങളും ദൈവത്തിൽ നിറവേറും. ദൈവദർശനത്തിൽക്കൂടെ ആത്മാവു് എല്ലാം അറിയും. ചുരുക്കത്തിൽ, പ്രാപ്യമായ എല്ലാ ആനന്ദാനുഭൂതികളും ശാന്തിയും അതിനു കരഗതമാകും. ഇനി അതു് സംസാരദുഃഖത്തിലേക്കു തിരിച്ചു വരികയില്ല; വേറൊരു ശരീരം സ്വീകരിക്കുകയുമില്ല. അഥവാ സ്വീകരിച്ചാൽത്തന്നെയും അതു് ദുഃഖത്തിനല്ല, ആനന്ദത്തിനുമാത്രമേ കാരണമാകുകയുള്ളൂ.

(5) Cfr. ശ്രീഭാഷ്യ PP 755 and Sqq.
"പരമമായ സ്വർഗ്ഗീയാനന്ദം ദൈവസത്തയെ അഭിമുഖമായി ദർശിക്കുന്നതിൽ അടങ്ങിയിരിക്കുന്നു". ibi. P. 770. "ദൈവദർശനം ദൈവദാനമാണു്; ആത്മാവിനു സ്വശക്തിയാൽ നേടാൻ സാദ്ധ്യമല്ല". ibi. P. 768. ദൈവദർശനത്തിൽക്കൂടെ ആത്മാവിന്റെ സകല ആഗ്രഹങ്ങളും സാധിതമാകുന്നു''. എന്നാൽ ആത്മാവു് ഒരിക്കലും ദൈവമാകുന്നില്ല. 'ഇഹത്തിൽ അന്തമില്ലാത്ത കഷ്ടതകൾ അനുഭവിച്ച ഒരു നികൃഷ്ടകീടമായ ആത്മാവു് ദൈവമാകുകയെന്നുള്ളതു്-സർവ്വ സമ്പൂർണ്ണതകളുടെയും ഗുണങ്ങളുടെയും കേന്ദ്രവും ഉല്പത്തിയുമാകുകയെന്നുള്ളതു്-ഒരിക്കലും സാദ്ധ്യമല്ല''. idi. P. 469 Cfr. also pp. 470, 658 etc.

### ഒരു താരതമ്മ്യം

മനുഷ്യന്റെ ഈ ലോകജീവിതം, അതിന്റെ ലക്ഷ്യം, മരണാന്തരസ്ഥിതി തുടങ്ങിയ അതിപ്രധാന സംഗതികളെക്കുറിച്ചു് സത്യതിരുസ്സഭയുടെ പഠനങ്ങളോടു വളരെയധികം സാധർമ്മ്യമുള്ളതാണു് രാമാനുജന്റെ അനുമാനങ്ങൾ. ആത്മാവിന്റെ പൂർവ്വാസ്തിത്വം, പുനർജന്മം, കർമ്മം ആദിയായ ഹിന്ദുമത വിശ്വാസങ്ങൾ യാതൊരു ക്രൈസ്തവനും സ്വീകാര്യമല്ലെന്നുള്ളതു വാസ്തവം തന്നെ. ഇവ യുക്തികൊണ്ടു തെളിയിക്കാൻ കഴിയുമെന്നു രാമാനുജൻ വാദിക്കുന്നുമില്ല. ഹൈന്ദവ പാരമ്പര്യമനുസരിച്ചു്, വേദങ്ങളിലും ഉപനിഷത്തുകളിലും എഴുതപ്പെട്ടിരിക്കുന്നതുകൊണ്ടു് ഇവയും രാമാനുജൻ സ്വീകരിച്ചുവെന്നേയുള്ളൂ. മനുഷ്യജീവിതത്തെ സ്പർശിക്കുന്ന നിഗൂഢങ്ങളായ ചില മൗലിക പ്രശ്നങ്ങൾക്കു ഉത്തരം നൽകുന്നതിനു് ചില ഭാരതീയ ചിന്തകർ കണ്ടുപിടിച്ച അഭ്യൂഹങ്ങൾ മാത്രമാണിവ. ഏതാദൃശമായ ഹിന്ദുമത സിദ്ധാന്തങ്ങളൊഴികെ രാമാനുജന്റെ നില വിശിഷ്യാ ആദ്ധ്യാത്മിക ജീവിതത്തെ സ്പർശിക്കുന്ന പ്രബോധനങ്ങൾ നമുക്കും പൊതുവേ സ്വീകാര്യമാണെന്നു പറയാം.

തിരുസ്സഭയിലെ ആദ്ധ്യാത്മിക ശാസ്ത്രജ്ഞന്മാർ ആദ്ധ്യാത്മിക ജീവിതത്തെ വിശുദ്ധീകരണ ഘട്ടം (Purgative way), പുണ്യാഭ്യസനഘട്ടം (Illuminative way), ഈശ്വരൈക്യഘട്ടം (Unitive way) എന്നു മൂന്നായിട്ടാണല്ലോ വിഭജനം ചെയ്തിരിക്കുന്നതു്. കുരിശിന്റെ വി. യോഹന്നാന്റെ "കർമ്മലഗിരിയാരോഹണ" ത്തിലും Ascent of Mount Carmel), വി. അമ്മത്രേസ്യായുടെ "സുകൃത സരണി (Way of Perfection)യിലും ആന്തരിക ഹർമ്മ്യത്തിന്റെ (Interior Castle) ആദ്യത്തെ നാലു സദനങ്ങളിലും ശുദ്ധീകരണം, പുണ്യാഭ്യാസം എന്ന രണ്ടുഘട്ടങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. "സജീവ തീജ്ജ്വാല" (Living Flame ,"ഒരു ആത്മാവിന്റെ സ്നേഹഗീത" (Canticle of the soul) എന്നീ ഗ്രന്ഥങ്ങളിൽ കുരിശിന്റെ വി. യോഹന്നാനും,'ആന്തരിക ഹർമ്മ്യ'ത്തിലെ ഒടുവിലത്തെമൂന്നു സദനങ്ങളിൽ വി. അമ്മത്രേസ്യയും ദൈവൈക്യത്തെപ്പറ്റി വർണ്ണിക്കുന്നു. ആവിഷ്കൃതസത്യങ്ങളെയും സ്വാനുഭവങ്ങളെയും ആധാരമാക്കി ചമച്ചിട്ടുള്ള വിശ്വാത്തരമായ ഈ മൗ

# ഭൂമിയിൽ സ്വർഗ്ഗം പ്രതിബിംബിക്കുകയാണോ?

(ജെ. ജോസഫ്, കണ്ടത്തിൽ, പോസ്റ്റുലന്റ്, ചെറുപുഷ്പഭവനം, ഏറ്റുമാനൂർ)

ഭാരത കർമ്മലീത്താ ഒന്നാംസഭയുടെ രണ്ടാം വസന്തത്തിലെ ആദ്യത്തെ പൂക്കളായ ഞങ്ങൾ, കർമ്മലീത്താക്കുഞ്ഞുങ്ങൾ, നിഷ്പാദുകകർമ്മലസഭയുടെ നവീകരണത്തിന്റെ നാലാംശതാബ്ദാഘോഷങ്ങൾക്ക് നവപരിമളം വീശിക്കൊണ്ട് സ്വതന്ത്ര ഭാരതത്തിലെ, വളരുന്ന തലമുറയോട് എന്തെല്ലാമോ പറയുന്നതായി തോന്നുന്നു. ഞങ്ങളുടെ കുറച്ചുകാലത്തെ, കൊച്ചു കൊച്ചു പരിചയംകൊണ്ട് കർമ്മലീത്താ ജീവിതത്തെപ്പററിയും, ആ സഭയുടെ അരൂപിയെപ്പററിയുമെല്ലാം ഞങ്ങൾക്ക് സാമാന്യമായ, ഒരു ധാരണ ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അതു് ബഹുമാന്യ വായനക്കാരിലേക്കു പകത്തുവാനുള്ള ഒരു വിനീത യത്നമാണിതു്. അതു് കൊഞ്ചിക്കൊഞ്ചി ഞങ്ങളുടെ ഭാഷയിൽ പറയുമ്പോൾ, വായനക്കാർക്കു അരോചകമായി ഭവിക്കുകയില്ലെന്നു കരുതുന്നു

സന്യാസാർത്ഥികളായ ഈ കർമ്മലീത്താ കുഞ്ഞുങ്ങളുടെ ജീവിതത്തേപ്പററി പറയുകയാണെങ്കിൽ, അതു് ശിശുക്കളുടെ ഒരു ജീവിതമാണ്. ശിശുക്കൾ എല്ലായ്പ്പോഴും സന്തോഷചിത്തരാണ്. അവക്ക് എന്തെങ്കിലും സങ്കടമുണ്ടായാൽ, അവരുടെ മാതാവ് അവരെ

---

തിക ശാസ്ത്രഗ്രന്ഥങ്ങളിൽ ആദ്ധ്യാത്മിക സരണിയുടെ ഓരോപടിയും അതുല്യമായ സാഹിത്യസൗകുമാര്യത്തോടുകൂടി അവർ ചിത്രണംചെയ്തിട്ടുണ്ട്. രാമാനുജന്റെ ഉൽബോധനങ്ങൾ അത്ര വിപുലമെന്നോ എല്ലാററിലും അവരുടേതിനോടു സമാനമെന്നോ പറയാൻ തരമില്ലെങ്കിലും, തത്വത്തിൽ ഇരുകൂട്ടരും വളരെയധികം യോജിക്കുന്നുവെന്നു നിഷ്പക്ഷമായി വിധിക്കുന്ന ആരും സശിരഃകമ്പം സമ്മതിക്കും. സത്യം ആരു പറഞ്ഞാലും മുഖം നോക്കാതെ സ്വീകരിക്കുന്ന മഹത്പാരമ്പര്യം കത്തോലിക്ക സഭയ്ക്കുണ്ട്. നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങൾ തന്നെ ക്രൈസ്തവേതരരായ ചിന്തകർ പറയുമ്പോൾ, നമ്മുടെ പഠനങ്ങളുടെ സത്യതയും യുക്തതയും ദൃഢതരമാകുകയാണു ചെയ്യുന്നതു്.

ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ച കാര്യങ്ങളിൽ മററു മതക്കാർക്കു കത്തോലിക്കരിൽ നിന്നുള്ള മൗലികമായ വ്യത്യാസങ്ങളിലൊന്ന് ഇതാണ്. കത്തോലിക്കൻ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഏതു ഘട്ടത്തിലും അതിസ്വാഭാവികമായ നിലയിൽ ആയിരിക്കുമ്പോൾ ക്രൈസ്തവേതരൻ ഈശ്വരൈക്യത്തിലാണെങ്കിൽത്തന്നെയും സ്വാഭാവിക തലത്തിൽ മാത്രം നിൽക്കുന്നു. രാമാനുജനെ സംബന്ധിച്ചിടത്തോളം ഇവിടെയും അല്പ വ്യത്യാസം കാണുന്നുണ്ട്. പാപനിർമാർജ്ജനം ലഭിക്കുക, ഈശ്വര സാക്ഷാൽക്കാരം സാധിക്കുക, കർമ്മസംസാരത്തിൽനിന്നു പൂർണ്ണ വിമുക്തി പ്രാപിക്കുക, സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി ദർശിക്കുക ഇവയെല്ലാം എന്തു പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്താലും സ്വന്തം ശക്തിയാൽ പ്രാപിക്കുക സാദ്ധ്യമല്ലെന്നും ദൈവത്തിന്റെ സഹായം അഥവാ 'പ്രസാദം' അനുപേക്ഷണീയമാണെന്നും രാമാനുജൻ ആവർത്തിച്ചു പറയുന്നുണ്ട്. ഇതു നമ്മുടെ ദൈവവരപ്രസാദസിദ്ധാന്തത്തോടു വളരെ അടുത്തുവരുന്നുണ്ടെന്നതിനു തർക്കമില്ല. ആവിഷ്കൃത സത്യങ്ങളുടെ സഹായമില്ലാതെ മനുഷ്യബുദ്ധിയെമാത്രം ആശ്രയിച്ച്, മതത്തിലെ സുപ്രാധാനങ്ങളായ ഏതാദൃശ സത്യങ്ങൾ ഇത്രത്തോളം ശരിയായി പഠിപ്പിക്കുവാൻ കഴിഞ്ഞതിൽ അക്രൈസ്തവനായ രാമാനുജൻ തികച്ചും പ്രശംസാർഹനാണ്. വിജ്ഞാനവാദം, അദ്വൈതവാദം തുടങ്ങിയ അപകടകരങ്ങളായ തത്വസംഹിതകളുടെയിടയിൽ യഥാർത്ഥമായവയെ ഇത്രത്തോളം വിവേചിച്ചറിയാൻ സാധിച്ചതു് വിസ്മയാവഹമെന്നേ പറയേണ്ടൂ. "മനുഷ്യാത്മാവ് പ്രകൃത്യാ ക്രൈസ്തവമാണ്". (Anima humana est naturaliter cristiana) എന്ന തെർത്തുലിയന്റെ വാക്കുകൾ രാമാനുജനിൽ അന്വർത്ഥമായിരിക്കുന്നു. ഈദൃശങ്ങളായ സത്യാന്വേഷണങ്ങളുടേയും ഉത്കൃഷ്ടഗ്രഹങ്ങളുടേയും സാക്ഷാൽക്കാരം അതിന്റെ പരിപൂർണ്ണരൂപത്തിൽ കത്തോലിക്കാമതത്തിൽ മാത്രമാണ് സാധിതമാകുന്നതെന്ന് ചിന്താശീലരായ ആളുകൾക്ക് അനായാസേന മനസ്സിലാക്കാം.

ആശ്വസിപ്പിക്കും. ശിശുക്കൾക്ക് എല്ലായ്പ്പോഴും അമ്മയുടെ മടിയിൽ കയറിയിരിക്കുവാൻ ഒരു പ്രവണതയുണ്ട്. അതാണ് അവരുടെ സന്തോഷം. വേറെ യാതൊരു ചിന്തയുമില്ലാത്തതിനാൽ, ഞങ്ങൾ വർദ്ധിച്ച സന്തോഷം അനുഭവിക്കുന്നു. പിന്നീട് ഞങ്ങൾക്ക് വല്ലതുമൊക്കെ പഠിക്കുവാനും, പാടുവാനുമുണ്ടെങ്കിൽ, അതെല്ലാം ഞങ്ങളെ പഠിപ്പിക്കുവാൻ ഞങ്ങളുടെ പ്രിയപ്പെട്ട ആത്മപിതാക്കന്മാരുണ്ട്. ചുരുക്കത്തിൽ, കൃത്യനിഷ്ഠയോടുകൂടി പഠനവും, കളിയും, പ്രാർത്ഥനയുമുല്ലാസവുമെല്ലാം നടത്തുമ്പോൾ, അതുതന്നെ വലിയ സന്തോഷത്തിന് വക തരുന്നതാണ്. സംഘം ചേർന്നുള്ള ജീവിതത്തിന്റെ മാധുര്യം വർദ്ധിപ്പിക്കുന്നതു് പരസ്നേഹമാണല്ലോ; അങ്ങനെ നോക്കുമ്പോൾ, ഒരു കർമ്മലീത്താ യോഗാർത്ഥിയുടെ ജീവിതം സ്വർഗ്ഗത്തിലെ മാലാഖമാരുടേതുതന്നെയാണ് എല്ലാക്കാര്യങ്ങളും അധികാരികളുടെ ആജ്ഞയ്ക്കു വിധേയമായി ചെയ്യുമ്പോൾ, അവയ്ക്കു് പ്രത്യേകമായ ഒരു ചൈതന്യവും പുണ്യയോഗ്യതയുമുണ്ട്. ഒരു കർമ്മലീത്താ യോഗാർത്ഥിയുടെ ജീവിതം ഉണ്ണിയീശോയുടെ ജീവിതത്തിന് സമാനമാണ്. കൂടാതെ എന്നും വിശുദ്ധ കുർബ്ബാന സ്വീകരിക്കുവാനും, അങ്ങനെ ആ ഉണ്ണിയീശോയോട് സമാനനാകുവാനും, ഒരു കർമ്മലീത്താ യോഗാർത്ഥിക്കു സാധിക്കുന്നു.

ഉണ്ണിയീശോ മാതാവിനേയും യൗസേഫ് പിതാവിനെയും എങ്ങനെ സ്നേഹിച്ചോ, അനുസരിച്ചോ, അതുപോലെതന്നെ ഒരു കർമ്മലീത്താ കുഞ്ഞിന് ദൈവത്തെ സ്നേഹിക്കുവാനും അനുസരിക്കുവാനും അനുഭവിക്കുവാനും സാധിക്കുന്നു. ഇതു് ഈ ലോകത്തിൽ യാതൊരു ശക്തിക്കും പ്രദാനം ചെയ്യുവാൻ സാധിക്കാത്ത ഒരു മഹാസൗഭാഗ്യമാണ്.

കാർമ്മൽ എന്ന വാക്കിന്റെ അർത്ഥം പൂന്തോട്ടമെന്നാണ്. ഉണ്ണിയീശോ, ആ പൂന്തോട്ടത്തെ വളരെയധികം സ്നേഹിക്കുന്നു. ഉണ്ണിയീശോ പലപ്പോഴും ആ പൂന്തോട്ടത്തിൽ വിശ്രമിക്കും. ഉണ്ണിയീശോ, തനിക്ക് ഏററവും പ്രിയപ്പെട്ട കർമ്മലാരാമത്തെ, ദൈനംദിനം പ്രശോഭിപ്പിക്കുന്നു. ശോഭയുള്ള പൂച്ചെടികളും, പൂക്കളുംകൊണ്ടു് അങ്ങനെ കർമ്മലാരാമത്തെ നിറയ്ക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. തനിക്ക് ഏററം കൂടുതൽ ആനന്ദം പ്രദാനം ചെയ്യുന്ന കർമ്മലാരാമത്തെ സംരക്ഷിക്കുവാൻ ഉണ്ണിയീശോ പ്രിയപ്പെട്ട തന്റെ കർമ്മലാംബയെത്തന്നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതു്. ആ അമ്മയുടെ പരിചരണത്താൽ കർമ്മലീത്താ സഭ തഴച്ചു വളർന്നു കൊണ്ടിരിക്കുകയാണ്. ആ സ്വർഗ്ഗീയ മാതാവു് ലോകത്തിന്റേതായ എന്തെങ്കിലും താല്പര്യങ്ങൾ ഇഷ്ടപ്പെടുന്നില്ല. കൂടുതൽ കൂടുതൽ പരിമളമുള്ള പുഷ്പങ്ങളെക്കൊണ്ടു് കർമ്മലാരാമം നിറയ്ക്കണമെന്നു മാത്രമെ, ആ അമ്മയും ആഗ്രഹിക്കുന്നുള്ളു.

കാർമ്മൽ ആദ്ധ്യാത്മികാനുഗ്രഹങ്ങളുടെ പോഷകഭൂമിയാണ്. അവിടെ തഴച്ചുവളരുന്ന പൂച്ചെടികൾക്കു പ്രധാനമായി പോഷകം ലഭ്യമാകുന്നതു് അതിന്റെ പാരമ്പര്യ സമ്പത്തുകൊണ്ടാണ്. കർമ്മല സഭയിൽ അതിന്റെ അരൂപിയോടുകൂടി ഒരാൾ പ്രവേശിച്ചു കഴിയുമ്പോഴേക്കും സഭാസ്ഥാപകരായ വിശുദ്ധരുടെ യോഗ്യതകളും അവരിലേക്കു പ്രവഹിക്കുകയാണ്. അങ്ങനെ ഒരു കർമ്മല ശിശു ഉണ്ണിയീശോയുടെ ജീവിതം നയിച്ചുകൊണ്ടു് വിശുദ്ധ കൊച്ചുത്രേസ്യാ, അമ്മത്രേസ്യാ യോഹന്നാൻ ക്രൂശ് എന്നിവരേപ്പോലെ കർമ്മലാംബികയുടെ പ്രത്യേക സംരക്ഷണത്താൽ പരിശുദ്ധ ത്രിത്വത്തിലേക്ക് ഉയരുകയാണ്.

സംഘജീവിതം! ഒരു കർമ്മലീത്താക്കുഞ്ഞിന്റെ ജീവിതം കൂട്ടുചേർന്നുള്ളതാണ്. കൂട്ടുചേർന്നുള്ള ജീവിതത്തിൽ പരസ്നേഹത്തിനും ത്യാഗത്തിനും വലിയ സ്ഥാനമുണ്ടു്. അവയാണ് വാസ്തവത്തിൽ സംഘ ജീവിതത്തെ സന്തോഷ പ്രദമാക്കുന്നതു്. ഒരു കർമ്മലീത്താ യോഗാർത്ഥി എല്ലാററിലുമുപരിയായി ഈശോയെ സ്നേഹിക്കുകയും അതോടൊപ്പംതന്നെ തന്റെ സാഹോദര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സന്യാസ ജീവിതത്തിന്റെ ആണിക്കല്ലു് അനുസരണയും, സഹോദരസ്നേഹവുമാണെന്നു് ഒരു കർമ്മലീത്താക്കുഞ്ഞു വളരെ വേഗം പഠിക്കുന്നു. മനുഷ്യാത്മരക്ഷയ്ക്കായി ഏററവും കൂടുതൽ പീഡയനുഭവിച്ചു ഈശോയേയും മാതാവിനേയും ആശ്വസിപ്പിക്കുവാൻ അതിനു് എളുപ്പത്തിൽ സാധിക്കുന്നു. അങ്ങനെ അതു് ആന്തരിക ജീവിതത്തിന്റെ മാധുര്യം അനുഭവിക്കുവാൻ തുടങ്ങുന്നു. എന്നാൽ ആന്തരിക ജീവിതത്തിൽ ഉന്നതി പ്രാപിച്ച ഒരു കർമ്മലീത്താ സന്യാസിയുടെ ജീവിതം പരിശോധിച്ചാൽ താഴെപ്പറയുന്ന സംഗതികൾ വ്യക്തമാകും.

കർമ്മലീത്താ ജീവിതം നമ്മുടെ കർത്താവിന്റെ ജീവിതംപോലെ തപസ്സിന്റെ ഒരു ജീവിതമാണെ

# പൗലീനോസ് പാതിരിയുടെ ഒരു വിശിഷ്ട കാവ്യം

(ഈ. ആർ. ഡി. നമ്പൂതിരി)

"ഭാഷയുടെ പരമോപകർത്താക്കളിൽ ഒരാളായി പൗലീനോസ് പാതിരി പരിലസിക്കുന്നു. നൂററമ്പതു കൊല്ലങ്ങൾക്കുമുമ്പ് മലയാളമെന്നൊരു ഭാഷയും അതിന് അതിമനോജ്ഞമായ ഒരു സാഹിത്യവുമുണ്ടെന്നും യൂറോപ്യന്മാരെ ധരിപ്പിച്ചതു് അദ്ദേഹമാണല്ലൊ" എന്നിങ്ങനെയാണ് പ്രസിദ്ധപണ്ഡിതനും കേരളസാഹിത്യഗവേഷകനും കേരളസാഹിത്യചരിത്രകാരനുമായ ഉള്ളൂർ തന്റെ സാഹിത്യചരിത്രത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. ഈ പ്രസ്താവന ലേശവും അതിശയോക്തിപരമല്ലെന്ന് അദ്ദേഹത്തിന്റെ മലയാളഭാഷാപ്രവർത്തനങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. മലയാളത്തിൽ വെറും പതിമ്മൂന്നുകൊല്ലംമാത്രം കഴിച്ചുകൂട്ടുകയും അതിനിടയിൽ ആഗമനോദ്ദേശ്യമായ മിഷ്യനറിപ്രവർത്തനത്തിനു പുറമെ മലയാളസംസ്കൃതഭാഷാസാഹിത്യങ്ങളിൽ ഗ്രന്ഥങ്ങൾ രചിച്ച് കേരള സാഹിത്യമണ്ഡലത്തിലും സ്വനാമധേയം സുവർണ്ണാങ്കിതമാക്കിത്തീർക്കുകയും ചെയ്ത പൗലിനോസ് പാതിരി അസാമാന്യൻ തന്നെയാണ്. മലയാളത്തിൽ ഏഴ് കൃതികളാണ് പാതിരി രചിച്ചതായി ഗണിച്ചുപോരുന്നതു്. അതിൽ രണ്ടു ശാസ്ത്രഗ്രന്ഥങ്ങൾകൂടി ഉൾപ്പെടുന്നുവെന്നതിൽ നിന്നും ഏതത്ഭാഷയിൽ അദ്ദേഹം എത്രമാത്രം വൈദുഷ്യം നേടിയിരുന്നുവെന്ന് സഹൃദയസജ്ജനം ഊഹിയ്ക്കുയാണ് നല്ലതു്. രണ്ടു പദ്യകൃതികളും മൂന്നു ഗദ്യകൃതികളും രണ്ടു ഭാഷാശാസ്ത്രകൃതികളുമാണ് പൗലീനോസിന്റെ മലയാളകൃതികൾ. ഇവയിൽ പലതും അച്ചുസ്പർശമേല്ക്കാതെയും അക്ഷിവീചികൾക്കഗോചരമായും ഇന്നും കഴിയുന്നുവെന്നതു് അച്ചടിയുടെ യുഗമായ ഇക്കാലത്തു് അത്ഭുതാവഹവും ജുഗുപ്സാവഹവുംതന്നെയാകുന്നു. കേരളത്തിൽ മുഴത്തിനു് മുന്നൂറെന്നപോലെ അച്ചടിശാലകളും പ്രസിദ്ധീകരണാലയങ്ങളുമുണ്ടായിട്ടും മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുള്ള പ്രാചീനസമ്പത്തുകളെ അനാവരണം ചെയ്യാനാരും ഒരു ശ്രമംപോലും നടത്തുന്നില്ലെന്നുള്ളതു് അതീവശോച്യം തന്നെയാണ്. തിരുവിതാംകോട്ട് വാണിരുന്ന രാമവർമ്മമഹാരാജാവിൽനിന്നും താൻ രചിച്ച ഒരു കൃതിക്കു വീരശൃംഖല സമ്മാനമായി വാങ്ങിയ ആസ്ട്രിയാക്കാരനും കർമ്മലസന്യാസസഭാങ്ഗവും പണ്ഡിതപ്രകാണ്ഡവുമായ പൗലീനോസ് പാതിരിയുടെ അമുദ്രിതവും അതിമനോഹരവുമായ ഒരു പദ്യകൃതിയെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നതു്. അതിലെ സാഹിത്യഗുണഗണങ്ങളെക്കുറിച്ച് നാം വിലയിരുത്താനായി ഒരു വിചിന്തനം നടത്തുമ്പോൾ നൂററിയെഴുപതുകൊല്ലത്തിനുമുമ്പുണ്ടായ കൃതിയാണെന്നും അതുതന്നെ ഒരു വൈദേശികന്റെ ഒരു വ്യാഴവട്ടക്കാലത്തെ ഭാഷാപരി

---

കിലും, എന്തുകൊണ്ടാണ് ഒരു കർമ്മലീത്താ സന്യാസി സർവ്വദാ തികച്ചും സന്തോഷചിത്തനായി കാണപ്പെടുന്നതു്? കാരണം മറെറാന്നുമല്ല. തികഞ്ഞ ആത്മാർപ്പണത്തിന്റെയും ത്യാഗത്തിന്റെയുമായ ഒരു ജീവിതത്തിൽ മാത്രമെ ഇത്രമാത്രം സൗഭാഗ്യം കൈവരുകയുള്ളു. ഞങ്ങളുടെ ഉല്ലാസ സമയങ്ങളിലും മററും അവരുടെ സന്തോഷവും ആഹ്ളാദ പ്രകൃതിയും കണ്ടിട്ട് സ്വർഗ്ഗംതന്നെ അവരിൽ പ്രതിബിംബിക്കുകയാണോ എന്ന് തോന്നിപ്പോകുന്നു. വാസ്തവത്തിൽ സന്യാസജീവിതത്തിന്റെ മാധുര്യം അതിന്റെ തനിനിറത്തിൽ ബാഹ്യലോകത്തിനനുഭവപ്പെട്ടിരുന്നെങ്കിൽ തീർച്ചയായും എല്ലാവരും ലോകമുപേക്ഷിച്ച് സന്യാസ സഭകളിൽ പ്രവേശിക്കുമെന്നാണ് ഒരു വിശുദ്ധന്റെ അഭിപ്രായം. ഒരു കർമ്മലീത്ത സന്യാസിയുടെ ഹൃദയത്തിലുള്ള സൗഭാഗ്യം സ്വർഗ്ഗത്തിലെ മാലാഖമാർക്കുപോലും അസൂയ ജനിപ്പിക്കത്തക്കതാണ്. കാരുണ്യവാനായ ദൈവത്തെ സ്നേഹിച്ചുകൊണ്ടു് അനന്ത നന്മയായ ആ ദൈവത്തോടു് ഐക്യപ്പെട്ടു ലോകത്തിന്റെ മുൻപിൽ അപ്രത്യക്ഷനായിക്കഴിയുന്ന ഓരോ കർമ്മലീത്താ സന്യാസിയും നിത്യഭവനത്തിലെന്നപോലെ ഇഹത്തിൽവച്ചുതന്നെ സ്വർഗ്ഗസൗഭാഗ്യമനുഭവിക്കുവാൻ തുടങ്ങുന്നു. അവർക്ക് ജീവിതത്തെപ്പററി ഉൽക്കണ്ഠയില്ല, ഭാവിയെക്കുറിച്ചാകുലതയില്ല. ഒരു ഭൗതിക ശക്തിയേയും അവർ ഭയപ്പെടുന്നില്ല. അവരുടെ ബലിജീവിതം സർവ്വശക്തനും കാരുണ്യവാനുമായ ദിവ്യനാഥന്റെ ആത്മദാഹത്തെ ശമിപ്പിക്കുവാൻ ഉപകരിക്കാതിരിക്കുമോ?

---

ശ്രമഫലമാണ് എന്നും സവിശേഷം ഓർമ്മിക്കേണ്ടതാകുന്നു. പൗളീനോസിന്റെ ജീവചരിത്രം ഇന്ന് ഏറെക്കുറെ പ്രചരിതമായതിനാൽ അതെക്കുറിച്ചൊന്നും ഇവിടെ പറയേണ്ടതില്ല. സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ അദ്ദേഹത്തിന് പ്രത്യേകം വൈദഗ്ദ്ധ്യമുണ്ടായിരുന്നുവെന്ന് ഈ ലേഖനത്തിനാസ്പദമായ കൃതി തെളിയിക്കുന്നുണ്ട്. ഇത്രയും ആമുഖമായി പ്രസ്താവിച്ചുകൊണ്ട് പ്രകൃതത്തിലേക്കു കടക്കാം.

മുദ്രണം ചെയ്യുന്നതായായ ക്രൌൺ 1/8 വലിപ്പത്തിൽ പരമാവധി രണ്ടര ഫാറത്തിൽ ഒതുങ്ങത്തക്കവണ്ണം ഹ്രസ്വമായ ഒരു കൃതിയാണ് 'ദേവസ്യഷഷ്ഠചിഹ്നഗാനം' എന്നതു്. 'ദൈവത്തിന്റെ ആറുലക്ഷണങ്ങൾ' എന്നതിനെ മലയാളീകരിക്കാവുന്നതാണ്. 'ഡെസെക്സ് ഡിവീനിസ് ആട്രിബ്യൂട്ടിസ്' (De Sex Divinis Attributis) എന്നാണ് ലത്തീനിൽ കവി കൊടുത്തിരിക്കുന്ന ഗ്രന്ഥനാമം. ഓരോ ലക്ഷണവും ഓരോ ഗാനമാണ്. അതിനും പുറമെ ഉപസംഹാരഗാനമായി ഏഴാമതും ഒരു ഗാനമെഴുതി ചേർത്തിട്ടുണ്ട്. അവിശ്വാസ്യങ്ങളായ ഒട്ടേറെ കാര്യങ്ങളെ സസൂക്ഷ്മം ചിന്തിച്ച് തള്ളേണ്ടവയെ ദൂരെയെറിഞ്ഞ് യുക്തിയ്ക്കും അനുമാനത്തിനുമുള്ളിൽ നില്ക്കുന്ന തത്വങ്ങളെയാണ് പാതിരി ഇതിൽ സ്വീകരിച്ചിട്ടുള്ളതു്. 'ഏക ദൈവതം, യാ പരാശക്തി'യെന്ന വചനത്തെയാണ് പാതിരി ആദ്യന്തം വിസ്തരിച്ചിട്ടുള്ളതു്. ദൈവം ഏകനാണ്; അദ്ദേഹത്തിന് അസാദ്ധ്യമായി യാതൊന്നുമില്ല; ദൈവം ആകാരവിഹീനനും നിത്യനും നിരാമയനും സർവ്വവ്യാപിയും സർവ്വനിയന്താവുമാണ്; അദ്ദേഹം അദ്വിതീയനാണ്; മത്സ്യകൂർമ്മാദ്യവതാരങ്ങളായും മററും ദൈവം ജന്മമെടുത്തുവെന്നു പറയുന്നതും മൂർത്തിശക്ത്യാദിഭേദകല്പനകളും അനർത്ഥകരമാണ്; അങ്ങനെയുള്ളതു ദൈവമല്ല—ഇത്യാദി പരാമർശനങ്ങൾ അദ്ദേഹത്തിന്റെ കൃതിയിൽ സുലഭമാണ് ഇതിൽനിന്നും ഒന്നു രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. ഒന്നാമതു് അദ്ദേഹത്തിന് ഹൈന്ദവമതത്തിലും തത്സംബന്ധമായ പുരാണേതിഹാസങ്ങളിലും പരിപക്വമായ ജ്ഞാനമുണ്ടായിരുന്നതാണ്. ഏതത് ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽമാത്രം വിരചിതമായിരുന്നതിനാൽ ആ ഭാഷയിൽ അദ്ദേഹത്തിന് അനന്യസാധാരണമായ നൈപുണ്യം ഹ്രസ്വകാലംകൊണ്ടു നേടുവാൻ കഴിഞ്ഞുവെന്നാണ് രണ്ടാമതു് വ്യക്തമാകുന്ന കാര്യം.

'സർവ്വേശ്വരായ നമഃ' എന്ന പ്രാരംഭ നമസ്കൃതിയോടെയാണ് കാവ്യം തുടങ്ങുന്നതു്. അനന്തരം സാമാന്യം വിസ്തൃതമായ ഒരു സ്തുതിയാണ് കാണുന്നതു്. അതിങ്ങനെ തുടങ്ങുന്നു:—

അനന്തകൃപാ.നാഥാ! സമസ്തഗുണനിധേ!
അഖണ്ഡജ്ഞാനവിത്തേ, നിരുപമദൈവമേ!
ആദികാരണശാന്താ! ബാലിശബോധധ്വാന്ത-
ഹാരി! ചാരുശാലനാം പരമദീപ്തിധരാ!
ലോകത്തിൽ ലോപാഹന്ത, സർവ്വമംഗലമാണ്ട
ലോലധരാപാലകാ! ലൗകികാതീതവിഭോ!
സർവ്വജ്ഞൻ! സർവ്വവ്യാപി! സർവ്വദാ നമോസ്തുതേ.
സർവ്വേശാ! പരാപരാ! പരമൻ നമോനമ;

അനന്തരം ദൈവമഹിമയെക്കുറിച്ച് സരസമായിവർണ്ണിക്കുന്നുണ്ട്. പിന്നീടാണ് പ്രകൃതത്തിലേയ്ക്കു കടക്കുന്നതു്. കൂടുതൽ ഉദ്ധാരണത്തിന് ഇവിടെ തുനിയുന്നില്ല. കാരണമുണ്ടതിന് എന്റെ കൈവശം കിട്ടിയ പകർപ്പിൽ അശുദ്ധപാഠങ്ങൾ സുലഭങ്ങളാണ്. ഇവയെല്ലാം പകർത്തിയെഴുതിയ തൂലികയുടെ വഴിപിഴച്ച പ്രയാണവും ബുദ്ധിയുടെ അപരിമേയമായ അപക്വതയും കൊണ്ടാണ് സംഭവിച്ചതെന്നു കരുതാനാണ് കൂടുതലും ന്യായം കാണുന്നതു്. ഇതിന്റെ മൂലകൃതി ഇന്നു സുലഭമല്ലെങ്കിലും അടുത്തുതന്നെ ഒരെണ്ണം എത്തിച്ചുതരാമെന്ന് ഒരു ഭാഷാപ്രണയി ഏററിട്ടുണ്ട്. അതുവച്ചുകൊണ്ട് ഒരു ശുദ്ധപാഠം തയാറാക്കുവാൻ ഈ ലേഖകൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇവിടെ സൂചിപ്പിയ്ക്കട്ടെ. കാലവിളംബം കൃത്യാന്തരബഹുലതമൂലം സംഭവിച്ചേയ്ക്കാമെന്നതിനാൽ മററു ഭാഷാപ്രണയികളും ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ് എന്നും സൂചിപ്പിക്കട്ടെ.

ഗ്രന്ഥകാരന്റെ നാമമോ രചനാകാലമോ ഈ കൃതിയിൽ പദ്യരൂപത്തിലോ ഗദ്യരൂപത്തിലോ നിബന്ധിച്ചിട്ടില്ല. അക്കാലത്തു് അതനാവശ്യമെന്ന് പൗളിനോസ് കരുതിയിരുന്നിരിക്കണം. കാവ്യാവസാനത്തിൽ വിനാവിഘ്നമുണ്ടായ പരിസമാപ്തിക്ക് കവി ഈശ്വരസ്തുതിചെയ്തുകൊണ്ട് കാവ്യം നിർത്തിയിരിക്കയാണ്. അവസാനം 'ഇതിദേവസ്യ ഷഷ്ഠചിഹ്നഗാനം സമാപ്തം ദേവമാത്രേ നമഃ ശുഭമസ്തു' എന്നു കാണുന്നു. ഇതു സംസ്കൃതരീതിയാണല്ലോ. അനവധി സംസ്കൃതപദപ്രയോഗങ്ങളും തമിഴിന്റെ സ്വാധീനതയും ഇതി

## കൽവാരിയിലേയ്ക്കുള്ള-

# ദൈവവിളി

എഡ്വേർഡ് റോഡ്രിക്സ് (തലശ്ശേരി)

ദിവസവും സന്ധ്യനേരത്തു ആ മണൽത്തിട്ടയിൽ ഞാൻ വന്നിരിക്കുക പതിവാണ്—കുറെ ചിന്തിക്കുവാൻ. ഏകാന്തത എനിക്കു് കൂടുതൽ കൂടുതൽ താല്പര്യമായി തോന്നി. കടൽത്തീരത്താടിക്കുഴയുന്ന പൂവല്ലികളും, മരാമരങ്ങളും കൂടുകൂടെ ചിരിച്ചെന്നെ പരിഹസിച്ചു.



ലേഖകൻ

വേടൻ അമ്പെയ്തു ചിറകൊടിച്ചു വീഴ്ത്തിയ ഒരു പക്ഷികണക്കേ സമുദായത്തിൽനിന്നെല്ലാം ഞാനൊഴിഞ്ഞു ജീവിച്ചുപോന്നു. എനിക്കാജീവിതത്തിൽ വേദനയില്ല, കണ്ണുനീരില്ല, ആവലാതിയില്ല. ഭൂതലം ആർത്തുവിളിക്കട്ടെ! അറബിക്കടൽ അലറിപ്പായട്ടെ! എനിക്കതിൽ പരിഭ്രമമില്ല.

അന്നു വൈകുന്നേരം പൂർവാധികം സന്തോഷത്തോടുകൂടിയാണു് ഞാൻ മണൽപ്പുറത്തേക്കു പുറപ്പെട്ടതു്. അതിനു് പ്രത്യേകകാരണമുണ്ടു്—അന്നാണു് ഞാൻ ഹൈസ്കൂൾ പാസ്സായ വിവരം അറിഞ്ഞതു്. ഏവരും അന്നെന്നെ ഹൃദയപൂർവ്വം അഭിനന്ദിച്ചു, ഭാവുകങ്ങളാശംസിച്ചു. അതേ, ഞാനിനി എന്റെ കാര്യം തീരുമാനിക്കേണ്ടിയിരിക്കുന്നു........അതു ഞാൻ ഉറപ്പിച്ചു കഴിഞ്ഞിരിക്കയാണു് പക്ഷേ.....! എന്റെ പ്രിയപ്പെട്ട മാതാവിനോടു് ഞാനിതുവരെയും അക്കാര്യം തുറന്നു പറഞ്ഞില്ല. എത്രനാൾ എനിക്കതു് എന്റെ മാതാവിൽനിന്നു മറച്ചുവെക്കുവാൻ സാധിക്കും! എന്റെ ഹൃദയം ഒരു സമരവേദിയായി മാറിക്കഴിഞ്ഞിരുന്നു.

സൂര്യൻ എന്തോ അത്യാവശ്യകാര്യം പ്രമാണിച്ചു പടിഞ്ഞാറോട്ടു ധൃതിയിൽ പാഞ്ഞുകൊണ്ടിരിക്കയാണു്. മൂളിപ്പാട്ടുമായി ഒരു കൊച്ചു കാററിഴഞ്ഞു മുമ്പോട്ടു നീങ്ങി. ലക്കില്ലാതെ പക്ഷിക്കൂട്ടം വാനിൽ ചുററിനടക്കുന്നു. ഉൽസാഹവും ഊർജ്ജസ്വലതയുമായി പ്രകൃതി അങ്ങനെ പരിലസിക്കുകയാണു്. പരിതസ്ഥിതികൾ മറന്നങ്ങനെ ഞാനിരുന്നു ചിന്തയിലാണ്ടുപോയി. ഈ ലോകപ്രൌഢികൊണ്ടും കീർത്തിപ്രതാപംകൊണ്ടും എന്തു നേട്ടമാണു് മനുഷ്യനുണ്ടാകുവാൻ പോകുന്നതു്!

അവൻ മാനമായി മനുഷ്യനായി ജീവിക്കും. മരിക്കും! വൻചതിയുടെ പിന്നാലെ പായുന്ന മനുഷ്യൻ—മായയുടെ പിന്നാലെ പായുന്ന മനുഷ്യൻ—മൌനമായി ജീവിക്കുമെന്നു തോന്നുന്നില്ല. ഈ ലോകത്തിൽ സ്നേഹിക്കുവാനായി ഒരു ഹൃദയമുണ്ടു്. അതാണു് കാൽവരിയിലെ കനത്ത ക്രൂശിൽകിടന്നു ദീനദീനം നീറിനീറി മരിച്ച സത്യദൈവമായ ഈശോയുടെ സുന്ദരഹൃദയം. അവിടെയാണു സാക്ഷാത്തായ സ്നേഹം, അവിടെയാണു സ്നേഹത്തിന്റെ വററാത്ത ഉറവ. അവിടെവേണം ഞാനെന്റെ ദാഹം തീർക്കുവാൻ.

അന്നു വൈകുന്നേരം കടൽത്തീരത്തേക്കു എന്നോടൊന്നിച്ചു എന്റെ സഹോദരിയും പുറപ്പെട്ടിരു

---

ലുടനീളം കാണാം. അതക്കാലത്തെ ഭാഷാരീതിയുടെ സവിശേഷതയാണതാനും. ഇവയ്ക്കു് ഏറെത്താമസിയാതെ മുദ്രണഭാഗ്യവും തദ്വാരാ സാഹിത്യത്തിൽ സുസ്ഥിരതയും ലഭിക്കട്ടെയെന്ന പ്രാർത്ഥനയോടെ ഈ വിചിന്തനം നിർത്തുന്നു.

ന്നു. ഞങ്ങൾ മണൽപ്പുറത്തിരുന്നു തമാശപറയുവാൻ തുടങ്ങി. എന്തോ എനിക്കൊരുൽസാഹക്കുറവ്, ഒരു മന്ദത. സഹോദരിയോടക്കാര്യം തുറന്നു പറയണമോ? അതവളുടെ ഹൃദയത്തെ വേദനിപ്പിക്കില്ലേ? ധൈര്യപൂർവ്വം ഞാനവളോട് സംസാരിക്കാനാഞ്ഞു. പക്ഷേ....! എന്റെ ഹൃദയം വല്ലാതെ തുടിക്കുന്നു. ശരീരമാകെ വിറയ്ക്കുന്നു. വാക്കുകൾ പുറത്തേക്കു വരുന്നില്ല. അവൾ സംസാരം നിർത്തി അത്ഭുതപരതന്ത്രയായി ചോദിച്ചു. "ഹാ–, ചേട്ടാ, എന്തുപറ്റി?" എനിയ്ക്കെന്തൊക്കെയോ പറയണമെന്നു തോന്നി. പക്ഷേ വാക്കുകൾ പുറത്തുവന്നില്ല. "എന്താണു ചേട്ടാ ഇതു്, ചേട്ടനെന്തുപറ്റി, ഞാനെന്തുചെയ്തു സഹോദരാ........?" ഞാനല്ല നേരം പരിഭ്രമിച്ചിരുന്ന സഹോദരിയുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. ആ മുഖം വാടിത്തളർന്നിരുന്നു. അൽഭുതംകൊണ്ടാകണ്ണിണകൾ പരിഭ്രമിച്ചിരുന്നു. "ചേട്ടാ–, താങ്കൾക്കെന്തു സംഭവിച്ചു?" വാടിത്തളർന്ന പൂമൊട്ടിൽനിന്നു പിന്നേയും ഒരു ചോദ്യം. "ഒരു ചെറിയ തലചുറ്റൽ, എന്താണെന്നറിവില്ല." "ഇല്ല, താങ്കൾ എന്തോ എന്നിൽനിന്നു മറച്ചുവയ്ക്കുന്നു. പറയു സഹോദരാ, ഞാനെന്തെങ്കിലും ചെയ്തുപോയെങ്കിൽ മാപ്പുതരു...." "അരുതു സഹോദരി, മാപ്പുചോദിക്കാൻ പറ്റിയതരത്തിൽ നീ യാതൊരപരാധവും എന്നോടു ചെയ്തിട്ടില്ല." ഞാൻ സഹോദരിയെ വിലക്കി.

"എങ്കിൽ പറയൂ, ചേട്ടാ, തീർച്ചയായും എന്തോ എന്നിൽനിന്നു മറച്ചുവക്കുവാൻ ശ്രമിക്കുന്നു." ആവലാതിപൂണ്ട സ്വരത്തിൽ സഹോദരി പറഞ്ഞുനിറുത്തി. "ഇല്ല, ഞാനൊന്നും സഹോദരിയിൽനിന്നു മറച്ചുവക്കുന്നില്ല. എനിക്കൊരുകാര്യം നിന്നോടു പറയണമെന്നു തോന്നുന്നു. നീയതു കേട്ടാൽ വ്യസനിക്കില്ലെന്നു ഉറപ്പുതന്നാൽ ഞാൻ തുറന്നു പറയാം." "ഞാനെന്തിനു വ്യസനിക്കണം, പറയൂ ചേട്ടാ—സഹിക്കുവാനും, ക്ഷമിക്കുവാനും, മറക്കുവാനും കഴിവുള്ളവനല്ലേ മനുഷ്യൻ?" അവൾ തത്വജ്ഞാനത്തിന്റെ കെട്ടഴിച്ചു.

"സഹോദരീ, ഞാനീലോകസുഖങ്ങളെ വിട്ടുപേക്ഷിച്ചിട്ട്, ഒരു വൈദികനാകുവാൻ തീരുമാനിച്ചിരിക്കുന്നു." ഞാൻ പെട്ടെന്നു നിറുത്തി. സഹോദരിയുടെ മുഖകമലത്തിലൊരു മിന്നൽപിണർ ചിന്നിമറഞ്ഞു. സ്ഫടികസമാനം വിലസിയിരുന്ന ആ കണ്ണിണകൾ പരിഭ്രമത്താലെന്നെ തുറിച്ചുനോക്കി. ആ ചെഞ്ചുണ്ടുകളിൽ ശോകത്തിന്റെ കരിംകാറ പടന്നു. ആ കവിൾത്തടത്തിലൂടെ കണ്ണുനീർത്തുള്ളികൾ ഇറ്റിറ്റുവീണു. നിശബ്ദനിമിഷങ്ങൾ വേദനയുടെ മഹാഭാണ്ഡവുമായി ഞരങ്ങിനീങ്ങി ഞങ്ങൾ രണ്ടുപേരുമറിയാതെ.

"ചേട്ടാ, അവസാനം താങ്കൾക്കിതും തോന്നി. ഈ സ്നേഹശൃംഖല തല്ലിത്തകർക്കണമെങ്കിൽ, താങ്കൾക്കെന്നെ പിരിഞ്ഞാലെ സമാധാനമായി ജീവിക്കുവാൻ സാധിക്കുകയുള്ളുവെങ്കിൽ, അതു നടക്കട്ടെ. ഞാനെന്തിനൊരു പ്രതിബന്ധമായി നില്ക്കണം." അവളുടെ വാക്കുകൾക്കൊരു ജീവനുണ്ടായിരുന്നു.

"പ്രിയപ്പെട്ട സഹോദരി, നിന്റെ പേലവലോലമായ ഹൃദയത്തെ മുറിവേല്പിക്കാൻ ഞാൻ തത്രപ്പെട്ടന്നെന്നു നീ കരുതുന്നുവോ? സഹോദരീ, നശ്വരതയുടെ ഈ ലോകത്തിൽ, വഞ്ചതിയുടെ ഈ മോഹനാരാമത്തിൽ, വേദനയുടെ ഈ നൃത്തവേദിയിൽ നമ്മുടെ ഈ സ്നേഹകുസുമത്തിന്നു വാട്ടവും കോട്ടവും തട്ടാതെ കാത്തുസൂക്ഷിക്കാമെന്നു നീ വ്യാമോഹിക്കുന്നുവോ? എത്രയെത്ര സ്നേഹശൃംഖലകളെ പൊട്ടിച്ച്, അതിന്റെ ദയനീയ വേദന അനുഭവിച്ച്, നീറിനീറി മരിച്ചവരുടെ മരണവേദനകണ്ട് പൊട്ടിച്ചിരിച്ച ദയനീയ ചരിത്രമാണീലോകത്തിനുള്ളതെന്നറിയാമോ? ഞാനെന്റെ പ്രിയപ്പെട്ട സഹോദരിയെ വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ആ കണ്ണുനീർ കാണുവാൻ ഞാൻ ശക്തനല്ല, സഹോദരീ."

എന്റെ വാക്കുകൾക്കു ഇടർച്ച സംഭവിച്ചു—എന്റെ പ്രിയപ്പെട്ട സഹോദരിയുടെ ശോകകണ്ണുനീർ കാണുവാൻ അശക്തനെന്നമട്ടിൽ സൂര്യൻ പടിഞ്ഞാറ് ചെന്നു സമുദ്രത്തിന്റെ അഗാധത്തിലേക്കാണ്ടിറങ്ങി. ചുറ്റും ഇരുൾ വ്യാപിച്ചു.

അന്നു ഞാൻ തിരക്കിട്ട ജോലിയിലായിരുന്നു. വളരെ വിഷമിച്ചിട്ടാണെങ്കിലും സെമിനാരിയിൽ ചേരുവാനുള്ള അനുവാദം അമ്മയിൽനിന്നു വാങ്ങി. അടുത്ത ഞായറാഴ്ച സെമിനാരിയിലെത്തണം. ബന്ധുമിത്രാദികളിൽ ആരെത്തന്നെയും കണ്ടില്ല. അവരുടെ അനുഗ്രഹങ്ങൾ വാങ്ങിയില്ല. കൂട്ടകാരോടു യാത്രചോദിച്ചില്ല—കൈനീണ്ട ഷർട്ടുതുന്നിക്കിട്ടിയിട്ടില്ല. പെട്ടിയും മററനേക സാധനങ്ങളും ഒരുക്കിക്കഴിഞ്ഞിട്ടില്ല. എല്ലാംകൂടി ഒരു നൂറുകൂട്ടം ജോലിയുണ്ട്. സഹോദരീസഹോദരന്മാരുടെ സഹായസഹകരണങ്ങളോടെ എ

ല്ലാം ഒരുക്കി. എന്നെപ്പററിത്തന്നെ എനിക്കറിവില്ലാതെ ഞാനെന്തൊക്കെയൊ ചെയ്തുകൂട്ടി.

അന്നു വൈകുന്നേരം വിസീത്ത കഴിക്കുവാനായി പള്ളിയിൽ പോയ ഞാൻ വഴിയിൽവച്ചു കൂട്ടുകാരിൽ പലരേയും കണ്ടുമുട്ടി. ചിലർ പരിഹാസപൂവ്വം ചോദിച്ചു; "എന്താ സ്നേഹിതാ, അച്ചൻപണിക്കു് പോകുന്നെന്നു് കേട്ടല്ലോ? ഈ ഇരുപതാംനൂണ്ടിലുണ്ടോ, സഹോദരാ, ഇത്തരത്തിലുള്ള തലതിരിഞ്ഞ ചിന്തകൾ? താങ്കളുടെ തലയിൽ ഏതു പാതിരിയാണീവേദാന്തം തള്ളിക്കയററിയതു്?" "ഇല്ല, സഹോദരാ, ഒരു വൈദികനും ഇതിനുവേണ്ടി എന്നെ പ്രോത്സാഹിപ്പിച്ചില്ല. നമ്മുടെ ദിവ്യനാഥൻ ഒരു വരത്തു നിന്നുകൊണ്ടു എൻെറ കണ്ണ്പുടങ്ങളിൽ മന്ത്രിക്കുന്നു: 'എനിക്കു ദാഹിക്കുന്നു. കുഞ്ഞേ, നിൻെറ ഹൃദയം എനിക്കു നല്കുക. അതേ, സഹോദരാ, സ്നേഹത്തിൻെറ ഉറവയായ ആ ക്രിസ്തുനാഥൻെറ ഹൃദയത്തിൽ ഒട്ടിച്ചേരുന്നതുവരെ എൻെറ ഹൃദയം സ്വസ്ഥത പ്രാപിക്കയില്ല. രണ്ടായിരം വർഷങ്ങൾക്കുമുമ്പു സമുദായത്തിൽ നിലനിന്നിരുന്ന അനീതികൾക്കും, അക്രമങ്ങൾക്കും എതിരേ സ്വരമുയത്തിയ ആ ധീര ഹൃദയത്തെ, സത്യത്തിന്നും നീതിക്കും സ്നേഹത്തിന്നും വേണ്ടി കുത്തിപിളക്കപ്പെട്ട ആ ദിവ്യ ഹൃദയത്തെ മറക്കുവാൻ ആൎക്കാണു് കഴിയുക? ലോകത്തിൽ സത്യവും, നീതിയും, ധമ്മവും വളൎത്തുവാൻ ദൈവം മനുഷ്യനായി. എന്നാൽ എന്തുഫലം! ഇന്നും മനുഷ്യൻെറ സ്വാർത്ഥത അവനേത്തന്നെ വഞ്ചിക്കുന്നു; അനീതിക്കും അധർമ്മത്തിനും അവൻ കൂട്ടു നില്ക്കുന്നു. നമ്മേപ്പോലെ ചുറുചുറുപ്പുള്ള ചെറുപ്പക്കാർ സമരഭൂമിയിൽ അണിനിരക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ചരിത്രത്തിൽ ഞാനാദ്യമല്ല, ആയിരമായിരം സഹോദരന്മാർ മുമ്പേ പോയിക്കഴിഞ്ഞു. ധമ്മം യാചിച്ചു ജീവിക്കുവാൻ തുനിഞ്ഞ വി. ഫ്രാൻസീസ് അസ്സീസി ഇററലിയിലെ ഒരു വലിയ കച്ചവടപ്രമാണിയുടെ മകനായിരുന്നു. "മനുഷ്യാ, ലോകം മുഴുവൻ നീ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു ഫലം!" ഈയൊരു വാക്യംമൂലം മാനസാന്തരപ്പെട്ടു് ആത്മാക്കളെ തേടി നമ്മുടെ നാട്ടിലെത്തിയ വി. ഫ്രാൻസീസ് സേവിയർ ഒരു വലിയ ധനാഢ്യനും പാരീസ് സവ്വകലാശാലയിലെ ഒരുന്നത ബിരുദധാരിയുമായിരുന്നു. ജിവിതം മുഴുവൻ, പരിത്യജിക്കപ്പെട്ട കുഷ്ഠരോഗികൾക്കായി ചെലവഴിച്ച ഫാദർ ഡാമിയൻെറ കഥ! നീഗ്രോ തൊഴിലാളികളുടെ ആശ്വാസകനായി ജീവിതം ബലിയപ്പിച്ച വേറൊരു വിശുദ്ധൻ. അതുപോലെ പലരും............! ഇവയെല്ലാമാണു് എന്നെയും ഒരു വൈദികനാക്കുവാൻ പ്രേരിപ്പിച്ച ചിന്തകൾ."

ആനന്ദസംദായകമായ വിദ്യാലയജീവിതം, ആവേശസമ്പൂൎണ്ണമായ അക്കാലത്തെ പൊതുരംഗപ്രവത്തനം, മധുരമനോഹരമായ കുടുംബജീവിതം എല്ലാം അവസാനിക്കാൻ പോവുകയാണു്. സ്നേഹത്തിൻെറയും പരിത്യാഗത്തിൻെറയും കല്ലും, മുള്ളും, ക്ലേശങ്ങളും നിറഞ്ഞ പാതയിലൂടെ നടന്നുകയറുവാനുള്ള സാഹസകൃത്യത്തിലേയ്ക്കു ഞാൻ അണിഞ്ഞൊരുങ്ങുകയാണു്. ലോകപ്രതാപം പുറംതള്ളിയിട്ടു്, ആനന്ദത്തിൻെറ പൂമെത്ത വലിച്ചെറിഞ്ഞിട്ടു്, കാൽവരിയിലെ ആ കനത്ത കുരിശിനെ ആശ്ലേഷിക്കുക. ഞാനൊന്നു ഞെട്ടി. പക്ഷേ എൻെറ മാനസകോണുകളിൽ മാറെറാലിക്കൊണ്ട ആ ഗലിലേയൻെറ വാക്യശകലങ്ങൾ എനിക്കു ധൈയ്യം പകർന്നുതന്നു: "പരിപൂൎണ്ണനാകുവാൻ ഇച്ഛിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിററിട്ടു് നിൻെറ കുരിശുമെടുത്തു എന്നെ അനുഗമിക്കുക".

---

ജനുവരിയിൽ

പൊതുനിയോഗം

സഭാ ഐക്യത്തിനായി പ്രോട്ടസ്റ്റൻറുകാർക്കിപ്പോഴുള്ള ആഗ്രഹം ക്രിസ്തുവിൻെറ സത്യസഭയിലേയ്ക്കു് അവരെ ആനയിക്കുന്നതിനു്.

മിഷ്യൻ നിയോഗം

കത്തോലിക്കാസഭയുടെ ലോകവ്യാപകമായ പ്രേഷിതപ്രവത്തനങ്ങൾക്കു് സുനഹദോസ് ഫലപ്രദമായ സഹായം നൽകുന്നതിനു.

# ആ മഹാസംഭവം

(കുമാരി കെരൂബീനാ എയിൻജൽ, ചെറുപുഷ്പസഖ്യതാംഗം, തിരുവനന്തപുരം.)

"ഒടുവിൽ എൻെറ ആയുഷ്ക്കാലത്തിലെ ഏററവും മനോഹരമായ സുദിനം വന്നു. ആ പരിശുദ്ധ വിനാഴികകളിലുണ്ടായ നിസ്സാരസംഭവങ്ങളെക്കൂടി എത്ര വിവരമായി ഞാനോക്കും." നവമാലികാസഖി. p. 82.



ലേഖക

മഹാവിശുദ്ധയായ കൊച്ചുത്രേസ്യ, തൻെറ ജീവിതകാലത്തിലെ ഏററം വലിയ ഒരു കാര്യത്തെപ്പററി പറയുകയാണ്, ആ സംഭവംനടന്ന ദിനം സുദിനവും, വിനാഴിക പരിശുദ്ധവുമാണെന്ന്. എന്തായിരിക്കാം ആ മഹാസംഭവം. ഇതു മറെറാന്നുമല്ല, ഈ വിശുദ്ധയുടെ ആദ്യ കുർബാന സ്വീകരണമാണ്.

ഈ ആദ്യ കുർബാനസ്വീകരണം നമ്മുടെ മദ്ധ്യസ്ഥയായ വി. കൊച്ചു ത്രേസ്യാക്ക് ഒരു മഹാസംഭവം തന്നെയായിരുന്നു. താൻ ആരെയാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹത്തിൻെറ ശക്തിയെന്തെന്നും അദ്ദേഹം തന്നിൽ എന്തു ചെയ്യുന്നെന്നും അവളുടെ കഴിവനുസരിച്ച് അവൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. അദ്ദേഹം തൻെറ ഏകനേതാവും, സർവ്വനന്മദാതാവും, ജീവിതഭാഗ്യവിധാതാവും, സർവ്വശത്രുക്കളെയും ജയിച്ച ജേതാവും, ഇവക്കെല്ലാം ഉപരിയായി അദ്ദേഹം തൻെറ അൻപുള്ള നാഥനുമാണെന്ന് അവൾ ധരിച്ചിരുന്നു. മാത്രമല്ല, പ. കുർബാനവഴി സർവ്വശക്തനായ ദൈവം നിസ്സാരമായ ഒരു സൃഷ്ടിയുമായി ഒന്നിക്കുന്നു എന്ന വിസ്മയനീയവും അത്ഭുതാവഹവുമായ സത്യം നല്ലപോലെ അവൾ ഗ്രഹിച്ചിരുന്നു. തന്നിമിത്തം പ. കുർബാനയുടെ സ്വീകരണം, പ്രത്യേകിച്ച് ആദ്യകുർബാനകൈക്കൊള്ളൽ ഒരു മഹാസംഭവമായിക്കാണുവാൻ അവൾക്ക് സാധിച്ചു.

നമ്മുടെ ആദ്യകുർബാനകൈക്കൊള്ളൽ ഇപ്രകാരമായിരുന്നോ എന്ന് ചിന്തിക്കുന്നതു് ഇത്തരുണത്തിൽ ഉചിതമായിരിക്കും. നമുക്ക് അതൊരു മഹാസംഭവമായിരുന്നില്ലെങ്കിൽ തീർച്ചയായും പ. കുർബാനയെപ്പററി ആ വിശുദ്ധക്കുണ്ടായിരുന്ന അറിവ് നമുക്കുണ്ടായിരുന്നില്ലെന്നുള്ളതാണ് അതിനുള്ള പ്രധാന കാരണം. മേലിൽ നാം പരി. കുർബാന സ്വീകരിക്കുമ്പോൾ ഇപ്രകാരം സംഭവിക്കാതിരിപ്പാൻ നമ്മുടെ ഹൃദയത്തിൽ ആഗതനാകുന്ന ആ ശിശു ആരാണെന്നും എന്തിനാണ് വരുന്നതെന്നുംമററുമുള്ള കാര്യങ്ങൾ നാം ശരിക്കു മനസ്സിലാക്കണം. അദ്ദേഹത്തിൻെറ ജീവിതം, നമുക്കുവേണ്ടി അദ്ദേഹം സഹിച്ചിട്ടുള്ള പരിത്യാഗപ്രവൃത്തികളുടെ ഒരു ഘോഷയാത്രയാണെന്ന സത്യം നാം വിസ്മരിക്കരുതു്. പ. കുർബാനയോടടുക്കുമ്പോൾ ഈവിധ ചിന്തകളുടെ തരംഗപരമ്പരകൾ ഇടമുറിയാതെ നമ്മുടെ മനസ്സിൽ വന്നാഞ്ഞടിച്ചുകൊണ്ടിരിക്കണം. നാം ചെയ്യുവാൻപോകുന്നതു് ഒരു മഹത്കൃത്യമാണെന്ന് ഇവ തീർച്ചയായും നമുക്കു മനസ്സിലാക്കിത്തരും.

വി. കൊച്ചുത്രേസ്യായുടെ ആദ്യകുർബാന കൈക്കൊള്ളൽ ആ ദിവസത്തെ മനോഹരമായ ഒരു സുദിനമാക്കിയെന്നു മാത്രമല്ല, പ്രസ്തുത ആ ദിവസത്തിലെ വിനാഴികകളെക്കൂടി "പരിശുദ്ധ"ങ്ങളാക്കിത്തീർക്കുകയും ചെയ്തു. വിനാഴികകൾ എങ്ങനെയാണ് പരിശുദ്ധങ്ങളാകുന്നതു്? വിനാഴികകളുടെ വിശുദ്ധി തൽസമയത്താഗതനായ ആളിൻേറയും അദ്ദേഹത്തെ സ്വീകരിച്ച ആളിൻേറയും, തജ്ജന്യമായ ഫലങ്ങളുടേയും പരിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. ആഗതനോ! പരിശുദ്ധരിൽ പരിശുദ്ധനായ ദൈവം!! സ്വീകർത്താവ്? ആത്മീയനൈർമ്മല്യം പ്രതിബിംബിക്കുന്ന ഒരു കൊച്ചു കുട്ടി. പ. കുർബാനയുടെ സ്വീകരണാനന്തരം ആ കുട്ടിയിൽ ഉളവായഫലങ്ങൾ ആ കുഞ്ഞിനെ ഒരു മഹാവിശുദ്ധയാക്കിത്തീർത്തു. ഇപ്രകാരം പലവിധത്തിൽ പ. കുർബാനയുടെ സ്വീകരണം ആ വിനാഴികകളെ പരിശുദ്ധമാക്കിത്തീർക്കുകതന്നെ ചെയ്തു.

ഒന്നല്ല എത്രയോ പ്രാവശ്യം നാം പരിശുദ്ധ കുർബാന സ്വീകരിച്ചിട്ടുണ്ട്. എപ്പോഴെങ്കിലും വി. കൊച്ചുത്രേസ്യാക്ക് തോന്നിയപോലുള്ള അനുഭവം നമ്മ

ക്കണ്ടാകുകയൊ, നാം പരിശുദ്ധരായിത്തീരുകയൊ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനു കാരണം പ. കുർബാനയിലായിരിക്കാൻ നിവൃത്തിയില്ല. സൂര്യൻ കണ്ണാടിക്കും, മണ്ണാങ്കട്ടക്കും ഒരുപോലെ പ്രകാശം നൽകുന്നു. പക്ഷെ ഫലമെത്ര വിചിത്രം! കണ്ണാടി സൂര്യനെ മുഴുവനായി സ്വീകരിച്ച് അതിനെ പ്രതിബിംബിക്കുന്നു. തത്സമയം നാം കണ്ണാടിയിൽ നോക്കിയാൽ അവിടെ കാണപ്പെടുന്നത് കണ്ണാടിയല്ല പ്രത്യുത സൂര്യനാണ്. മണ്ണാങ്കട്ടയിലേക്ക് ഇനി ഒന്നു നോക്കുക. അതിൽ സൂര്യന്റെ യാതൊരു പ്രതീതിയും ഉണ്ടാകുന്നില്ല. രണ്ടിനും പ്രകാശം ലഭിക്കുന്ന കാര്യത്തിൽ യാതൊരു കുറവുമില്ലെങ്കിലും ഒന്നു സൂര്യനെപ്പോലെ രൂപാന്തരപ്പെടുകയും മററതു് തനി രൂപത്തിലിരിക്കയും ചെയ്യുന്നു. കാരണം സുവിദിതമാണല്ലൊ.

ഇതുപോലെതന്നെ ദൈവം പ. കുർബാനവഴി തന്റെ വരപ്രസാദമാകുന്ന രശ്മികളെ വററാത്ത ഉറവപോലെ പുണ്യവാനും, തണ്യവാനും ഒരേവിധത്തിൽ നൽകുന്നെങ്കിലും ഫലം വ്യത്യസ്തമാണ്. നല്ലയാളുകൾ പ. കുർബാനയാകുന്ന സൂര്യനെ സ്വീകരിക്കുമ്പോൾ ദൈവാനുഗ്രഹമാകുന്ന പ്രകാശത്താൽ പൂരിതരാകുകയും അവരുടെ ആത്മാവ് സൂര്യനെപ്പോലെ വിശുദ്ധിയിൽ പ്രകാശിക്കയും ചെയ്യുന്നു. വിശുദ്ധരുടെ ഉള്ളിലുള്ളതായ ദൈവികചൈതന്യത്തിന്റെ ബഹിർസ്ഫുരണം അവരുടെ മുഖകമലങ്ങളിൽ ദൃശ്യമാകുന്നുണ്ട്. അലൗകികവും, പാരത്രികവുമായ ഒരു ദിവ്യതേജസ്സ് അവരിൽ പ്രത്യക്ഷമാകുന്നു. അവർ എവിടെ ചെന്നാലും പരിശുദ്ധമായ ഒരന്തരീക്ഷത്തിന്റെ പ്രതീതിയുണ്ടാകുന്നു. സൂര്യനെ പ്രതിബിംബിക്കുന്ന കണ്ണാടിപോലെ സകലർക്കും ശത്രുമിത്രഭേദമെന്യേ പരിശുദ്ധിയാകുന്ന പ്രകാശം നല്കുന്നു. ഇങ്ങനെ നല്ലയാളുകളുടെ ആത്മാവ് പ. കുർബാനയുടെ സ്വീകരണത്തിനുശേഷം സൂര്യനെ പ്രതിബിംബിക്കുന്ന കണ്ണാടിപോലെ ദൈവവുമായി ഒന്നായിത്തീരുകയും ദൈവിതചൈതന്യത്തെ പ്രകാശിപ്പിക്കയും ചെയ്യുന്നു.

ഇതിനു നല്ല ഒരുദാഹരണമാണ് വി. കൊച്ചുത്രേസ്യാ. പ. കുർബാനയുടെ സ്വീകരണാനന്തരം അവളിൽ എന്തു സംഭവിച്ചു എന്ന് അവൾതന്നെ എണ്ണിയെണ്ണിപ്പറയുന്നു. "ഈശോയുടെ പ്രഥമ ആലിംഗനം എത്രയോ മാധുര്യമുള്ളതായിരുന്നു. അതു് സാക്ഷാൽ പ്രേമപരിപൂർണ്ണമായ ആശ്ലേഷംതന്നെയായിരുന്നു. ഇതുവഴി പരിപൂർണ്ണമായ യോജിപ്പ് ഉണ്ടാകുകയാണ് ചെയ്തതു്. അതിൽ പിന്നെ ഞങ്ങൾ രണ്ടുപേരായിരുന്നില്ല." (നവമാലിക P. 83)

കൊച്ചുത്രേസ്യ ഇപ്രകാരം വിശുദ്ധിയിൽ വിളങ്ങുന്നതിനിടയായതു് അവൾ ചെയ്ത ഒരുക്കത്തിന്റെ നിരക്കാണ്. പ. കുർബാനയുടെ സ്വീകരണത്തിനായി മൂന്നുവിധം നമുക്കൊരുങ്ങുവാൻ സാധിക്കും. അവ അകന്നതും, അടുത്തതും, ഉടനെയുള്ളതുമാണ്. അകന്ന ഒരുക്കം അടങ്ങിയിരിക്കുന്നതു് നാം നല്ല ജീവിതം നയിക്കുന്നതിലാണ്. ഇതുസംബന്ധിച്ച് കൊച്ചുത്രേസ്യാ പറയുന്നു, മൂന്നു വയസ്സിനുശേഷം ദൈവം ആവശ്യപ്പെട്ടിട്ടുള്ള യാതൊന്നും താൻ നിരസിച്ചിട്ടില്ലെന്ന്. എത്രയൊ നല്ല ഒരു ജീവിതം! രണ്ടാമതായിട്ടുള്ളതു് അടുത്ത ഒരുക്കമാണ്. നാം അനുദിനം പ. കുർബാന സ്വീകരിക്കുന്നെങ്കിൽ, ഒരു പ്രാവശ്യം സ്വീകരിച്ചതു മുതൽ അടുത്ത ദിവസം രാവിലെവരെ അല്ലെങ്കിൽ തലേദിവസം ഉച്ച മുതൽ കാലത്തുവരെയുള്ള സമയം ഇതിനായി ഉപയോഗിക്കാം. ഇങ്ങനെയുള്ള സമയങ്ങളിൽ വിശുദ്ധ ചെയ്തിരുന്നതു് ഉണ്ണിയീശോയിക്കു് അവളുടെ ഹൃദയത്തിൽ പള്ളികൊള്ളുന്നതിനു് ഒരു പുഷ്പത്തൊട്ടി ഉണ്ടാക്കുകയും, അതു് ദൈവസ്നേഹം, പരസ്നേഹം, ത്യാഗം മുതലായ രാജമല്ലി, ചോളം, ഡയിസി എന്നീ പുഷ്പങ്ങളാൽ അലങ്കരിക്കുകയുമായിരുന്നു. ഇതുപോലെ നാമും ഈ സമയത്തിനുള്ളിൽ ഉണ്ണിയീശോയിക്കായി നമ്മുടെ ഹൃദയത്തിൽ പ്രവൃത്തിയാലുള്ള ദൈവസ്നേഹവും പരസ്നേഹവുംകൊണ്ടു് ഒരു തൊട്ടിലുണ്ടാക്കണം. അതിൽ പരിത്യാഗപ്രവൃത്തികൾകൊണ്ടുള്ള ഒരു കിടക്കയുണ്ടാക്കി വിരിക്കണം. ഉണ്ണിക്കേററം ഇഷ്ടമുള്ളവയാണിവ. പിന്നീടു് സുകൃതജപങ്ങളാകുന്ന മനോഹരപുഷ്പങ്ങൾകൊണ്ടു് ഒരു മാലയുണ്ടാക്കണം. ആശയടക്കങ്ങളും ഇന്ദ്രിയനിഗ്രഹങ്ങളുമാകുന്ന രണ്ടു ലോക്കററ് അലങ്കാരപ്പണികളിൽ മുന്നിട്ടുനിൽക്കണം. അടുത്ത ഒരുക്കസമയം ഇപ്രകാരമുപയോഗിച്ചുകൊണ്ടു് നാം മൂന്നാമത്തതിലേക്ക്-ഉടനെയുള്ള ഒരുക്കത്തിലേക്ക്—കടക്കണം.

അതു് രാവിലെ മുതൽ പ. കുർബാന ഉൾക്കൊള്ളുന്നതുവരെയുള്ള സമയമാണ്. കുർബാന കാണാൻ സാധിക്കുമെങ്കിൽ വളരെ ഭക്തിയോടുകൂടി അതിൽ ഭാഗഭാക്കാകണം. പ. കുർബാനയുടെ സ്വീകരണം ഇതിനെ-കുർബാന കാണുന്നതിനെ-പൂർണ്ണമാക്കുന്നു. ഇടക്കി

ടക്ക് സുകൃത ജപങ്ങളും സ്നേഹപ്രകരണങ്ങളും വി. കൊച്ചുത്രേസ്യ ചൊല്ലിയതുപോലെ നാമും ചൊല്ലണം. സമയമാകുമ്പോൾ സ്നേഹത്താൽ എരിയുന്ന ഹൃദയവുമായി ഭക്തിയോടും, വിനയത്തോടും, കൈകൾ രണ്ടും കൂപ്പിപ്പിടിച്ചുകൊണ്ട് പ. കുർബാന സ്വീകരിക്കയും അതുപോലെതന്നെ തിരിച്ചുവരുകയും ചെയ്യണം. "കമ്മൂണിയൻ റയിലിന്റെ" അടുത്തു ചെന്ന് ഉന്തും തള്ളും ഉണ്ടാക്കരുത്. ചില കുട്ടികളുടെ പ്രവൃത്തി കണ്ടാൽ പശു വേലിപൊളിക്കുന്ന പ്രതീതിയാണുണ്ടാവുക. ചില പശുക്കൾ വേലിപൊളിക്കാനായി കൊമ്പ് രണ്ടും വേലിക്കിടയിൽ കടത്തും, പിന്നീട് തലകൊണ്ടു രണ്ടു 'കിണുക്കുകിണുക്കും' അപ്പോൾ വേലിപ്പത്തലൊക്കെ 'ചടപട'ന്ന് ഒടിഞ്ഞു് അവിടെ ഒരു വേലിപ്പഴുതുണ്ടാകുന്നു. വേലി പഴകിയതെങ്കിൽ പഴുത എളുപ്പമുണ്ടാകുന്നു. ഇതുപോലെ ചില കുട്ടികൾ മുമ്പിൽ മുട്ടുകുത്തിയിരിക്കുന്നവരുടെ ഇടയിൽ കൈ രണ്ടും കടത്തും. പിന്നീട് രണ്ടുവശത്തേക്കുമൊരു തിക്ക്. അടുത്തുള്ളവർ കുറെ 'പഴയ'വരെങ്കിൽ സ്ഥലം എളുപ്പം കിട്ടും. മാത്രമല്ല അവർ പ. കുർബാന സ്വീകരിക്കാനടുക്കുന്നതും, പിന്നീട് തിരിച്ചുപോകുന്നതുമായ വിധം വിചിത്രംതന്നെ. കൈയും വീശി, കാലും വീശി തെക്കുവടക്കു നോക്കിയും, അടുത്തുള്ളയാളിന്റെ തലക്ക് ഒന്ന് 'ഞോണ്ടി'യുമാണ്. ഇവരെ നാം ഒരിക്കലും അനുകരിക്കരുത്. ഇവർ ഈശോയെ സ്വീകരിക്കുന്നതുമൂലം അവിടുത്തെ കൂടുതൽ സങ്കടപ്പെടുത്തുകയാണ് ചെയ്യുന്നതു്. ഇവരെ അനുകരിക്കുന്നതിനുപകരം ഇവക്ക് നാം മാതൃകയായിരിക്കണം. ഇപ്രകാരം നാം ശരിയായി ഒരുങ്ങി ഈശോയെ സ്വീകരിച്ചാൽ തീർച്ചയായിട്ടും നമ്മിലും കൊച്ചുത്രേസ്യയിലുണ്ടായപോലുള്ള ഫലങ്ങളുണ്ടാകാതിരിക്കയില്ല.

പ. കുർബാനയുടെ സ്വീകരണം കഴിഞ്ഞു് ഈശോയിക്ക് നാം ഉപകാരസ്മരണ ചെയ്യണം. ഈശോ നമുക്ക് ചെയ്തിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയണം. നമ്മുടെ ഹൃദയത്തിൽ വരാൻ തിരുമനസ്സായതിൽ അദ്ദേഹത്തെ ഹൃദയംഗമമായി സ്തുതിക്കണം. നമ്മുടെ മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും കുടുംബത്തിനും മറവമായി ഈശോ നൽകിയിട്ടുള്ള സകല സഹായങ്ങൾക്കും നന്ദിപ്രകടിപ്പിക്കണം. നമ്മുടെ ആവശ്യങ്ങൾ എല്ലാം ഈശോയോട് ഹൃദയം തുറന്നു പറയണം. ശിശുസഹജമായ ഹൃദയത്തോടെ നാം അദ്ദേഹത്തിൽ ആശ്രയിക്കണം. പള്ളിയിൽനിന്നും പോകുന്നതിനുമുമ്പായി "മിശിഹായുടെ ദിവ്യാത്മാവെ എന്നെ ശുദ്ധീകരിക്കേണമെ!" എന്ന പ്രാർത്ഥനയും, പൂർണ്ണദണ്ഡവിമോചനത്തിനായുള്ള ക്രിസ്തുരാജനോടുള്ള ജപവും, ക്രൂശിതരൂപത്തിൽ മുമ്പാകെയുള്ള ജപവും ചൊല്ലണം. നാം വീട്ടിലൊ, സ്കൂളിലൊ, മറെറവിടെയോ ആയിരുന്നാലും സത്പ്രവൃത്തികൾവഴിയും ഉപകാരസ്മരണചെയ്യണം. ഇപ്രകാരം ചെയ്താൽ ഈശോ സന്തോഷത്തോടെ നമ്മുടെ ഹൃദയത്തിൽ തുടന്നു വസിക്കുന്നതായിരിക്കും.

ഉപകാരസ്മരണയുടെ കാര്യത്തിൽ ഒരു സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. അതു ദിവ്യ ഉണ്ണിക്കേററം ഇഷ്ടമുള്ളതാണ്. മറെറാന്നുമല്ല, ഈശോയിക്കുവേണ്ടി ആത്മാക്കളെ നേടുക എന്നതാണ്. വി. കൊച്ചുത്രേസ്യാ ഇക്കാര്യം ഗ്രഹിക്കയും, അപ്രകാരം ജീവിക്കയും തൽഫലമായി വേദപ്രചാരമദ്ധ്യസ്ഥയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതും, പാടുപെട്ടതും, മരിച്ചതും ഈ ഉദ്ദേശ്യസാദ്ധ്യത്തിനായിരുന്നു. നമ്മുടെ ദിവ്യനാഥനായ ഈശോ കുരിശിൽ മരിക്കുന്നതിനല്പം മുമ്പായി നമ്മെ നോക്കി ഹൃദയവേദനയോടെ പറയുന്നു, "എനിക്ക് ദാഹിക്കുന്നു" എന്ന്. ഈശോയ്ക്കു് ആത്മാക്കളെ ദാഹിക്കുന്നു എന്ന്. ഏതു ദുഷ്ടനും മരണാസന്നനായ തന്റെ പിതാവിന്റെ ഹിതം അനുവർത്തിക്കാതിരിക്കയില്ല. അപ്പോൾ ശിഷ്യരായിട്ടുള്ളവരോ! കേരളത്തിലുള്ള എത്രയോ വൈദികരും കന്യാസ്ത്രീകളും സഹോദരീസഹോദരന്മാരും ഇന്നു ഉത്തരേന്ത്യയിൽ ആത്മാക്കളെ തേടുന്നു. നാമും അങ്ങോട്ട് തിരിക്കണം. ഒരു പക്ഷെ ഉന്നത കോളേജ് ബിരുദങ്ങളൊ, ഉയർന്ന ഉദ്യോഗസ്ഥപദവികളൊ തേടാനുള്ള ആഗ്രഹം നമ്മെ പിറകോട്ടൊന്നു പിടിച്ചെന്നു വരാം. ഇവയെല്ലാം 'ഇന്നു ഞാൻ നാളെ നി' എന്ന മട്ടിൽ മറയുമെന്നോർത്തു് ശാശ്വത സന്തോഷത്തിനും സമാധാനത്തിനുമായി നമ്മുടെ മുന്നോടികൾ ചെയ്തപോലെ ചതിയനായ ലോകത്തിന്റെ മായാവടമറുത്തുകൊണ്ടു് പറപ്പെടണം. ഇതിനായി ഈശോയിൽനിന്നനുഗ്രഹങ്ങളുടെ നിറകുടങ്ങളാകുന്ന റോസപ്പുഷ്പങ്ങൾ പ്രാപിച്ച് അനവരതം നമ്മുടെ മേൽ ചൊരിയണമെന്ന് നമുക്കു വി. കൊച്ചുത്രേസ്യായോടു് ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കാം.

---

# ഇന്നത്തെ ലോകത്തിൽ അത്മായ യുവാക്കളുടെ കടമ

(എക്സ് ഫ്രഡി ഡിസിൽവാ, ചെറിയതുറ)

വഴിപിഴച്ച ആധുനികലോകത്തിൽ അനേകം യുവാക്കൾ നാശഗർത്തത്തിൽ ആണ്ടുപോയിട്ടുള്ള കാര്യം ദുഃഖത്തോടെ സ്മരിക്കേണ്ടിയിരിക്കുന്നു. ഇതിനു കാരണം അവനവന്റെ അറിവില്ലായ്മയാണ്. ഇതിന്റെയെല്ലാം ഫലമായി എത്ര യുവാക്കളാണിന്ന് ദുരിതമനുഭവിക്കുന്നതു്. ജപമാല ഭക്തിപുരസ്സരം എത്തിക്കുന്നതിലും, ദിവ്യകാരുണ്യസ്വീകരണത്തിലും ഇന്നെത്ര യുവാക്കളാണ് പ്രതിപത്തി കാണിക്കുന്നതു്. മറിച്ച് മദ്യശാലകളിലും, സിനിമാശാലകളിലും, ചൂതുകളിയിലും, നിരീശ്വരപ്രസ്ഥാനങ്ങളിലും, വെടിപറച്ചിലിലും വൃഥാ സമയം പാഴാക്കുന്ന ചെറുപ്പക്കാരാണധികം പേരും. പാപച്ചേററിൽ മുങ്ങി ജീവിക്കുന്നതിനാണോ ഈശ്വരൻ നമ്മെ സൃഷ്ടിച്ചതു്? അല്ല, പിന്നെയോ ഈശ്വരനെ അറിഞ്ഞു്, സ്നേഹിച്ച്, തനിക്ക് സേവനം ചെയ്ത് നിത്യമായ പറുദീസാ കരസ്ഥമാക്കാനാണ്. "മനുഷ്യാ നീ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തുഫലം?" ക്രിസ്തുനാഥൻ നമുക്കുവേണ്ടി അനുഭവിച്ച പീഡകളേയും നമ്മുടെ പാപകാഠിന്യത്തേയും ഓർത്തു് അരമണിക്കൂറെങ്കിലും ആത്മാർത്ഥതയോടെ നാം പശ്ചാത്തപിച്ച് പ്രാർത്ഥിക്കുന്നുണ്ടോ? വളരെ അധികം പീഡകൾ സഹിച്ച്, നിന്ദിതനായി മൂന്നാണിയിന്മേൽ തൂങ്ങി ക്രിസ്തു അന്തരിച്ചതും നമ്മുടെ കഠിനപാപങ്ങൾക്കായിട്ടല്ലേ? യുവാക്കളിൽ എത്രപേരാണ് അതേപ്പററി ചിന്തിക്കുന്നതു്? കുടുംബത്തേയും, മക്കളുടെ വിദ്യാഭ്യാസത്തേയും സംബന്ധിച്ച് തങ്ങൾക്കുള്ള ഗൗരവമേറിയ കടമകളെപ്പററി ചിന്തിക്കാതെ ദൈവദത്തമായ ശക്തിയെ വെറും ലൌകിക സുഖത്തിനുവേണ്ടിമാത്രം വിനിയോഗിക്കുന്നതു് മ്ളേച്ഛമായ ഒരു പ്രവൃത്തിയല്ലേ? അവനവന്റെ ഇന്നത്തെ പെരുമാററത്തെ ആശ്രയിച്ചാണ് ഭാവി തലമുറയുടെ നന്മ സ്ഥിതിചെയ്യുന്നതെന്ന് ഓരോ യുവാവും ഓർത്താലും. നീ നിന്റെ ഇച്ഛാശക്തിയുടെ നാഥനായിരിക്കയും നിന്റെ മനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. ഇതെല്ലാം ഓരോ യുവാവും അവശ്യം ആവശ്യമായി അറിഞ്ഞിരിക്കേണ്ടതാണല്ലൊ. സ്വഭാവനൈർമ്മല്യം യുവാവിന്റെ ഭൂഷണമാണ്. ഒരു മകൻ ഗുരുതരമായ പാപം ചെയ്യുന്നതിനേക്കാൾ മരിക്കുകയാണ് നന്ന് എന്ന് ഒരു നല്ലയമ്മയ്ക്കു് തോന്നാറുണ്ടു്. മനുഷ്യന്റെ സന്മാർഗ്ഗബുദ്ധിയുടെ ലക്ഷണമാണ് ഹൃദയശുദ്ധി. പണ്ടുള്ള ആളുകൾ കാട്ടിറച്ചിയും, കാട്ടുകിഴങ്ങും, കാട്ടുതേനും ഭക്ഷിച്ച് 200 വയസ്സുവരെയും ജീവിച്ചിരുന്നു. എന്നാൽ പരിഷ്കാരം മുന്നേറിയ ഇന്നത്തെ കാലത്തു് സുഖസംപൂർണ്ണമായി ആഹാരം കഴിക്കുന്നവൻപോലും ഇരുനൂറിന്റെ പകുതിയിലെത്തുന്നില്ല. മനുഷ്യൻ ജഡികസുഖം അഭിലഷിക്കുന്നതാണിതിനു കാരണം. യുവത്വം തിങ്ങി നിറഞ്ഞുനിൽക്കുന്ന പലരേയും ചെറുപ്പത്തിൽതന്നെ ജരാനരകൾ ബാധിച്ചതുകാണാം.

സുശക്തമായ ധർമ്മബോധവും നല്ലതു ചെയ്യാനുള്ള നിശ്ചയദാർഢ്യവുമില്ലെങ്കിൽ ഓരോരുത്തനും ദുർമ്മാർഗ്ഗ ജീവിതം തുടരും. നേരേമറിച്ച് അറിവില്ലെങ്കിലും നന്മയ്ക്കുഭിവാഞ്ഛയുള്ളവൻ ആത്മബലമുണ്ടെങ്കിൽ– സുചരിതനായിരിക്കും. ഒരു ക്രൈസ്തവയുവാവിനു് ബ്രഹ്മചര്യം സംരക്ഷിക്കുന്നതിനു് അന്യമതസ്ഥർക്കില്ലാത്ത ശക്തങ്ങളായ രണ്ടു മാർഗ്ഗങ്ങളുണ്ടു്— വി. കുർബാനയും, കുമ്പസാരവും. യുവാവിന്റെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്ന ശക്തമായ ദൈവാനുഗ്രഹം വി. കുർബാനയിൽ ലബ്ധമാകുന്നുവെന്നുള്ള വസ്തുത ഓരോ യുവാവും അറിയുന്നുണ്ടോ? ഉഗ്രമായ പ്രലോഭനങ്ങളിൽനിന്നും രക്ഷനൽകുന്നതു് തുടർച്ചയായിട്ടുള്ള ദിവ്യകാരുണ്യസ്വീകരണമാണ്. വിശുദ്ധ കുർബാന കന്യകകളുടെ വിത്തും, ബലവാന്മാരുടെ അപ്പവുമാകുന്നു.

പരസ്പര വിദ്വേഷവും അസൂയയുംകൊണ്ടു് ഛിന്നഭിന്നമായിരിക്കുന്ന ഇന്നത്തെ ഭൂമുഖത്തെ നവീകരിക്കുവാൻ ഏതൊരു യുവാവാണു മുതിരുന്നതു്? നമുക്ക് ലോകത്തെ നന്നാക്കാൻ കഴിയും. മാത്രമല്ല, നമുക്കോരോരുത്തർക്കുമേ അതിനു സാദ്ധ്യമാകൂയെന്നുകൂടി നാം മനസ്സിലാക്കണം. ദൈവത്തെപ്പററി ചിന്തിക്കാത്തതുകൊണ്ടാണ് നാമതിൽ സംശയിക്കുന്നതു്.

മരണം എല്ലാവരേയും ഒരേനിലയിലാക്കുന്നു. മനുഷ്യരെല്ലാം തുല്യരാണെന്നും, ദൈവത്തിന്റെ മക്ക

ളാണെന്നും അറിഞ്ഞ് പരസ്പരം സ്നേഹിച്ച് ലോകത്തിൽ ശാന്തിയും സമാധാനവും വളർത്തി ലോകത്തെ പറുദീസായായി രൂപാന്തരപ്പെടുത്തുവാനാണ് യേശുക്രിസ്തു മനുഷ്യഗണത്തോടാവശ്യപ്പെടുന്നതു്. ഞാൻ തന്നെ ധാരാളം പോരായ്മകളുള്ളവനല്ലേ? എങ്ങനെയാണ് മററുള്ളവരെ ഞാൻ നന്നാക്കുന്നതു്! ഞാൻ മററുള്ളവരെ നന്നാക്കുന്നതിന് പരിശ്രമിക്കുന്നതുതന്നെ പരിഹാസ്യമല്ലേ? അതൊന്നും എൻെറ പ്രവർത്തനപരിധിയിൽ പെടുന്നതല്ല. ജീവിതവിശുദ്ധി. ഉപദേശം സന്മാതൃകകളിവയെല്ലാം നൽകേണ്ടതു് അച്ചന്മാരുടേയും, കന്യാസ്ത്രീമാരുടേയും ചുമതലയാണ് എന്നൊക്കെ ചില മുടന്തൻ ന്യായങ്ങളുണ്ടായേക്കാം. ഇതു പിശാചിൻെറയൊരു തന്ത്രമാണ്. നമ്മുടെ ജീവിതം എപ്പോഴും പരിശുദ്ധവും, ഉൽകൃഷ്ടവുമാണെന്ന് അന്യർ അറിയണം. ഇവിടെയാണ് ആത്മായരുടെ പ്രാധാന്യം സ്ഥിതിചെയ്യുന്നതു്.

നമ്മിൽ നിന്നാണ് അക്രൈസ്തവർ നമ്മുടെ വിശ്വാസത്തിൻെറ വെളിച്ചം കാണേണ്ടതു്. 2000 വർഷങ്ങൾക്കുമുമ്പ് ക്രിസ്തുനാഥൻ നന്മമാത്രം പ്രവർത്തിച്ചുകൊണ്ടു് പലസ്തീനായിൽ നമുക്കുവേണ്ടി ജീവിച്ച് മരിച്ചു. നമുക്കു നൽകിയ സന്ദേശവും ജീവിതമാതൃകയും നാം തുടരണം. ഇന്നു ലോകത്തിൽ നന്മചെയ്യുന്നതിന് ഓടിനടക്കാൻ പരിപൂർണ്ണനായ നാഥന് നമ്മുടെ കാലുകൾ ആവശ്യമായിരിക്കുന്നു. ഇന്നെത്ര പേർ ക്രിസ്തുനാഥൻെറ മാതൃകയനുസരിച്ച് ജീവിക്കുന്നു! ക്രിസ്തുവിൻെറ മാതൃക അനുകരിച്ച് സന്മാർഗ്ഗജീവിതം നയിക്കുകയാണെങ്കിൽ തീർച്ചയായും നാം ലോകത്തിന് വെളിച്ചമായിരിക്കും 'നന്മ പ്രവർത്തിക്കാൻ അറിയുന്നവൻ അതു്ചെയ്യാത്തപക്ഷം പാപമാകുന്നു'. ഇന്ന് നാമധികംപേരും അത്തരം പാപം ചെയ്യുന്നവരാണ്. നന്മയൊന്നും ചെയ്യാതെ ലോകത്തിൻെറ പോരായ്മകളെ എടുത്തുകാണിക്കാൻ തയ്യാറുള്ള ചെറുപ്പക്കാരാണിന്നധികംപേരും. ഇതുകൊണ്ടെന്തുഫലം? ലോകോദ്ധാരകനായ ക്രിസ്തുവിൻെറ സന്ദേശവും വഹിച്ചുകൊണ്ടു് ധാരാളം വ്യക്തികൾ മുന്നോട്ടുവരുന്നെങ്കിൽ ആപത്ഗർത്തത്തിലേക്കാണ്ടുപോകുന്ന ലോകത്തെ നിയന്ത്രിച്ച് സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ നമുക്കിനിയും കഴിയും. ആരാണ് ഇന്ന് ഇതിനു തയ്യാർ? സകലതും ദൈവത്തിൽ പുനരുദ്ധരിപ്പിക്കുന്നതിന് ധൈര്യസമേതം ലോകരംഗത്തിറങ്ങുക. കള്ളവും, കൃത്രിമവും കാണുന്നിടത്തു് നേർബുദ്ധിയും, സത്യവും പ്രകാശിപ്പിക്കുക; ദ്വേഷവും വൈരാഗ്യവും കാണുന്നിടത്തു് സ്നേഹം വളർത്താൻ പരിശ്രമിക്കുക. ഇതിനെല്ലാം ഓരോ മനുഷ്യനും തയ്യാറാകുന്നോ? ദിവ്യരക്ഷകൻതന്നെ പത്രോസിനെ ബലഹീനതയിൽനിന്നും, പൗലോസിനെ ശത്രുതയിൽനിന്നും, മഗ്ദലേനായെ ജഡികസുഖഭോഗങ്ങളിൽ നിന്നുമല്ലേ ഉദ്ധരിച്ചതു്? അതിനാൽ സകലരേയും നമുക്കു സഹായിക്കാം. മററുള്ളവരെ കുററപ്പെടുത്തിക്കൊണ്ടു് അവരെ നന്നാക്കാൻ ശ്രമിക്കുന്നതു് ഉചിതമല്ല. ദൈവനാമധേയത്തിൽ ഒരു ഭിക്ഷു നമ്മോടു യാചിക്കാൻ വന്നാൽ അവൻെറ നേരേ കണ്ണുരുട്ടിനോക്കി ആട്ടിയോടിക്കാൻപോലും കൂസാത്തവരില്ലേ?

നാമൊരു ഭിക്ഷുവിനോടു് ക്രൂരമായി പെരുമാറിയാൽ അവൻെറ മുമ്പിൽ വി. ഫ്രാൻസീസ് അസീസിയെപ്പോലെ കുമ്പിടാൻ സന്നദ്ധരാകുമോ? കാൽവരിയിൽ നമുക്കുവേണ്ടി മരണവേദനയനുഭവിച്ച ദിവ്യരക്ഷകനോടൊപ്പം നാമും അപമാനകരമായ മരണത്തിന് തയ്യാറാകുമോ? ഇന്നത്തെ ചെറുപ്പക്കാരുടെ മ്ലേച്ഛമായ ജീവിതംമൂലം അക്രൈസ്തവർപോലും ക്രൈസ്തവലോകത്തെ ആകമാനം പഴിക്കുന്നു. അതാണ് 'പ്രശസ്തനായ ഒരു ആംഗ്ലേയകവി വിലപിച്ചതു്'. "ക്രിസ്തുവേ! പണ്ടു് അങ്ങയെ ഒരു യഹൂദൻ വധിച്ചു. എന്നാൽ ഇന്ന് അങ്ങയെ ഓരോ ക്രിസ്ത്യാനിയും, വധിക്കുകയാണ്." എന്തർത്ഥവത്തായ ഒരു വാക്യം! ഓരോ അത്മായനും സന്മാർഗ്ഗത്തിൽ എത്തിച്ചേരുന്നതിന് സർവ്വശക്തൻ കനിയുമാറാകട്ടെ.

---

**1962-ൽ തിരുവനന്തപുരം, ബൻസിഗർ മെമ്മോറിയൽ ധ്യാനമന്ദിരത്തിൽ വച്ച് നടത്തിയ ധ്യാനങ്ങൾ**

| | | |
|---|---|---|
| വാർഷികധ്യാനങ്ങൾ: | 346 പുരുഷന്മാർക്ക് 6 | 149 സ്ത്രീകൾക്ക് 4 |
| മാസധ്യാനങ്ങൾ: | 40 പുരുഷന്മാർക്ക് 4 | 13 സ്ത്രീകൾക്ക് 1 |

ചെറുകഥ

# ശുണ്ഠിക്കാരി കുഞ്ഞേറതി

(അപ്പച്ചൻ കടവുങ്കൽ പുത്തൻപുര, പത്താംസ്റ്റാൻഡാർഡ്, എലഞ്ഞി ഹൈസ്കൂൾ)

ഏതാണ്ട് എട്ടുമാസത്തോളം സ്കൂളിൽപോയി വിഷമിച്ചിരുന്ന കുട്ടികൾക്ക് ഒരു ആശ്വാസം നല്കിക്കൊണ്ട് സമ്മർവെക്കേഷൻ ആഗതമായി. ആ സമയം ഭൂരിഭാഗം വൃക്ഷങ്ങളും ചെടികളും അവയുടെ ഫലം പുറപ്പെടുവിച്ചുതുടങ്ങും. കുട്ടികളുടെ നല്ലകാലം!

ദിവസവും രാവിലെ കുഞ്ഞച്ചനും തോമ്മാച്ചനും കന്നുകാലിയുമായി റബ്ബർതോട്ടത്തിൽ പോകും. ആ റബ്ബറിനിടയിൽ ഒരു ആനി നിൽപുണ്ട്. അതിൻെറ വിള! ഓക്കുമ്പോൾ വായിൽ വെള്ളം ഊറും.

"ചേട്ടാ"

"ഉം"

"കന്നുകാലിയേയും കൊണ്ടു മലയ്ക്കുപോകാം." ഒരു ദിവസം രാവിലെ തോമ്മാച്ചൻ കുഞ്ഞച്ചനെ വിളിച്ചു.

ഉടൻതന്നെ കുഞ്ഞച്ചൻ കന്നുകാലിയുമായി റബ്ബറിലേയ്ക്കുപോയി. റബ്ബറിലെ ആനിച്ചുവട്ടിൽ ഇരുവരും നില്പായി. അവർക്ക് ആനിയിൽ കയറത്തില്ല. അതിനാൽ അവർ മുകളിലോട്ടുനോക്കി നിൽപുറപ്പിച്ചു.

അങ്ങനെ അവർ ആനിച്ചുവട്ടിൽ നില്ക്കുമ്പോൾ മരങ്കേററത്തിനു പേരുകേട്ടവനായ കുഞ്ഞുവക്കി അതുവഴിവന്നു. എന്നാൽ അവൻെറ അമ്മ കുഞ്ഞേറതി അവനെ മരംകേറാൻ അനുവദിക്കുകയില്ല. മരംകേറിയതായി അറിഞ്ഞുപോയാൽ അവർ അവനെ തല്ലുകയും ശകാരിക്കുകയും ചെയ്യും. എന്നാലും കുഞ്ഞുവക്കി അമ്മ അറിയാതെ മരത്തിൽ കയറും.

തോമ്മാച്ചനോടും കുഞ്ഞച്ചനോടും അനുവാദം ചോദിച്ചിട്ട് കുഞ്ഞുവക്കി ആനിയിൽ കയറി വിള പറിച്ചു. കുഞ്ഞച്ചനും, തോമ്മാച്ചനും ധാരാളം വിള കൊടുത്തു. നാലുമണി ആയപ്പോൾ കുഞ്ഞുവക്കി അവൻെറ വീട്ടിൽ പോയി. അസ്തമനസൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേയ്ക്കു ചാഞ്ഞിറങ്ങിത്തുടങ്ങിയപ്പോൾ കന്നുകാലിയുമായി കുഞ്ഞച്ചനും തോമ്മാച്ചനും അവരുടെ വീട്ടിലേയ്ക്കും പോയി.

പിറേറദിവസവും കുഞ്ഞച്ചനും, തോമ്മാച്ചനും കന്നുകാലിയുമായി റബ്ബറിലേയ്ക്കുവന്നു. അന്നും ഉച്ചയാകാറായപ്പോൾ കുഞ്ഞുവക്കി ആനിയിൽ കയറാൻവന്നു. അപ്പോൾ കുഞ്ഞച്ചനും, തോമ്മാച്ചനും മുകളിലോട്ടുനോക്കി ആനിച്ചുവട്ടിൽ നിൽപുണ്ടായിരുന്നു. അവൻ ആനിയിൽ കയറി.

തലേദിവസം ഈ ആനിയിൽ കയറിയവിവരം എങ്ങനെയോ കുഞ്ഞേറതിച്ചേടത്തി അറിഞ്ഞു. അവർ മഹാ ശുണ്ഠിക്കാരിയാണ്; അതിനാൽ ഒരു വടിയുമായി റബ്ബറിലേയ്ക്കു വന്നു.

എന്നാൽ ഈ വിവരം കുഞ്ഞുവക്കി അറിഞ്ഞില്ല. ചുവട്ടിൽ നിൽക്കുന്ന കുഞ്ഞച്ചനും, തോമ്മാച്ചനും കുറെ വിള കൊടുത്തു. അനന്തരം കുഞ്ഞുവക്കി ഒരു വിള പറിച്ച് തൊണ്ടുപൊളിച്ചുകൊണ്ട് ആനിയുടെ കവരയിൽ ഇരുന്നു. ആ സമയം അവൻെറ നയനങ്ങൾ ഈ ബ്രഹ്മാണ്ഡത്തെ ഒന്നു ചുററി. അപ്പോൾ കുഞ്ഞേറതിച്ചേടത്തിയെ അവൻ കണ്ടു. കയ്യിലിരുന്ന വിള എങ്ങോട്ടോ എറിഞ്ഞശേഷം അവൻ പ്രാണവേദനയോടെ താഴേയ്ക്കു ഇറങ്ങി. പക്ഷേ! അവൻ താഴെയുള്ള കവരയ്ക്കൽ വന്നപ്പോഴേയ്ക്കും ഈററപ്പുലിപോലെ കുഞ്ഞേറതിച്ചേടത്തി എത്തിക്കഴിഞ്ഞു.

കുഞ്ഞച്ചൻ കുഞ്ഞുവക്കിയുടെ അപകടനില മനസ്സിലാക്കി. എങ്ങനെയെങ്കിലും കുഞ്ഞുവക്കിയെ രക്ഷിക്കണമെന്നു കരുതി കുഞ്ഞച്ചൻ ചിന്തിച്ചു. അവസാനം അവൻ ഒരു നിശ്ചയത്തിലെത്തി. അതെന്തെന്നോ?

കുഞ്ഞേറതിച്ചേടത്തിക്ക് ഇംഗ്ലീഷ് നല്ലവണ്ണമറിയാം. ആരെങ്കിലും ഇംഗ്ലീഷു സംസാരിക്കുമ്പോൾ സ്വല്പം തെററുണ്ടെങ്കിൽ അവരെ ശകാരിക്കുകയും തെററുതിരുത്തിക്കൊടുക്കുകയും കുഞ്ഞേറതിച്ചേടത്തിയുടെ സ്വഭാവമാണ്. അവരുടെ ഈ 'ശുണ്ഠി'മൂലമാണ് 'ശുണ്ഠിക്കാരി കുഞ്ഞേറതി' എന്ന പേരുതന്നെ അവർക്ക് സിദ്ധിച്ചത്.

ഈ വിവരം മനസ്സിലാക്കിയ കുഞ്ഞച്ചൻ കയ്യിലിരുന്ന നോട്ടുബുക്ക് നിവർത്തി കുറെ ഇംഗ്ലീഷുവാച

# ക്ലേശങ്ങൾ മധുമയമാക്കുക

(By a Sacred Heart Sister)

ക്ലേശങ്ങൾ നല്ലതല്ല—ചീത്തയുമല്ല. നിഷ്പക്ഷതയാണതിനുള്ളതു്. എന്നാൽ മനുഷ്യർക്കു് അതു നല്ലതാക്കാനും ചീത്തയാക്കാനും കഴിയും. കാൽവരിഗിരിയിലേയ്ക്കൊന്നു കണ്ണോടിക്കുക. മൂന്നുകുരിശുകൾ. മൂന്നിലും ഓരോരുത്തർ. മദ്ധ്യത്തിൽ നമ്മുടെ കർത്താവ്, ഇരുപാർശ്വത്തിലും രണ്ടു് അക്രമികൾ. മോഷണവും അക്രമവും കൊലപാതകവുംമൂലം പാപപൂരിതമായ ഒരു ജീവിതം നയിച്ചവരാണവർ. ഇടത്തുവശത്തെ കള്ളൻ കർത്താവിനെ അവഹേളിച്ചിരുന്ന ജനക്കൂട്ടത്തോടൊപ്പം കർത്താവിനെ പുച്ഛിക്കുകയാണു. എന്നാൽ വലത്തുവശത്തെ കള്ളൻ അവനെ ശകാരിക്കുന്നു: "ദൈവഭയം നിനക്കില്ലേ? ഓരേ ശിക്ഷയല്ലേ നാമെല്ലാം സഹിക്കുക. നമുക്കു രണ്ടുപേർക്കും നമ്മുടെ പ്രവൃത്തികൾക്കർഹമായ പ്രതിഫലമാണു് ലഭിച്ചിരിക്കുന്നതു്. എന്നാൽ ഈ മനുഷ്യൻ എന്തുകുറ്റമാണു് ചെയ്തതു്?" ഇത്രയും പറഞ്ഞതിനുശേഷം അയാൾ ഈശോയിൽ തനിയ്ക്കുള്ള വിശ്വാസം പ്രകടമാക്കുവാൻ "കർത്താവേ: അങ്ങു് അങ്ങയുടെ രാജ്യത്തിൽ ചെല്ലുമ്പോൾ എന്നേക്കൂടി സ്മരിക്കണമെ" എന്നു പ്രാർത്ഥിച്ചു. അപ്രതീക്ഷിതമായ ഒരു പ്രത്യുത്തരമാണു് അവനു് ലഭിച്ചതു്. "നീ ഇന്നു് എന്റെ കൂടെ പറുദീസായിലായിരിക്കുമെന്നു് ഞാൻ നിനക്കു് ഉറപ്പുതരുന്നു." അവൻ കുരിശിൽ നിന്നു് നേരെ സ്വർഗ്ഗത്തിലേയ്ക്കു് പോകുന്നു കണ്ടാലും ക്ലേശം കുരിശിനെ മധുമയമാക്കിയതു്. എന്നാൽ അപരനോ, കുരിശിനെ പാഴാക്കി. ഏററം നിന്ദ്യവും നികൃഷ്ടവുമായ ഒരു ജീവിതത്തിന്റെ അനന്തരഫലമായി തൂക്കുമരത്തിൽ കയറുകയും അവസാനനിമിഷത്തിൽ ഹൃദയം നൊന്തു പശ്ചാത്തപിച്ചു് കുരിശു തനിക്കർഹമായതെന്നു കരുതി ആശ്ലേഷിക്കുകയും ചെയ്ത ആ നല്ല കള്ളനും ഈശോയും തമ്മിൽ നടത്തിയ ആ കൊച്ചു സംഭാഷണം അകലെ മാറിനിന്നുകൊണ്ടു് ഈശോയുടെമേൽ തങ്ങൾക്കു ലഭിച്ച വിജയത്തിൽ മതിമറന്നാഹ്ലാദിച്ചിരുന്ന ഫരീസേയരും, യഹൂദപ്പുരോഹിതന്മാരും ശ്രവിച്ചിരുന്നെങ്കിൽ അവരുടെ അഭിപ്രായഗതിയ്ക്കു വലിയൊരുമാററം സംഭവിച്ചേനെ. ഇവിടെ രക്ഷകൻ പാപത്തെ അടിച്ചമർത്തുകയും പാപിയെ പിടിച്ചെടുക്കുകയും ചെയ്തു. വി. അഗസ്റ്റിൻ പറയുന്നതുപോലെ അവൻ ജീവിതകാലം മുഴുവൻ മോഷ്ടിച്ചു് മോഷ്ടിച്ചു് ഒടുവിൽ മോക്ഷവും മോഷ്ടിച്ചു് കൈവശപ്പെടുത്തി.

കുരിശിൽനിന്നു് ജീവനോടെ ആരെയെങ്കിലും ഇറക്കുന്നുണ്ടോ? ഇല്ല. നമ്മെയും ജീവിതക്ലേശങ്ങളാകുന്ന കുരിശിൽനിന്നു് ആരും ഇറക്കുകയില്ല. ആ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുകയാണു് നാം ഓരോരുത്തരും. കുരിശുകൂടാതെ—ക്ലേശങ്ങൾകൂടാതെ—ഈ ലോകജീവിതം സുസാദ്ധ്യമല്ല. ലോകത്തിൽ ഏതൊരു വ്യക്തിക്കും കഷ്ടതകൾ ദൈവം അനുവദിച്ചിരിക്കുകയാണു്. മാനവരാശിയ്ക്കു് അതു് പിതൃസ്വത്തായി ലഭിച്ചിരിക്കുകയാണു്. ഇഹലോക ജീവിതത്തിൽ വളരെ കഷ്ടതകളും പലതരത്തിലുള്ള ഉപദ്രവങ്ങളും സഹിക്കാനുണ്ടു്. നാം എവിടെ പോയി ഒളിച്ചാലും നിശ്ചയമായും അവ നമ്മെ പടികൂടും. നമ്മുടെ സ്നേഹനാഥനായ മിശിഹാ ജീവിച്ചിരുന്നപ്പോൾ ഒരു മണിക്കൂറെങ്കിലും കഷ്ടപ്പാടുകൾ അനുഭവിക്കാതിരുന്നിട്ടില്ല. പ

---

കങ്ങൾ ഉറക്കെ വായിച്ചു. അതു മുഴുവൻ തെററായിരുന്നു. കുഞ്ഞച്ചൻ അറിഞ്ഞുകൊണ്ടാണു് ഇപ്രകാരം തെററുവായിച്ചതു്.

കുഞ്ഞുവക്കിയുടെ നേരേപോയ കുഞ്ഞെറതി തിരിഞ്ഞുനിന്നു്, "നിന്റെ സാറാരാടാ," എന്നു ചോദിച്ചു അവനെ ശകാരിച്ചു. ഈ സമയം കുഞ്ഞച്ചൻ കൈകൊണ്ടു് കുഞ്ഞുവക്കിയോടു് പൊയ്ക്കൊള്ളാൻ ആംഗ്യം കാണിച്ചു. ഇതു കുഞ്ഞെറതി കണ്ടില്ല. ശരവർഷത്തിനുശേഷം അവർ ആനിച്ചുവട്ടിലേയ്ക്കുചെന്നു.

അവിടെ കുഞ്ഞുവക്കിയെ കാണാതെ അവർ കുഴങ്ങി. ആ സമയം കുഞ്ഞച്ചനും തോമ്മാച്ചനും ഉറക്കെ കൈകൊട്ടിച്ചിരിച്ചു. തന്റെ മണ്ടത്തരം മനസ്സിലാക്കിയ കുഞ്ഞെറതി കുഞ്ഞച്ചന്റെ ബുദ്ധിവൈഭവം ഓർത്തു് തലയും താഴ്ത്തി നടന്നു.

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ എരിഞ്ഞടങ്ങാറായി. കുഞ്ഞച്ചനും തോമ്മാച്ചനും കന്നുകാലിയുമായി വീട്ടിലേയ്ക്കും പോയി.

ന്യാത്മാക്കളിൽ ആർക്കാണ് കുരിശും കഷ്ടതകളും കൂടാതെ ഈ ലോകത്തിൽ ജീവിക്കാൻ കഴിഞ്ഞിട്ടുള്ളതു്? ആകയാൽ നാമെല്ലാം നമ്മുടെ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുകയാണ്. കർത്താവിനോടുള്ള സ്നേഹത്തെപ്രതി നമുക്ക് സഹിക്കാം. ഏതായാലും സഹിക്കണം— മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും. അതിനാൽ വി. കൊച്ചുത്രേസ്യാ പറഞ്ഞതുപോലെ നമുക്കു പുഞ്ചിരിതൂകിക്കൊണ്ടു് സഹിക്കാം. ഹൃദയതാപമുള്ളപ്പോഴത്തെ പുഞ്ചിരിയുടെ മാധുര്യം എത്ര ആസ്വാദ്യകരം.

കുരിശു് ആരും അന്വേഷിച്ചു് വാങ്ങേണ്ടാ. ഈശോ കുരിശിനെ ആവശ്യപ്പെടുകയല്ല ചെയ്തതു്. അന്നു് ആ നിശയുടെ നിശ്ശബ്ദതയിൽ തൻെറ പീഡാനുഭവരംഗത്തിൻെറ നിരാശ്രയത്വവും, ഭീതികളും വർദ്ധമാനമായപ്പോൾ ഒലിവുതോട്ടത്തിൽവെച്ചു് ഉൽക്കടമായ വേദനയോടുകൂടി അവിടുന്നു് നിലത്തു് കമിഴ്ന്നു് വീഴുന്നു. തൻെറ മഹോന്നതബലിയുടെ സമയം സമാഗതമാകുന്നു. യൂദന്മാരുടെ അധിക്ഷേപങ്ങളും ഭയാനകമായ പീഡനങ്ങളും, തൻെറ മരണവുമെല്ലാം അവിടുന്നു് മുൻകൂട്ടി കാണുന്നു. താൻ വഹിക്കേണ്ട പാപങ്ങളുടെ ഭാരം എന്തുമാത്രമെന്നു് അവിടത്തേയ്ക്കു് അനുഭവവേദ്യമായി. ആദത്തിൻെറ പാപം തുടങ്ങി ലോകാവസാനംവരെ മനുഷ്യർ ചെയ്യുന്ന എണ്ണമററ കൊലപാതകങ്ങൾ, അനീതി, അക്രമം, വ്യഭിചാരം, വഞ്ചന, ദൈവനിന്ദ, പരനിന്ദ മുതലായ പാപങ്ങളുടെ കൂമ്പാരം ലോകപാപത്തെ ഹനിക്കുന്ന ആട്ടിൻകുട്ടിയായ ക്രിസ്തുവിൽ അമർന്നു. പാപങ്ങളുടെ താങ്ങാനാവാത്ത ഭാരം അവിടുത്തെ അവശനാക്കി. കോപിപ്പിച്ച ദൈവനീതിയെ ഈശോ തനിച്ചാണു് അഭിമുഖീകരിക്കാൻപോകുന്നതു്. അതു് അവിടത്തെ തളർത്തി. തറയിൽ കിടക്കുന്ന യേശുവിനെ ഭയവും ആശങ്കയും ആവരണം ചെയ്തു. വേദനയുടെ രൂക്ഷതയാൽ രക്തം വിയർക്കുന്നു. അപ്പോൾ ഈശോ പ്രാർത്ഥിക്കുന്നു. "പിതാവെ! കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നു് നീക്കിത്തരണെ. എങ്കിലും എൻെറ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ." തൻെറ മനുഷ്യസ്വഭാവത്തിനു് ഈ കാസാ തിക്തകമായിത്തോന്നി. അതിനാൽ നിവൃത്തിയുണ്ടെങ്കിൽ ഈ നാഴിക നീങ്ങിപ്പോകാൻ പ്രാർത്ഥിച്ചു. രണ്ടു പ്രാവശ്യം പ്രാർത്ഥിച്ചു. രണ്ടാം പ്രാവശ്യം സ്വർഗ്ഗത്തിൽനിന്നു് ഒരു മാലാഖയെ പിതാവു് അയച്ചു—പക്ഷെ ഈ കാസാ നീക്കികളയാനായിരുന്നില്ല, യേശുവിനെ ആശ്വസിപ്പിക്കാനായിരുന്നു. പിതാവിൽനിന്നുകിട്ടിയ ആ ആശ്വാസത്തിൻെറയും ധൈര്യത്തിൻെറയും ഫലമായി പിതാവു് തനിക്കു് നിശ്ചയിച്ചുകൊടുത്തിരുന്ന കുരിശിനെ അവിടുന്നു് ആശ്ലേഷിച്ചു, ചുംബിച്ചു, തോളിലേററി, മരണത്തെ സ്വാഗതം ചെയ്തു. ഇതാണു് നാം അനുകരിക്കേണ്ട മാതൃക. സ്വർഗ്ഗീയ പിതാവു് നമുക്കു് നിശ്ചയിച്ചു തരുന്ന കുരിശിനെ സമാശ്ലേഷിക്കണം. വേറെ കുരിശു ചോദിച്ചു വാങ്ങേണ്ടാ. നമുക്കു് അനുയോജ്യമായ കുരിശാണു് ദൈവം നമുക്കു് തരുന്നതു്. അതു താങ്ങാനുള്ള കരുത്തും അവിടുന്നു് പ്രദാനം ചെയ്യും. പോരാത്തതു് ചോദിച്ചാൽ തരും.

സഹനത്തിൻെറ വില പ്രായേണ മൗനത്തെ ആശ്രയിച്ചിരിക്കുന്നു. സംസാരിക്കുമ്പോൾ ശക്തി നഷ്ടീഭവിക്കുന്നു. മൗനാനുഷ്ഠാനത്തിൽ ലഭിച്ച വരപ്രസാദസഹായത്താൽ വിശുദ്ധർ അവരുടെ കുരിശുകളെ ഈശോയോടുള്ള സ്നേഹത്തെപ്രതി വഹിച്ചിരുന്നു. നമ്മുടെ ക്ലേശങ്ങളെപ്പററി പറയാതിരിക്കുന്നതു് നമുക്കു് ഉപകാരപ്രദവും ശക്തിപ്രദായകവും ആകുന്നു. വേദനയാകുന്ന അനർഘദാനം നമുക്കു് ലഭിക്കുമ്പോൾ നാം കൂടുതൽ മൗനവും രഹസ്യവും പാലിക്കണം. ദൈവം നമുക്കു് സങ്കടം യാത്രയാക്കുമ്പോൾ ആണു് നാം തിരഞ്ഞെടുക്കപ്പെട്ടവരെന്നു് സ്പഷ്ടമാകുന്നതു്. പീഡാസഹനം നമ്മുടെ ദിവ്യനാഥൻെറ ഉററമിത്രമായിരുന്നു. എല്ലാ സങ്കടങ്ങൾക്കും ദിവ്യബലിവസ്തുവിനോടു് സാമ്യം ഉണ്ടു്. കുരിശിൻെറ പരിമളം അന്തരീക്ഷത്തിൽ ലയിച്ചുപോകാതിരിക്കുന്നതിനു് ജീവിതകാലത്തു് അതു് ഗോപനം ചെയ്യണം. അനുദിനകുരിശുകൾ അനാഘ്രാതവും അചുംബിതവുമായ വനകുസുമംപോലെ പ്രഭാതത്തിൽ ദിവ്യബലിയ്ക്കൊപ്പം അൾത്താരയിൽ സമർപ്പിക്കണം. വൈദികൻ വഹിക്കുന്ന കാസായിലും പീലാസായിലും അവ നിക്ഷേപിക്കുക. ദിവ്യനാഥൻെറ തിരുശരീരരക്തങ്ങളായി അവ രൂപാന്തരീഭവിച്ചുകൊള്ളും. അങ്ങനെ നമ്മുടെ ക്ലേശങ്ങളെ നമുക്കു് മധുരതരമാക്കാം.

പീഡകൾ സ്വാഭാവികമായി വെളിയിൽനിന്നു് അനുകമ്പ അന്വേഷിക്കുന്നതിനു് നമ്മെ പ്രേരിപ്പിക്കുന്നു. ഈ അനുകമ്പാന്വേഷണം കുരിശിൻെറ ഫലത്തെ നഷ്ടമാക്കുന്നു. അതുകൊണ്ടല്ലേ വി. ചെറുപുഷ്പം പറയുന്നതു്: "ആരുമറിയാതെ സഹിക്കുന്നതാ

# വിശുദ്ധകളുടെ പേരുകൾ

(തുടർച്ച)

(ഫാ. ഫിലിപ്പ് ഒ. സി. ഡി.)

122) *ഫെറോബ്രൊണിയാ:*-കന്യകയും രക്തസാക്ഷിയും. തിരുനാൾ: ജൂൺ 25. മെസൊപ്പൊട്ടേമിയായിൽ, സിബാപ്പൊളിസ് എന്ന സ്ഥലത്ത് കന്യാത്വവും, സത്യവിശ്വാസവും സംരക്ഷിക്കുന്നതിനുവേണ്ടി രക്തസാക്ഷിയായി മരണം പ്രാപിച്ചു.

123) *ഫെലിച്ചീസിമ:*-കന്യകയുംരക്തസാക്ഷിയും. തിരുനാൾ: ആഗസ്റ്റ് 12 ഇററലിയിൽ തുസിയാ എന്ന സ്ഥലത്ത് രക്തസാക്ഷിയായി മകുടം കൈവരിച്ചു.

124) *ഫെലിക്കുള:*-കന്യകയും രക്തസാക്ഷിയും. തിരുനാൾ: ജൂൺ 13. റോമാപ്പട്ടണത്തിൽ അർദെയത്തീനാ എന്ന തെരുവീഥിയിൽവച്ചു ഏററവും ക്രൂരമായ വിധം വധിക്കപ്പെട്ടു.

125) *ഫെലിസിററാസ്:*-രക്തസാക്ഷി. തിരുനാൾ: മാർച്ച് 6. കാർത്തേജ് എന്ന പട്ടണത്തിൽ ക്രൂരമൃഗങ്ങൾക്ക് ഇരയായി എറിയപ്പെട്ട് രക്തസാക്ഷിത്വം കൈവരിച്ചു. ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ അവൾ ഗർഭിണിയായിരുന്നു. ജയിലിൽ വച്ച് പ്രസവിക്കുമ്പോൾ അവൾ വേദനകൊണ്ട് കരഞ്ഞു. എന്നാൽ വന്യമൃഗങ്ങൾക്ക് ഇരയായി എറിയപ്പെട്ടപ്പോൾ അവൾ സന്തോഷിക്കുകയാണ് ചെയ്തത്.

126) *ഫീദെസ്:*-കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഒക്ടോബർ 6. ഫ്രാൻസിൽ ആജെൻ എന്ന സ്ഥലത്ത് രക്തസാക്ഷിയായി മരണം പ്രാപിച്ചു.

127) *ഫ്ളാവിയാ:*-കന്യകയും രക്തസാക്ഷിയും. തിരുനാൾ: മെയ് 7. ഇററലിയിൽ തെരസീനാ എന്ന സ്ഥലത്ത്, വേറെ പല കന്യകകളോടൊന്നിച്ച്, ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലത്ത് രക്തസാക്ഷിമകുടം കൈവരിച്ചു.

128) *ഫ്ളാവിയാനാ:*-കന്യക. തിരുനാൾ. ഒക്ടോബർ 5. സ്വ സഹോദരനും ആറാം പട്ടക്കാരനുമായിരുന്ന ഫിർമാത്തുസിനോടൊന്നിച്ച് ഭക്തജീവിതം നയിച്ച് കന്യകയായി ഫ്രാൻസിൽ ഭാഗ്യമരണം പ്രാപിച്ചു.

---

ണെനിക്കിഷ്ടം. സഹതാപം ലഭിക്കുമ്പോൾകുരിശിന്റെ മാധുര്യം എനിക്കു നഷ്ടപ്പെടുന്നു." ഇപ്രകാരം മൗനഭിത്തികളിൽ അടയ്ക്കപ്പെട്ട്, സ്നേഹത്തിന്റെ രഹസ്യങ്ങളാൽ സമ്പന്നരാക്കപ്പെട്ട്, സങ്കടത്തിന്റെ പ്രാർത്ഥനയാൽ സുരഭിലരായി, കുരിശിൽനിന്നുള്ള പ്രകാശത്താൽ പ്രശോഭിതരായി, ഗാനങ്ങൾ ആലപിച്ചുകൊണ്ട് നമുക്ക് സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ചരിക്കാം.

വി. ചെറുപുഷ്പം എഴുതിയിരിക്കുന്നു: "എന്റെ ആദ്യത്തെ കാൽവെയ്പുമുതൽ എന്റെ വഴികളിൽ റോസപുഷ്പങ്ങളെക്കാൾ കൂടുതലായി മുള്ളുകളാണ് ഞാൻ കണ്ടതു്. പീഡകൾ എന്നെ ആശ്ലേഷിക്കുവാൻ കൈവിരിച്ചുപിടിച്ചിരുന്നു. ആ കൈകളിൽ ആറ്റാഭപൂർവ്വം ഞാൻ അമർന്നിരുന്നു." പുണ്യവതി വീണ്ടും പറയുന്നു: "ഈ ലോകത്തിലെ പീഡകൾ വെറും ക്ഷണികങ്ങളത്രേ. കണ്ണടച്ചു തുറക്കുമ്പോൾ നാം നിത്യതുറമുഖത്തെത്തിക്കഴിയും. അവിടെ ഈ കുരിശുകൾ വല്ലതും ഉണ്ടോ? അവിടെ കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ആയ നിത്യാനന്ദമല്ലേ?" വി. പൗലോസ് മനോഹരമായ ഭാഷയിൽ പറയുന്നു. "നമുക്ക് വെളിപ്പെടുവാനിരിക്കുന്ന മഹിമയോട് ഇക്കാലത്തെ പീഡകൾ തുലനം ചെയ്യപ്പെടത്തക്കവയല്ല." എന്നാൽ ഭീരുക്കളായ നാം എമ്മാത്രം ആവലാതി പറയുന്നു!

കുരിശ് രണ്ടു തടിക്കഷണങ്ങളാണ്. ഒരു നീണ്ട തടിയും ഒരു കുറിയ തടിയും. ഈ നീണ്ടതടി ദൈവതിരുമനസ്സ്. കുറിയ തടി നമ്മുടെ മനസ്സ്—അതെ—സ്വാർത്ഥം. ദൈവതിരുമനസ്സിനു വിധേയമാകാതെ നമ്മുടെ മനസ്സ് വിലങ്ങനെ നില്ക്കുമ്പോഴാണ് കുരി

# കൊന്തയും ചിന്തയും

(ബ്രദർ പീയൂസ് സി. എസ്സ്. റ്റി.)

## മഹിമയുടെ രഹസ്യങ്ങൾ

### 1. ഈശോ ഉയൎത്തെഴുന്നേല്ക്കുന്നു.

യാതനയുടെ മനുഷ്യനായി ജീവിച്ചു ഗാഗുൽത്തായിൽ ബലിയർപ്പിക്കപ്പെട്ടു് അവിടെത്തന്നെ ഭ്രദാനം ചെയ്യപ്പെട്ട മിശിഹായെ നാം കണ്ടു. എന്നാൽ സഹിക്കുക, മരിക്കുക ഇതു രണ്ടുമായിരുന്നുവോ അവിടുത്തെ ജീവിതലക്ഷ്യം? അല്ല, മൎത്ത്യമനസ്സിനെ ഇക്കിളിയിട്ടുവിക്കുന്നതും ആവേശംകൊള്ളിക്കുന്നതും ആശ്ചര്യാവസരം നൽകുന്നതുമായ ചില സംഭവങ്ങൾക്കു ലോകം സാക്ഷിനിന്നു. നമുക്കും ആ കല്ലറയിങ്കൽ നോക്കിനിൽക്കാം പ്രത്യാശയോടെ.

പൊൻപുലരി പുതുരശ്മി വീശി ഉണൎന്നുവരുന്നതേയുള്ളൂ. അനേകർ ഇനിയും തങ്ങളുടെ ശയ്യാതലം വിട്ടിട്ടില്ല: ബലഹീനതയുടെ പ്രതീകങ്ങളായ മഹിളകളിൽ ചിലർ യരുശലേമിലെ നിശ്ശബ്ദമായ തെരുവീഥിയിലൂടെ ധൈര്യം പൂണ്ടവരായി, കിടാവു നഷ്ടപ്പെട്ട മാൻപേടപോലെ ധൃതിയിൽ നടന്നും ഇടക്കിടെ ഓടിയും പോകുന്നു. എങ്ങോട്ടു്?

പട്ടണത്തിനുവെളിയിലുള്ള ഒരു മട്ടക്കുന്നിലേയ്ക്കു്. എന്തോ അന്വേഷിക്കുന്നുണ്ടവർ. വഴിതെററാതെ ആ കല്ലറയിൽ എത്തി അവർ. അവർ തേടിയ നിധി അവിടെ കാണ്മാനില്ല. അവിടെ ഭ്രദാനം ചെയ്യപ്പെട്ട അവരുടെ—അല്ല—ലോകത്തിൻെറ നാഥൻെറ ശരീരം അവിടെ കാണ്മാനില്ല. അവർ അമ്പരന്നു, ആവലാതിപ്പെട്ടു.

എന്നാൽ നമുക്കു നോക്കാം മരിച്ചുപേക്ഷിക്കപ്പെട്ട ആ ശരീരം എവിടെ പോയിയെന്നു. ആ നീതിയുടെ സൂൎയ്യൻ, അനേകമനേകം അനീതികൾക്കു മൂകസാക്ഷി നിന്നിട്ടുള്ള പ്രഭാകരൻ പ്രകാശരശ്മി വിതറുന്നതിനുമുമ്പു്, കല്ലറവിട്ടു പുറത്തുപോയി. അതെ—മിശിഹാ മരിച്ചവരിൽനിന്നുയൎത്തെഴുന്നേററു: അനേകരുടെ പ്രതീക്ഷയും അഭിലാഷവും തകൎന്നു. മററു ചിലൎക്കോ തകൎന്ന പ്രതീക്ഷ കിളൎത്തു; ആശകൾ വഴിതുറന്നു.

അവിടുന്നു ഉയൎത്തിട്ടു എവിടെപോയി? നമുക്കും മഗ്ദലേനായോടുകൂടി അവിടുത്തെ അന്വേഷിക്കാം.

അങ്ങകലെ ഒരു ചെറുഭവനം. പ്രകാശം പ്രസരിക്കുന്ന ഒരു മനുഷ്യരൂപം. ഇതിനുമുമ്പു് ഇങ്ങനെ ഒന്നുണ്ടായിട്ടില്ല. ലോകത്തിനാസ്വദിക്കാനാവാത്ത സൗകുമാൎയ്യപ്രകാശപ്രസരണം. ബാലാക്കൻ മുഖംപൊത്തി നിൽക്കുകയാണു്—അത്ഭുതസ്തബ്ധനായി. ആരുണ്ടവിടെ വേറെ? ഏതാണ്ടു് മദ്ധ്യപ്രായം വരുന്ന ഒരു മഹിളാമണി. അവളുടെ മുഖം—ഹാ—ആനന്ദവും ആശ്ചൎയ്യതയും ഇററവീഴുന്നതു്. അവർ മററാരുമല്ല. അമ്മയും മകനും—ദൈവവും ദൈവത്തിൻെറ അമ്മയും. അവർ ആനന്ദാശ്ലേഷത്തിൽ അമരുകയാണു്. കാലിത്തൊഴിത്തിലെ 'ബലഹീനനാ'യ ശിശുവിനെ താലോലിച്ച ദരിദ്രകരങ്ങൾ, കുരിശിൻചുവട്ടിൽ മിശിഹായുടെ പ്രേതം ഏററുവാങ്ങിയ നൈൎഭാഗ്യകരങ്ങൾ—അല്ല നൈൎഭാഗ്യമോ?—ലോകത്തേയും സാത്താനേയും—ജയിച്ച മിശിഹായെ—ദൈവത്തെ—ആശ്ലേഷിക്കുന്ന കരങ്ങൾ. അവ എത്ര ധന്യങ്ങൾ! പീഡ ആശ്വാസത്തിൻെറയും മഹത്വത്തിൻെറ മുന്നോടിയാണു്.

---

ശാകുന്നതു്. വിധേയമായി നിന്നാൽ എങ്ങനെ കുരിശാകും. രണ്ടും സമാന്തരമായാൽ എവിടെ കുരിശു്?

ഇനിയും, കുരിശുകളെ നാം വീക്ഷിക്കുന്നതനുസരിച്ചായിരിക്കും അവയുടെ ഗുരുലഘുത്വം. രോഗിയായ സ്വന്തം കുഞ്ഞിനെ പരിചരിക്കുന്ന ഒരു മാതാവിനു് അതൊരു കുരിശല്ല. നേരെമറിച്ചു് അന്യകുഞ്ഞിനെ രാപകൽ ശുശ്രൂഷിച്ചാൽ അതു കുരിശാകും. ഇതാണു് കുരിശുകളുടെ സ്വഭാവം. "അതതു ദിവസത്തിനു് അതതിൻെറ പീഡമതി." എന്ന വേദോക്തി എല്ലാവരും ഓർക്കണം. ചിലർ കഴിഞ്ഞ കഷ്ടതകളും ഭാവിദുരിതങ്ങളും ഓൎത്തു ആകുലചിത്തരാകാറുണ്ടു്. എന്തിനു്? കഴിഞ്ഞതു കഴിഞ്ഞു പോയി. വരാൻപോകുന്നതു് നമ്മുടേതല്ല. ആ സ്ഥിതിയ്ക്കു് നാമെന്തിനു് അവയോൎത്തു ക്ലേശിക്കുന്നു? അന്നന്നത്തെ കുരിശുകൾ ക്രൂശിതനായ മിശിഹായോടുള്ള സ്നേഹത്തെപ്രതി വഹിക്കുന്ന ആത്മാവിനു് ഏറെ താമസിയാതെ അവ ലഘുവും മധുരവുമായി അനുഭവപ്പെടും.

—o—

കർത്താവിനെ ഒരു നോക്കു നമുക്കു കാണാം, അവിടുത്തെ കൈകളിലും കാലുകളിലും വിലാപുറത്തും പ്രകാശം പ്രസരിക്കുന്ന മുറിവുകൾ സ്വർണ്ണവർണ്ണമായ അവിടുത്തെ ശരീരത്തിന്റെ കാന്തിയുടെ മാററു കൂട്ടുന്നു. ആ മുറിവുകൾ അവിടത്തെ കീർത്തിമുദ്രകളാണ്. പാപികൾക്കഭയസ്ഥാനമാണ്. അതിൽ നമുക്കഭയം തേടാം.

അവിടുത്തെ ഇനിയൊരു മരണം അഭിമുഖീകരിക്കുകയില്ല. സമയത്തിന്റെ പരിധിയിൽനിന്നു അവിടുന്നു സ്വതന്ത്രനാണ്. സഹനവും അരിഷ്ടതയും അവിടുത്തെ ഇനി ക്ലേശിപ്പിക്കുകയില്ല. ബലഹീനനായ നിനക്കും ഈ വിശിഷ്ട വരങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യസ്വഭാവം സ്വർഗ്ഗംവരെ ഉയർത്തപ്പെട്ടിരിക്കുന്നു. കർത്താവെ! എനിക്കായി ഒരുക്കപ്പെട്ടിരിക്കുന്ന കിരീടം നഷ്ടമാക്കാതിരിക്കുവാൻ എന്നെ സഹായിക്കണമെ.

## 2-ാം രഹസ്യം

ഈശോ സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുന്നു

മുന്തിരിത്തോപ്പുകളാലും ഒലിവുമരങ്ങളാലും നിബിഡീകൃതമായ ഒരു ശാദ്വലപ്രദേശം. മനസ്സിനെയും ഹൃദയത്തെയും ഒരുമിച്ചു മേഘങ്ങൾക്കപ്പുറത്തേയ്ക്കുയർത്തുവാനുതകുന്ന ശാന്തത. പ്രതീക്ഷാനിറഞ്ഞ നയനങ്ങളോടും സ്നേഹത്താൽ വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങളോടും മൗനമുദ്രിതമായ അധരങ്ങളോടുംകൂടി ഏതാനും പേർ അവിടെ സമ്മേളിച്ചിട്ടുണ്ട്.

അവരുടെ ശ്രദ്ധയെ ഹഠാദാകർഷിക്കുന്ന ഒരു വ്യക്തി അവരുടെ മദ്ധ്യേ ഉണ്ട്. നമുക്കും അടുത്തുചെല്ലാം അങ്ങോട്ട്. അവരുടെ, അല്ല, നമ്മുടെ പ്രതീക്ഷയായ രക്ഷകനാണ് അവിടുന്നു. താൻ ലോകത്തിൽ വന്ന തന്റെ കൃത്യം നിർവ്വഹിച്ചു കൃതകൃത്യനായി മടങ്ങിപ്പോകുവാൻ ഭാവിക്കുകയാണ്. താൻ സ്വന്തമായി സ്വീകരിച്ചവരെ വിട്ടുപോകുന്നതിൽ അവിടുത്തേയ്ക്കുള്ള അല്പമല്ലാത്ത ഖേദം ആ മുഖകമലത്തിൽ കാണാൻപാടില്ലായ്കയില്ല.

ആ പുഞ്ചിരിപ്പൂനിലാവു പൊഴിയുന്ന അധരപുടങ്ങളിൽനിന്ന് ഇതാ ചില വാക്കുകൾ അടന്നുവീഴുന്നു. അതുമാത്രമാണവിടത്തെ ശാന്തതയെ മുറിപ്പെടുത്തിയതു്. അതെന്താണ്? "നിങ്ങൾപോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കാൻ അവരെ പഠിപ്പിക്കുവിൻ."

എന്താണ് അവിടുന്നു നമ്മോടു കല്പിച്ചിട്ടുള്ളതു്? ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ–ആ സ്നേഹത്തിന്റെ ലക്ഷണമോ– സ്വസ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതും. മററുള്ളവരെ നാം സ്നേഹിക്കണം. നമ്മുടെ സുഖവും നമ്മുടെ സൗകര്യങ്ങളും മുറിപ്പെടുത്താത്തിടംവരെയോ? അല്ല. സ്വയം ആഹുതിചെയ്തുകൊണ്ടു സഹോദരനെ സ്നേഹിക്കുക. ആധുനികലോകത്തിനു മനസ്സിലാക്കാൻ കഴിയാത്ത തത്വശാസ്ത്രം. സഹോദരസ്നേഹം സ്വർഗ്ഗപ്രാപ്തിക്കുപോലും അവശ്യാവശ്യമായി അവിടുന്നു പ്രഖ്യാപിച്ചു. ത്യാഗമില്ലാതെ സ്നേഹം സാദ്ധ്യമല്ലെന്നു അവിടുന്നു മുൻകൂട്ടി കണ്ടു. അതുകൊണ്ടാണ് അവിടുന്നു പറഞ്ഞതു്. "നിന്റെ കുരിശെടുത്തുകൊണ്ടു് എന്റെ പിന്നാലെ വരിക"–യെന്ന്. പാപപരിഹാരത്തിനു് ത്യാഗം ആവശ്യമാണ്.

"കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു." സർവ്വസമ്പത്തും ജഗത്തിൽ വിതറുന്ന ദിവ്യമായ തൃക്കരം തന്റെ കല്പന പാലിക്കുന്നവർക്കാശീർവ്വാദം നൽകുകയാണ്, അന്നും, ഇന്നും, നാളെയും. പീഡനങ്ങളിൽ അടിപതറാതെ, ജീവനുവേണ്ടി ജീവനുപേക്ഷിക്കാതിരിക്കുവാൻ.

അവിടുന്നു സ്വർഗ്ഗംപൂകി. നാം കേവലം കാഴ്ചക്കാരായി മാത്രം അവിടെനിന്നു പിൻതിരിയുകയോ? അല്ല. പ്രത്യുത മിശിഹായുടെ മഹിമാജീവിതം നമ്മുടേതുംകൂടിയാക്കപ്പെട്ടിരിക്കയാണ്. കേവലം ഒരു സ്വർഗ്ഗവാസം മാത്രമല്ല മിശിഹാ നമുക്കു വാഗ്ദാനം ചെയ്യുന്നതു്. എന്തെന്നാൽ ശിരസ്സിന്റെ മഹത്വത്തിൽ ശരീരത്തിന്റെ പ്രത്യാശ സ്ഥിതിചെയ്യുന്നു. ശിരസ്സായ മിശിഹാ ഉന്നത സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും മഹിമയിൽ വാഴുകയും ചെയ്യുന്നെങ്കിൽ നമുക്കും അവിടെ പ്രവേശിക്കുകയും മഹിമയോടെ വാഴുകയും ചെയ്യാം. ഭൗതികപറുദീസായിലെ വാസം പിശാചാൽ നഷ്ടപ്പെടുത്തിയെങ്കിൽ മിശിഹാ നമ്മെ തന്നോടു ഏകശരീഭവിപ്പിച്ചുകൊണ്ടു പിതാവിന്റെ വലത്തുഭാഗത്തു നമ്മെയും ആസനസ്ഥരാക്കുന്നു.

# ഒരു നിമിഷത്തേക്ക്

(എസ്. പി. മൂഞ്ഞപ്പിള്ളി, എറണാകുളം)

ശാശ്വതമായ ലോകസമാധാനത്തിനുവേണ്ടി രാഷ്ട്രങ്ങളും ചിന്തകന്മാരും തലപുകഞ്ഞാലോചിച്ചുകൊണ്ടിരിക്കുകയാണ്. വിദഗ്ദ്ധന്മാരായ പലരും പല പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. സർവരാഷ്ട്ര സമിതി മുതൽ ഏകലോകഗവർമ്മെൻറുവരെ ആശയങ്ങൾ പുരോഗമിച്ചിട്ടുണ്ട്. എന്നിട്ടും ഇവയെല്ലാം ബൈബിളിൽ പറയുന്ന ബാബേൽസൌധനിർമ്മാണം പോലെ അപ്രായോഗികങ്ങളായി പരിണമിക്കുന്നതേയുള്ളു.

സാമ്പത്തികസമീകരണം കൊണ്ടുമാത്രം ലോകത്തിനു സമാധാനം കൈവരുമെന്നു വിശ്വസിക്കാമോ? എല്ലാവരും ധനവാന്മാരായാൽ പിന്നെ ആരും അന്യന്റെ മുതൽ മോഷ്ടിക്കുകയും വഴക്കുണ്ടാക്കുകയും ചെയ്യില്ലെന്ന് എങ്ങനെ വിശ്വസിക്കാം? രാഷ്ട്രപതികളുടെ രാഷ്ട്രാന്തരീയ സന്ദർശനങ്ങളും സംയുക്തപ്രഖ്യാപനങ്ങളുംകൊണ്ട് ലോകസമാധാനം കൈവരുമോ?

### കറുത്തകണ്ണട

കണ്ണിനു കുളർമ്മ കിട്ടുവാൻ കാഴ്ചതന്നെ മൂടിക്കളയുന്ന കറുത്ത കണ്ണടയാണ് നാം ഉപയോഗിക്കുന്നത്. അതുകൊണ്ടു നോക്കിയാൽ എല്ലാം ഇരുണ്ടിരിക്കും. അതുപോലെയാണ് ഇന്നു സംഭവിക്കുന്നത്. മനുഷ്യനെ മനുഷ്യനായി നോക്കിക്കാണാനുള്ള കണ്ണടയ്ക്കാണ് കുഴപ്പം. അതുതന്നെയാണ് ഇന്നു ലോകത്തിൽ കാണുന്ന അസ്വാസ്ഥ്യങ്ങൾക്കു കാരണവും. മനുഷ്യൻ മനുഷ്യനെ മനുഷ്യനായി കാണണമെങ്കിൽ അഹന്തയുടേയും അവജ്ഞയുടേയും അവിശ്വാസത്തിന്റേയുമായ ആ കറുത്തകണ്ണട മാററി വസ്തുതകൾ നേരേ ചൊവ്വേ നോക്കിക്കണ്ടാലേ പററൂ. അവനവന്റെ കണ്ണിൽ തടിക്കഷണമായിരിക്കുമ്പോൾ, അന്യന്റെ കണ്ണിൽ അക്കപ്പൊടിയിരിക്കുന്നതിനെ വിമർശിക്കുന്ന ഫരിസേയന്മാരാണ് നമ്മളിൽ സിംഹഭാഗവും.

### വല്യതും ചെറുതുമായ മനുഷ്യൻ

വിശ്വമഹാമണ്ഡലത്തിന്റെ പരപ്പും ഗഹനതയും ആലോചിച്ചുനോക്കിയാൽ ആറടിപ്പൊക്കമുള്ള മനുഷ്യൻ എത്ര നിസ്സാരൻ! നിസ്തുല പ്രതാപോന്നതനായ ഹിമവാനെ ഒന്നു ശരിക്കു നോക്കുവാൻപോലും അവൻ അപ്രാപ്തനാണ്. വെള്ളിമേഘത്തിന്റേയും നീലാകാശത്തിന്റേയും സീമകളിലൂടെ പരന്നു പരന്നു കിടക്കുന്ന മഹാസമുദ്രത്തിന്റെ തീരത്തു നിൽക്കുന്ന മനുഷ്യന്റെ നിസ്വതയെപ്പററി ഓർത്തോർത്തു പൊട്ടിച്ചിരിക്കയാവാം ആ കുഞ്ഞലകൾ.

ശാസ്ത്രീയമായ ഒരു യുഗത്തിലാണ് നാമിന്നു ജീവിക്കുന്നതു. ശാസ്ത്രം ഇന്നു വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ഈ നേട്ടം ഭൌതിക ലോകത്തെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ സാരഥ്യം ഏതാണ്ടു പൂർണ്ണമയിൽ എത്തിച്ചിട്ടുണ്ട്. ചില പ്രകൃതിശക്തികളെ നിയന്ത്രിക്കുവാനുള്ള കഴിവ് മനുഷ്യൻ ഇന്നാർജ്ജിച്ചുകഴിഞ്ഞു. നക്ഷത്ര ചന്ദ്രഗോളങ്ങളേയും കാലത്തേയും ഇന്നു മനുഷ്യൻ കീഴപ്പെടുത്തിക്കൊണ്ടിരിക്കയാണ്. മനുഷ്യനിർമ്മിതമായ ഭീമാകാരയന്ത്രങ്ങൾ വമ്പിച്ച തോതിൽ ഉല്പാദനക്രിയ നടത്തിക്കൊണ്ടിരിക്കുന്നു. ഈ നേട്ടങ്ങളോടൊപ്പം നശീകരണ രംഗത്തും അത്ഭുതപൂർവ്വമായ നേട്ടങ്ങളാണ് മനുഷ്യൻ ഇന്നു കൈവരുത്തിയിരിക്കുന്നതു്. ഒരു ഞൊടിയിടകൊണ്ട് മനുഷ്യരാശിയെ മുഴുവൻ കത്തിച്ച് വെണ്ണീറാക്കാൻ പ്രാപ്തമായ ആയുധങ്ങൾ ഇന്നത്തെ ശാസ്ത്രജ്ഞന്മാർ സൃഷ്ടിച്ചുവച്ചിട്ടുണ്ട്.

പരമമായ ജീവിതലക്ഷ്യം ഇന്നു വിസ്മരിക്കപ്പെട്ടിരിക്കുകയാണ്. ലക്ഷ്യത്തിൽമാത്രം മനുഷ്യൻ വിശ്വസിക്കുന്നു. മാർഗ്ഗം അവന്റെ മുമ്പിൽ ഒരു പ്രശ്ന

---

അവിടുന്നു സ്വർഗ്ഗത്തിലേയ്ക്കു പോയതുകൊണ്ടു നാം ഏകാകികളോ? അല്ല. അവിടുന്നു പറഞ്ഞുവല്ലോ: ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ലെന്നു. അവിടുന്നു പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി ചെയ്യുന്ന പ്രാർത്ഥനയിൽ–“പരിശുദ്ധപിതാവെ! അങ്ങു എനിക്കു തന്നവരെ അങ്ങേ നാമത്തിൽ കാത്തുകൊള്ളണമെ....അവരും ഞാനായിരിക്കുന്നിടത്തു ആയിരിക്കുവാൻ ഞാൻ അഭിലഷിക്കുന്നു....” പ്രത്യാശ ഉറപ്പിച്ചുകൊണ്ടു ജീവിക്കാം നമുക്ക്.

മല്ല. ഈ പരിതസ്ഥിതിയിൽ മനുഷ്യൻ മൃഗമായി അധ:പതിക്കുന്നു.

രാജ്യങ്ങൾ ഇന്നു പരസ്പരം തുറിച്ചുനോക്കുകയാണ്, ശക്തിസംഭരണം നടത്തുകയാണ്, മെഗാടൺ ഭീഷണി മുഴക്കുകയാണ്. പക്ഷേ, ഭൂതത്തെ കുടം തുറന്നുവിട്ട മുക്കുവനേപ്പോലെ ഇന്നു മനുഷ്യൻ പരിഭ്രമിക്കുകയാണ്. അവൻ കണ്ടുപിടിച്ച വസ്തുക്കളുടെ നിയന്ത്രണം അവൻെറ പിടിവിട്ടുപോയിരിക്കുന്നു.

## മനുഷ്യയത്നം ആദി മുതൽ ഇന്നോളം

മനുഷ്യരാശിയുടെ ആരംഭംമുതൽ ഇങ്ങോട്ടുള്ള ഓരോ കാലഘട്ടത്തിലും അവൻെറ ഉദ്യമം അവൻെറ യാതനകൾക്കും വേദനകൾക്കും ഒരു അറുതി വരുത്തുക എന്നുള്ളതിനായിരുന്നു. എല്ലാ ആവശ്യങ്ങളും നിറവേററപ്പെടുന്ന, എല്ലാകഷ്ടപ്പാടുകളുടേയും ഉറവിടംതന്നെ ഇല്ലാതാകുന്ന ഒരു സമൂഹക്രമം കെട്ടിപ്പെടുക്കാൻ ആരംഭകാലം മുതൽതന്നെ മനുഷ്യൻ പരിശ്രമിക്കുന്നുണ്ട്. പ്രകൃതിയെ കീഴടക്കി വൻതോതിൽ ശക്തിസംഭരിച്ചു കഴിഞ്ഞപ്പോൾ ഈ ലക്ഷ്യപ്രാപ്തിയിൽ എത്തി എന്ന് ഒരു പക്ഷേ അവൻ ധരിച്ചിരിക്കാം. എന്നാൽ ഫലത്തിൽ ഉണ്ടായതോ? മനുഷ്യൻ സ്ഥിരമായ ഭയത്തിനടിമപ്പെട്ടു. അവൻെറ മാനസിക സ്വാസ്ഥ്യം നശിച്ചു. അവൻെറ ജീവിതക്ലേശങ്ങൾ വർദ്ധിച്ചു. ചിന്തകന്മാർ എന്നു അവകാശപ്പെടുന്ന പലരും ആത്മഹത്യയ്ക്കുള്ള അവകാശം അംഗീകരിച്ചുകിട്ടാൻവേണ്ടി പ്രക്ഷോഭണം ആരംഭിച്ചുകഴിഞ്ഞു.

ശാസ്ത്രം ഇത്രമാത്രം പുരോഗമിച്ചിട്ട്, ഉല്പാദനക്ഷമത ഇത്ര വമ്പിച്ച തോതിൽ വർദ്ധിച്ചു കഴിഞ്ഞിട്ട്, പ്രകൃതിയെ കീഴടക്കി മനുഷ്യൻ അപ്രമേയമായ ശക്തി സംഭരിച്ചു കഴിഞ്ഞിട്ട്, ഈ നേട്ടങ്ങളുടെ എല്ലാം പേരിൽ അഹങ്കരിക്കുന്ന മനുഷ്യൻ തല ഉയർത്തിപ്പിടിച്ച് നിന്നിട്ട് ഇന്നു ലോകത്തിലൊരിടത്തും സംതൃപ്തിയും സമാധാനവും കൈവരുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ അതൊരു വിചിത്രമായ വൈരുദ്ധ്യമല്ലേ? എവിടെയോ എന്തോ ചീഞ്ഞുനാറുന്നുണ്ട്. അതു മററൊന്നുമല്ല. മനുഷ്യൻ മനുഷ്യനെ മനുഷ്യനായി കാണുന്നില്ല. തൻെറ സൃഷ്ടികർത്താവായ ഈശ്വരനെ സ്നേഹിക്കുന്നില്ല. അറിവിൻേറയും സ്നേഹത്തിൻേറയും സമൃദ്ധിയുടേയും ആനന്ദത്തിൻേറയും ഉറവിടത്തിൽ മനുഷ്യൻ കാലുകുത്തിയിട്ടില്ല. അതു തന്നെ.

## ചരിത്രത്തിൻെറ ഗതി

ഈശ്വരനിൽ വിശ്വസിക്കുകയും ദൈവാശ്രയബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു യുവതലമുറയ്ക്കു് ചരിത്രത്തിൻെറ ഗതിയെത്തന്നെ മാററി എഴുതാൻ കഴിയും. സ്രഷ്ടാവിനെ അംഗീകരിക്കുകയും, മനുഷ്യ സാഹോദര്യത്തെ മാനിക്കുകയും ചെയ്യുന്നതുകൊണ്ട് ഒരു വിപ്ലവം സൃഷ്ടിക്കാൻ കഴിയുമെന്നും, വ്യക്തിത്വവും കുടുംബപവിത്രതയും അവശ്യം അംഗീകരിക്കപ്പെടുന്ന ഒരു സമൂഹക്രമം പടുത്തുയർത്താൻ സാധിക്കുമെന്നും എനിക്കു വിശ്വാസമുണ്ട്. ഈ യുഗം ശാസ്ത്രീയ പുരോഗതിയോടൊപ്പം ആത്മീയപുരോഗതിയുടേയും യുഗം ആയില്ലെങ്കിൽ ശാസ്ത്രവും സാങ്കേതിക നേട്ടങ്ങളും മനുഷ്യരാശിക്കു പ്രയോജനപ്പെടുവാൻ പോകുന്നില്ല. ഒരു പക്ഷേ അവ നാശകാരിയായി മാറിയേക്കാം.

—o—

---

**ഫെബ്രുവരിയിൽ.**

പൊതുനിയോഗം

**സുനഹദോസിനുവേണ്ടി ജോലി ചെയ്യുന്നവർ പരസ്പരസ്നേഹത്തോടും ധാരണയോടും കൂടി കത്തോലിക്കസഭയുടെ പൊതുനന്മ അന്വേഷിക്കുന്നതിനു്.**

മിഷ്യൻ നിയോഗം

**ഭൗതിക കാര്യങ്ങളിൽപോലും ജനങ്ങളുടെ ഐശ്വര്യത്തിനുവേണ്ടി മിശിഹായുടെ സഭ നൽകുന്ന സഹായം നവീന ആഫ്രിക്കൻ രാജ്യങ്ങളുടെ അധിപന്മാർ കാണുന്നതിനു്.**

# നയീമിലെ വിധവാപുത്രൻ പുനർജീവിക്കുന്നു

(ശ്രീ. ഏ. തോമസ്, കല്ലട.)

മണികാഞ്ചി

നിറവിധു സദൃശ്യനാം കോമളാകാരകൻ
മറയുടെ മഹത്ക്കാതലാം ജീവദായകൻ
കറയുടെ കഴൽപാടൊ, ടേറെറടുപ്പാൻ പാരിൽ
മറിയയുടെ ഗർഭത്തിൽ ജാതനായോൻ പരൻ.
ഒരു ദിനമിതാ തൻെറ ശിഷ്യസമ്പത്തുമായ്
പെരിയ ജനസഞ്ചയാൽ നീതനായും പരം.
പെരുമ കലരും നയീം പട്ടണദ്വാരമ—
ങ്ങൊരുമയിൽ, നടന്നടുത്തീടുന്ന വേളയിൽ.
അതുലമൊരു രോദനം കേൾപ്പതുണ്ടാരെയോ
പൊതുവിലൊരുക്കൂട്ടം ജനം ചുമന്നങ്ങനെ.
വിരവൊടു വരുന്നുണ്ടു സംസ്കരിപ്പാൻ ശവം,
ശരി, യവനൊരമ്മയ്ക്കൊരേമകൻ തന്നെയാം.
വിധിയുടെ വിധിത്തീർപ്പിനാലവന്നമ്മയോ
വിധവയുമത്രേ, ഹത ഭാഗ്യയും കഷ്ടമേ.
വ്യഥയുടെ കഠോരതയ്ക്കാവിരിമാറിലാ—
ഞ്ഞധികമിടിവെത്തുമാറക്കൈയടിച്ചിതാ
ശവമതു കിടത്തിടും മഞ്ചത്തൊടൊട്ടു—
ത്തവളവശ, പിന്നിലായ് മന്ദം വരുന്നഹാ!
പ്രിയതയുളവായിടും ബന്ധുമിത്രാദിക—
ളയുതമതുകൂടെയുണ്ടാകുലം പേറിയോർ.
അഴതഴത്തു കണ്ണീരിൽ മുങ്ങുമാസ്യത്തൊടും
അഴകെഴ മണിക്കുന്തൽ പാറിപ്പറത്തിയും
കഴലൊടു കണങ്കാലുമേന്തുമേസ്തംഭന—
ത്തഴതതുമതിടുപോലെത്രയും ദീനയായ്.

വിധുരയവളാഞ്ഞടുത്തീടുന്ന നേരമാ—
മധുമൊഴിയൊടിത്ഥം കഥിച്ചാൻ മഹേശ്വരൻ:
മതി മതി വിഷാദം, വിലോലനേത്രേശുഭേ,
മതി മുഖി പ്രരോദനം വേണ്ടിനി, ക്കാതരേ.
ഇദമരുളിയപ്പുരാൻശക്തിയാം തമ്പുരാ—
നദിതമനുകമ്പയാ തൊട്ടുമഞ്ചത്തിലായ്.
തദുപരിയൊരാജ്ഞാപനം ചെയ്തു, മാനുഷാ—
ഗത ഭയമെഴുന്നേല്ക്കു; മഞ്ചം കളഞ്ഞു നീ.
ചരമപുരിയെന്നേയ്ക്കുമായ് മറഞ്ഞോരവൻ
വിരവിനൊടു ജീവിച്ചെഴുന്നേററു, ഭാഷിതം
സരസ തരമെപ്പേരുമുററ കേൾക്കും പടി—
യരുളി, യഖിലം ജനം നിന്നിമേഷാക്ഷരായ്.
പരമ ഗുരുനായകൻ, പാരിന്നധീശ്വരൻ
പരമരുകിൽ നിന്നോരവർക്കത്തനുജനെ.
ഉരപെരുമുയിർ നൽകി, യേറെറടുത്തിട്ടിതാ
കരതലമതിങ്കലായേല്പിച്ചിതത്ഭുതം.
ജന, നിവഹമാകവേ, ചൊല്ലി; ചൊല്ലാന്നൊരീ—
മനുജനിവനേതോ പ്രവാചകൻ തന്നെയാം.
ഇനിയുമൊരുപക്ഷേ, സ്വയം ഭൂ, സ്വയം ജന—
ക്കനിവിനു മുതിർന്നു മുന്നേറിയെന്നും വരാം.
മറിയയുടെ പുത്രൻെറ മാനുഷീകത്വമീ—
നിറതിരിയതിൻ പ്രഭകെട്ടു, കെട്ടാറെയും
നിറമൊടു കൊളുത്തീട്ടു നവ്യമാം തേജസ്സി—
ന്നുറവു നിതാരം നൽകി, ധന്യമാക്കീഗൃഹം.

---

മാർച്ചിൽ

## പൊതുനിയോഗം

സൂനഹദോസ് ആഗ്രഹിക്കുന്ന വിധത്തിലുള്ള സഭയുടെ നവോത്ഥാനം ആരംഭിക്കുന്നതു് ആളുകളുടെ വ്യക്തിപരമായ നവീകരണത്തോടുകൂടിയാണെന്നു് എല്ലാ കത്തോലിക്കരും ഗ്രഹിക്കുന്നതിനു്.


## മിഷ്യൻ നിയോഗം

വിയററ്നാമിലെ കത്തോലിക്കർ അവരുടെ ജീവിതസന്മാതൃകയും പ്രേഷിതതീക്ഷ്ണതയും മൂലം, തങ്ങളുടെ സഹോദരരായ തദ്ദേശവാസികളെ ക്രിസ്തുവിലേയ്ക്കു് ആനയിക്കുന്നതിനു്.

# മഹർഷിയായ മന്ത്രി

(ശ്രീ. എൻ. സി. മാത്യു, സാഹിത്യവിശാരദ്, പൊൻകുന്നം)

കാലത്തിന്റെ തികവിൽ ഓരോരുത്തരും ഓരോ ജീവിതാന്തസ്സിൽ പ്രവേശിക്കും. ചിലരുടെ ആശകൾ നിറവേറുകയും ചിലരുടെ ആഗ്രഹങ്ങൾ നിഷ്കരുണം തള്ളപ്പെടേണ്ടതായി വരികയും ചെയ്യും. വൈദികനാകണമെന്നു വിചാരിച്ചവൻ ഗൃഹസ്ഥനാകാം. ഉയന്ന ഉദ്യോഗങ്ങൾ മോഹിച്ചവർ സവ്വസംഗപരിത്യാഗികളായ മഹിർഷിമാരാകാം. മനഃപരിവത്തനത്തിനു് അധികകാലം ആവശ്യമില്ല. സാഹചയ്യത്തിന്റെ പ്രേരണയും സഹവർത്തികളുടെ സദുപദേശവും, സന്മാതൃകയും കൂടി ചേരുമ്പോൾ സന്മനസ്സും



ലേഖകൻ

ദൈവത്തിന്റെ അനുഗ്രഹവും വഴി എന്തൊക്കെയാണു് ലോകത്തിൽ നടന്നിട്ടില്ലാത്തതു്? എന്തൊക്കെയാണു നടക്കുന്നതു്?

ഡോം പിയർ സലസ്റ്റീൻ ലൂററിസംഗ് ചൈനയുടെ പ്രധാനമന്ത്രിയായിരുന്നു. അവിടുത്തെ വിദേശകായ്യമന്ത്രിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. റഷ്യയിലേയും, നെതർലണ്ട്സിലേയും, വത്തിക്കാനിലേയും ചൈനീസ് സ്ഥാനപതിയായി പരിലസിച്ചിട്ടുമുണ്ടു്.

ലോകം ശാശ്വതമല്ലെന്നും, സുഖങ്ങൾ ക്ഷണികമാണെന്നും, നിത്യസൗഭാഗ്യത്തിൽ വിലയം പ്രാപിക്കേണ്ട ജീവിതം അവയിൽ വ്യാമോഹിച്ചു വ്യർത്ഥമാക്കരുതെന്നും അദ്ദേഹം ലോകത്തിനു വ്യക്തമാക്കി. സ്ഥാനമാനങ്ങളും, ലൗകികസുഖങ്ങളഖിലവും സന്ത്യജിച്ചു് പരമഭക്തനായ ഒരു സന്യാസിയായി ജീവിതം അവസാനിപ്പിച്ച അദ്ദേഹത്തിന്റെ ഉൽക്കൃഷ്ടജീവിതം പലകായ്യങ്ങളിലേയ്ക്കും നമ്മുടെ ചിന്തയ്ക്കു് വെളിച്ചം നൽകാതിരിക്കയില്ല.

1872-ൽ ഷാംഗേയിൽ ജനിച്ചു, ഒരു പ്രോട്ടസ്റ്റൻറ് ഉപദേശിയുടെ സന്താനമായിട്ടു്. ലൂവിനു് എട്ടുവയസ്സുള്ളപ്പോൾതന്നെ മാതാവു മരിച്ചു. 21-ാം വയസ്സിൽ അദ്ദേഹം ലെനിൻഗ്രാഡിൽ എത്തി. അന്നു് റഷ്യയിലെ ചൈനീസമ്പാസിഡറായിരുന്ന ഷൂക്കിംഗ് ചെനോടുകൂടി പതിന്നാലുവഷം താമസിച്ചു. തികഞ്ഞപണ്ഡിതനായിരുന്ന അദ്ദേഹവുമായുള്ള സഹവാസം ലൂവിനെ വിജ്ഞാനിയും സൽസ്വഭാവിയും ആക്കിത്തീത്തു. പരിതസ്ഥിതിയാണല്ലൊ മനുഷ്യനെ വളത്തുകയും തളത്തുകയും ചെയ്യുന്നതു്.

ലൂ ഒരു സ്വതന്ത്രചിന്തകനായിരുന്നു. അതുകൊണ്ടു് പരമ്പരയാ വിശ്വസിച്ചുവന്നിരുന്ന പ്രോട്ടസ്റ്റൻറ സഭയിൽ വിശ്വാസം കുറഞ്ഞു കത്തോലിക്കാസഭ മാത്രമാണു്, ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭ എന്നും അതിനു പുറമേ ആത്മരക്ഷ അപ്രാപ്യമാണെന്നും അദ്ദേഹം കണ്ടുപിടിച്ചു. "യൂറോപ്പിന്റെ ശക്തി സ്ഥിതിചെയ്യുന്നതു് അതിന്റെ സൈനിക സന്നാഹത്തിലൊ, അതിന്റെ ശാസ്ത്രീയപുരോഗതിയിലൊ അല്ല, പ്രത്യുത അതിന്റെ മതത്തിലാണു്" എന്നു് അദ്ദേഹം വ്യക്തമാക്കി. ദൃഢതരമായ കെട്ടുപാടോടുകൂടിയ ആ മതത്തെക്കുറിച്ചുള്ള പഠനം ലൂവിന്റെ അന്തക്കരണത്തിനു് നവീന ചൈതന്യം നല്കി.

ആയിടയിൽ മറെറാരു സംഭവംകൂടിയുണ്ടായി. യൗവനയുക്തനായ ലൂവിനു് ദാമ്പത്യജീവിതത്തിൽ അഭിനിവേശം ജനിച്ചു. ജീവിതമാഗ്ഗത്തിൽ യുവത്വമാകുന്ന വഴിത്തിരിവിൽ ലൂ എത്തിച്ചേന്നു. അവിടെനിന്നു് ഏതു വഴിക്കും തിരിയാം. സർവ്വസംഗപരിത്യാഗിയായ സന്യാസിയുടെ "കല്ലും മുള്ളും" നിറഞ്ഞ

പോലെ തോന്നുന്ന മാർഗ്ഗമോ, "അക്കരപ്പച്ച"യെന്നു തോന്നിക്കുന്ന ദാമ്പത്യമാർഗ്ഗമോ— ഇഷ്ടംപോലെ സ്വീകരിക്കാം.

ലൂവിന്റെ മനസ്സ് ഒരു കന്യകയിൽ അനുരമിച്ചു. അതും ഒരു കത്തോലിക്കാ വനിതയിൽ! പ്രോട്ടസ്റ്റൻറ വിശ്വാസികൾക്ക് കത്തോലിക്കരെ വലിയ പുച്ഛമാണ്. എന്തിനധികം— അവരുടെ വിവാഹം നടന്നു. ബേത്തുബോവി എന്നായിരുന്നു നവ വധുവിന്റെ നാമധേയം. തങ്ങൾക്കുണ്ടാകുന്ന സന്താനങ്ങളെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊള്ളാം എന്ന് ലൂവും സമ്മതിച്ചു.

മിശ്രവിവാഹം ചിലപ്പോൾ കുടുംബകലഹത്തിനും ഇരുവരുടേയും മതവിശ്വാസത്തിനും കോട്ടംതട്ടുന്നതിനും കാരണമായിത്തീരും. എങ്കിലും ഇവരുടെ വൈവാഹികബന്ധം അതിനൊരു അപവാദമായിരുന്നു. കുടുംബിനി അവളുടെ ഭവനകാര്യങ്ങളോടൊപ്പം തന്നെ മതകൃത്യങ്ങളും ക്രമംതെററാതെയും, ക്ഷീണം വരുത്താതെയും ശുഷ്ക്കാന്തിയോടുകൂടി ചെയ്തു. മതപരിവർത്തനത്തേപ്പററി ഒരക്ഷരം ഭർത്താവിനോടു സംസാരിച്ചില്ല. കത്തോലിക്കാസഭയുടെ അടിയുറപ്പും, വിശ്വാസദാർഢ്യവും, ആ മതം ആവശ്യപ്പെടുന്ന സഹനവും, സേവനവും എല്ലാം അവളുടെ ജീവിതത്തിൽ പകർത്തിക്കാണിച്ചു. സൂക്ഷ്മനിരീക്ഷകനായ അദ്ദേഹത്തിനു സഭാധർമ്മോപദേശം ചെയ്യാൻ അവളുടെ ആവക പ്രവർത്തനങ്ങൾക്കു ശക്തിയുണ്ടായിരുന്നു. പ്രസംഗങ്ങളെക്കാൾ എത്ര വലുതാണ് പ്രവൃത്തനം?

പക്ഷെ, ആ ദാമ്പത്യം അധികകാലം നീണ്ടുനിന്നില്ല, ലൂവിനെ അനപത്യതാദുഃഖത്തിൽ ആഴ്ത്തിയിട്ട് ബേത്തുബോവി പരലോകപ്രാപ്തയായി. ദുഃഖാർത്തനായ ലൂ ഐഹികവിരക്തനായി; സന്യാസാന്തസിൽ അഭിനിവേശമുണ്ടായി. 1927-ൽ അദ്ദേഹം വി. ബനഡിക്ടിന്റെ സന്യാസവസ്ത്രം സ്വീകരിച്ചു. 1928-ൽ നൊവിഷിയേററിൽ പ്രവേശിച്ചു പീററർ സലസ്റ്റീൻ എന്ന പേരിൽ. 1935-ൽ അദ്ദേഹം ഒരു വൈദികനായി. 1946-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ടിററലർ ആബട്ട് എന്ന സ്ഥാനം അദ്ദേഹത്തിനു നൽകി. ഒരു ചൈനാക്കാരന് ആദ്യമായിട്ടാണ് ആ മഹാസ്ഥാനം ലഭിച്ചത്. മൂന്നു വർഷത്തിനുശേഷം 1949 ജനുവരി പതിനഞ്ചാം തിയതി അദ്ദേഹം ദിവംഗതനായി.

# ദിവ്യാംബികയോട്

ഗാനം

(Fr. Younan O. I. C.)

"ആമലർ പൊയ്കയിൽ എന്ന മട്ട്"

അമ്മേ മറിയാമ്മേ, നന്ദിയോടീമക്കൾ
ചെമ്മെ കീർത്തിച്ചിടട്ടെ
ഇന്നുമെന്നും വന്ദ്യലോകൈകമാതാവേ
കന്യകെ കൈ തൊഴുന്നേൻ.

അനുപല്ലവി

മോക്ഷത്തിൽ മർത്ത്യരെ ചേർക്കുന്നപൊന്നേണി
നിൻമുഖം കാണട്ടെൻറമ്മെ
ഇന്നും നീ ശോകത്തിൻ നായികയോനിന്റെ
കണ്ണിണയെന്തേകലങ്ങാൻ.

ശോകമാം സിന്ധുവിൽ മുങ്ങിക്കുളിക്കുന്നോ—
ക്കാകുലമാററമെൻതായേ!
എൻമഹാപാപങ്ങൾ നന്മപ്രദായികെ
നിൻഖേദകാരണമായി.

ചരണങ്ങൾ

നിൻമകനോടിരന്നെൻമാഹപാപങ്ങൾ
നന്മയിൽ കേദാരമേ
വേണ്ടപോൽമോചിച്ചു രക്ഷിക്കുവാനമ്മെ
ചെമ്മെ സമർപ്പിക്കുന്നെ!

---

എങ്ങനെ അദ്ദേഹം ആ അത്യുന്നത പദവിയിലെത്തി? സന്മനസ്സും ദൈവത്തിന്റെ അനുഗ്രഹവും ഉണ്ടെങ്കിൽ എന്തെല്ലാം സാധിക്കുകയില്ല. സാഹചര്യങ്ങൾ എന്തെന്തു വ്യതിയാനം ജീവിതത്തിൽ ഉണ്ടാക്കാം?

ലൗകികങ്ങളായ സകലതും ക്ഷണികമെന്നുകരുതി എന്തിനു സന്യാസവസ്ത്രം സ്വീകരിച്ചു-? തന്റെ ആത്മരക്ഷയ്ക്ക് അതാണഭികാമ്യം എന്ന് ലോകത്തോടുപദേശിക്കാൻ! പ്രോട്ടസ്റ്റൻറ മതത്തിൽ ജനിച്ച ലൂ കത്തോലിക്കാപുരോഹിതനായതെങ്ങനെ? ദൈവത്തിന്റെ അനുഗ്രഹവും, സന്മനസ്സും കൊണ്ട്. ആരു് അദ്ദേഹത്തെ ആ പദവിയിൽ എത്തിച്ചു? നമുക്കു തീർത്തുപറയാം, അദ്ദേഹത്തിന്റെ ഇഷ്ടഭാര്യ എന്ന്. കത്തോലിക്കാ വനിതയ്ക്കനുസരണമായ അവളുടെ ജീവിതരീതികളും, അതിരും എതിരും ഇല്ലാത്ത അനുസരണയും, നിരന്തരമായ പ്രാർത്ഥനയുംമാത്രം. ദൈവാനുഗ്രഹവും, സന്മനസ്സും, സാഹചര്യത്തിന്റെ നന്മയും ഉണ്ടെങ്കിൽ ഇതിലധികവും ലോകത്തിൽ സാധിക്കും. തീർച്ചതന്നെ.

# കവിത

(ശ്രീ. സ്കറിയാ ഡി. ഉടിയംപ്ലാവൻ, മേരീലാൻഡ്)

അച്ഛമായ്ക്കാൺമു സർവ്വേശനേയും*

തൊട്ടിലാട്ടീടുന്നതള്ളയിൽക്കൂടി ഞാൻ
സ്പഷ്ടമായ്ക്കാണുന്നു സ്നേഹപൂരം;
കൂപ്പുകരമാന്നു പൈതൽതന്നേററവും–
കെല്പെഴും കൺകളിൽ വിശ്വാസവും;
വാനത്തുശോഭിക്കും മാരിവില്ലിൽക്കൂടി–
യാനന്ദദായകം സൗന്ദര്യവും;
തള്ളിമറിയുന്ന വാരിധിയിൽക്കൂടി–
വല്ലഭമായുള്ള ശക്തിവായ്പും;
പാടിപ്പറക്കുന്ന പൈങ്കിളിയിൽക്കൂടി–
യീടുററവായ്ക്കുമാസ്വാതന്ത്ര്യവും;
പാകിയവിത്തിൻ വളർച്ചയിൽക്കൂടിനൽ–
പ്പാകമായീടേണ്ടും സൽഫലവും:
ഉത്തമമിത്രത്തിൻ നഷ്ടത്തിൽക്കൂടിഹാ–
കത്തിയെരിയുന്ന സങ്കടവും;
നക്ഷത്രപൂർണ്ണമാമാകാശത്തിൽക്കൂടി–
യക്ഷയമാകുമനന്തതയും;
ഇച്ചൊന്നതൊക്കെയും കണ്ടമാർഗ്ഗത്തിൽ ഞാ–
നച്ഛമായ്ക്കാൺമു സർവ്വേശനേയും.

---

"ദേവസീമനിവസിച്ചിടാം"

നിത്യസത്യനിരയെല്ലുരിക്കുമക
താരിലോർത്തുദിവസങ്ങളെ–
സ്തുത്യമാർഗ്ഗമതിലേ നയിച്ചുവഴി
പോലെ നന്മകൾധരിക്കുകിൽ.

സ്തുത്യമായസുരലോക ഭാഗ്യമതു
നിത്യകാലമവകാശമാ–
യത്യനല്പമഹിമാവിയന്ന വില
ദേവസീമനിവസിച്ചിടാം.

---

* ജോൺ ബോവൻ എന്ന ഇംഗ്ലീഷുകവിയുടെ ഒരു കവിത. സ്വതന്ത്രപരിഭാഷ.

## പത്രാധിപക്കുള്ള കത്തുകൾ

1. Last Saturday's mail brought to me the current issue of "Carmel" Centenary. Very many thanks.

I have read the whole from cover to cover and enjoyed reading whatever I could understand and seeing the pictures that show the splendour of the celebrations of the Centenary.

I write this note not only to thank for your kindness, but also to show my appreciation for your labour in arranging the timely articles that go to make up the issue......

Carmelgiri–Alwaye, Very Rev. Fr. Aurelian
29—12—1962. O. C. D.

2. കർമ്മലീത്താസഭയുടെ ആന്തരികജീവിതപ്രബുദ്ധത ലോകത്തെ കോൾമയിർകൊള്ളിക്കുന്നുണ്ടെന്നും ലോകത്തിന്റെ അസ്തിത്വം ധ്യാനജീവിതം നയിച്ചും പ്രായശ്ചിത്തം ചെയ്തും കഴിയുന്ന സന്യാസസഭകളുടെ സുസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതെന്നും പറയുവാൻ ഞാൻ അശേഷം മടിക്കുന്നില്ല. മർത്തായെ പ്രശംസിക്കുകയും മറിയത്തെ പുച്ഛിക്കുകയും ചെയ്യുന്ന ആധുനികലോകത്തിന്റെ മുമ്പിൽ കർമ്മലീത്താ ഒന്നാം സഭപോലുള്ള സന്യാസസഭകൾ ഒരു പാഴ്പണിയോ–പാഴ്ജീവിതമോ–ആയി പ്രത്യക്ഷപ്പെട്ടേയ്ക്കാം. സത്യം നഗ്നമായി വെളിപ്പെടുന്ന ഒരുദിവസം വരും.

സമംഗളം ആഘോഷപരിപാടികൾ പര്യവസാനിക്കുവാൻ ഇടയാക്കിയ ദൈവത്തിനു നന്ദിപറയുകയും അതിനു കരുക്കളായിത്തീർന്നനിങ്ങളേവർക്കും എന്റെഅനുമോദനങ്ങൾ നേരുകയും ചെയ്തുകൊള്ളുന്നു.

കാർമ്മലിനും കർമ്മലസഭയ്ക്കും ഈ വിനീത സോദരന്റെ പ്രാർത്ഥനാഞ്ജലി.

മൂക്കന്നൂർ, ബ്രദർ പയസ്സ്, സി. എസ്സ്. റ്റി.
29-10-1962.

# ഈ ലക്കത്തിൽ


| | | വശം |
|---|---|---|
| 1. | പത്രാധിപക്കുറിപ്പ്: നമ്മുടെ യുദ്ധത്തിൽ നാം വഹിക്കേണ്ട പങ്ക് ... ... | 1 |
| 2. | ഈശ്വരസാക്ഷാൽക്കാരം (റവ. ഫാ. ആൻറനി ഒ. സി. ഡി.) ... ... | 3 |
| 3. | ഭൂമിയിൽ സ്വർഗ്ഗം പ്രതിബിംബിക്കുകയാണോ? (ജെ. ജോസഫ്, കണ്ടത്തിൽ) . ... | 9 |
| 4. | പൗളീനോസ് പാതിരിയുടെ ഒരു വിശിഷ്ട കാവ്യം (ഇ. ആർ. ഡി. നമ്പൂതിരി) ... | 11 |
| 5. | കൽവാരിയിലേയ്ക്കുള്ള ദൈവവിളി (എഡ്വേർഡ് റൊഡ്രീക്സ്, തലശ്ശേരി) ... | 13 |
| 6. | ആ മഹാസംഭവം (കുമാരി കെറുബീന എയിൻജൽ) ... ... ... | 16 |
| 7. | ഇന്നത്തെ ലോകത്തിൽ ആത്മായ യുവാക്കളുടെ കടമ (എക്സ്. ഫ്രെഡി ഡിസിൽവാ) ... | 19 |
| 8. | ശുണ്ഠിക്കാരി കുഞ്ഞെറതി (ചെറുകഥ) (അപ്പച്ചൻ, കടവുങ്കൽ പുത്തൻപുര) ... ... | 21 |
| 9. | ക്ലേശങ്ങൾ മധുമയമാക്കുക (By a Sacred Heart Sister) ... ... ... | 22 |
| 10. | വിശുദ്ധകളുടെ പേരുകൾ (റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.) ... ... | 24 |
| 11. | കൊന്തയും ചിന്തയും (ബ്രദർ പിയൂസ്, സി എസ്സ് ററി.) ... ... | 25 |
| 12. | ഒരു നിമിഷത്തേയ്ക്ക് (ശ്രീ എസ്. പി. മൂഞ്ഞപ്പിള്ളി, എറണാകുളം) ... ... | 27 |
| 13. | നയീമിലെ വിധവാപുത്രൻ പുനർജ്ജീവിക്കുന്നു (ശ്രീ. എ. തോമസ്, കല്ലട) ... | 29 |
| 14. | മഹർഷിയായ മന്ത്രി (ശ്രീ. എൻ. സി. മാത്യു, പൊൻകുന്നം) ... ... | 30 |
| 15. | ദിവ്യാംബികയോട് (ഗാനം) (റവ. ഫാ. മൌനാൻ, ഒ. ഐ. സി.) ... ... | 31 |
| 16. | കവിത (ശ്രീ. സ്കറിയാ ഡി. തുടിയംപ്ലാവൻ) ... ... ... | 32 |
| 17. | പത്രാധിപക്കുള്ള കത്തുകൾ. ... ... .. ... | 32 |



# കാർമ്മെൽ അപ്പസ്തോലിക്ക് സ്ക്കൂൾ

## എറണാകുളം—ഏററുമാനൂർ

കർമ്മലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിൽ ചേർന്ന് പ്രാർത്ഥനാപരവും ത്യാഗസമ്പൂർണ്ണവും മരിയാനുപിതവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ട് ദൈവത്തെ അത്യധികം സ്നേഹിക്കുന്നതിനും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അനുസരണം ആവശ്യപ്പെടുന്ന ബാഹ്യ ജോലികൾ ചെയ്യുന്നതിനും ആഗ്രഹിക്കുന്ന നിയോഗശുദ്ധരും, ഉദാരമതികളും, ഉത്സാഹശീലരും, ആരോഗ്യവാന്മാരുമായ സ്കൂൾഫയനൽ & കോളേജു വിദ്യാർത്ഥികൾ നേരത്തെ താഴെ കാണുന്ന മേൽ വിലാസത്തിൽ ഏതിലെങ്കിലും അപേക്ഷിക്കുവിൻ.

viii, ix സ്റ്റാൻഡേർഡുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

Rev. Fr. Director,
Carmel Apostolic School.
St. Teresa's Carmelite Monastery,
Banerji Road, Ernakulam-8.

Very Rev. Fr. Provincial,
,Carmel Hill Monastery
Trivandrum-14.

Rev. Fr. Director,
Cherupushpa Bhavan,
Parolickal—Ettumanoor,
Athirampuzha P. O.

Lic. No. 581 CARMEL Telephone No. 2286


# തിരുവസ്ത്രത്തിന്റെ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിന് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസന് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസന് 1 ക. 12 ന. പ. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണ് സാധാരണയായി ഉത്തരീയത്തിന് ഉപയോഗിച്ചിരിക്കുന്നത്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്ക് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-14.

---

മനോഹരങ്ങളായ ക്രിസ്തുമസ് കാർഡുകൾ, പടങ്ങൾ, കൊന്തകൾ, കലണ്ടറുകൾ, കാശുരൂപങ്ങൾ, ലോക്കറ്റ്സ് മുതലായ ഭക്തസാധനങ്ങൾക്കും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള നല്ലനല്ല പുസ്തകങ്ങൾ (കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ)ക്കും ഞങ്ങളെ സമീപിക്കുക.

പുതിയ പുസ്തകം

നിഷ്പാദുക കർമ്മലസഭയുടെ നിർമ്മാതാക്കൾ. വില ക. 1, 50

മറിയാനുകരണം–പുതിയ പതിപ്പ് വില 50 ന. പ.

വി. കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതം

രണ്ടാംപതിപ്പ്–വില 3½ കയും. 5 കയും.

വി. അമ്മത്രേസ്യായുടെ Interior Castle മലയാളത്തിൽ തയ്യാറായി വരുന്നു.

കച്ചവടക്കാർക്കും മൊത്തമായി വാങ്ങുന്നവർക്കും നല്ല കമ്മീഷൻ.

**കാർമ്മൽ ബുക്ക് സ്റ്റാൾ**

തിരുവനന്തപുരം – 14.

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിന് മുൻകൂർ 1 രൂ.50ന.പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ച്:–മാനേജർ, "കാർമ്മൽ", സെന്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-14

ലേഖനങ്ങൾ സംബന്ധിച്ച്:—പത്രാധിപർ, "കാർമ്മൽ", കാർമ്മൽഹിൽ, തിരുവനന്തപുരം-14


---


*Imprimi potest:*
V. Rev. Fr. Thaddaeus, O. C. D.
Vice Provincial.

*Nihil obstat:*
Censors: Rev. Fr. Pius, O. C. D.
,, Rev. Fr. Vincent, O. C. D.

Edited by Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, for the Proprietors: Discalced Carmelite Fathers of the Province of Malabar.